Registered No. M. 5819 Licence No. 445. 12-7-45.

THE TREASURY OF KNOWLEDGE

ജ്ഞാനനിക്ഷേപം

Vol. LIX | ആഗസ്റ്റ് 1956 | No. 8

സുവിശേഷഭാഷിണിയും കുടുംബപ്രിയവാദിനിയും
കൂടി ചേർന്ന

സംയുക്ത സഭാമാസിക



AUG.


അവനിൽ
ജ്ഞാനത്തിന്റെയും
പരിജ്ഞാനത്തിന്റെയും
നിക്ഷേപങ്ങൾ
ഗൂഢമായിരിക്കുന്നു.

കൊലൊ. ൨. ൩.

1956

വരിസംഖ്യ
ആണ്ടിൽ 1 രൂ. 12 ണ. മാത്രം
പ്രതമാസം 8ം പ്രസിദ്ധപ്പെ
ടുന്നതു്

The Diocesan Publication Department.
Rev. C. K. John. Managing Editor, C. M. S. Press, Kottayam



ഡേവിഡ് ലിവിംഗ്സ്റ്റൻ ആഫ്രിക്കയിലെ മിഷ്യനറിയായിരുന്ന കാലത്തു ഉപയോഗിച്ചിരുന്ന ഒരു കെട്ടിടം. (റവ. കെ. എം. ജോൺ അയച്ചു തന്ന ചിത്രം.)

ആഗസ്റ്റു മാസത്തെ പഞ്ചാംഗം

കന്നു. (കർക്കടകം ൨൫) തൃതീ. പി. ൮൭-ാം ഞായറാഴ്ച. സങ്കീ. ൫൩. ൫൭; ൨ രാജാ. ൫; ലൂക്കൊ. ൯. ൫൭ മുതൽ.

കൻന്നു. (ചിങ്ങം ൧) തൃതീ. പി. ൮൭-ാം ഞായറാഴ്ച. സങ്കീ. ൧൫. ൧൯; ൨ രാജാ. ൮൨. ൮൯ മുതൽ; ലൂക്കൊ. ൧൰—൨൫.

൨൯നു. (ചിങ്ങം ൨൯) വെ. ബർത്തലോമായുടെ നാൾ.

൩൧നു. (ചിങ്ങം ൩൰) തൃതീ. പി. ൮൯-ാം ഞായറാഴ്ച. സങ്കീ. ൯൬; ൨ രാജാ. ൩൨; ലൂക്കൊ. ൧൪. ൧൯—൩൰. ൬൬.

സെപ്തം. ൧നു. (ചിങ്ങം ൧൭) തൃതീ. പി. ൯൧-ാം ഞായറാഴ്ച. സങ്കീ. ൯൩. ൯൭; എസ്രാ ൬. ൬—൨൨; ൧ അ. ലൂക്കൊ. ൯. ൧൭ മു.

൩നു. (ചിങ്ങം ൨൧.) തൃതീ. പി. ൯൩-ാം ഞായറാഴ്ച. സങ്കീ. ൨൧. ൨൩; മാനീ ൧; ലൂക്കൊ. ൧൰. ൫൯—൬൰. ൨൧.

C. M. S. P.—220—2400—7-8-1956.
PRINTED AND PUBLISHED BY C. M. ITTY, AT THE C. M. S. PRESS
KOTTAYAM

THE TREASURY OF KNOWLEDGE

ജ്ഞാനനിക്ഷേപം

Vol. LIX | AUGUST 1956 | No. 8

BISHOP'S LETTER

ബിഷോപ്പുതിരുമനസ്സിലെ കത്ത്

കർത്താവിൽ വാത്സല്യമുള്ളോരെ,

ഇന്നു മഹായിടവക രൂപീകരിക്കപ്പെട്ടിട്ടു എഴുപത്തിഏഴു വർഷങ്ങൾ തികഞ്ഞിരിക്കുന്നു. ഇതിനിടയിൽ എത്ര വലിയ സംസ്കാരാഭിവൃദ്ധിയാണു ഈ രാജ്യത്തിനും, ജനത്തിനും, ക്രൈസ്തവസഭയ്ക്കും ഉണ്ടായിട്ടുള്ളതു എന്നതു നമ്മുടെ ഇടയിൽ പ്രായമുള്ളവർക്കു ഓർപ്പാൻ സാധിക്കും. പ്രതിദിനം മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു, ചെറുപ്പായക്കാരായ പലർക്കും പൂർവ്വസ്ഥിതിഗതികൾ നല്ലവണ്ണം ഗ്രഹിപ്പാൻ സാധിക്കയില്ലായിരിക്കും. ഞാൻ അടുത്ത അവസരത്തിൽ ഒരു സ്ഥലം സന്ദർശിച്ചപ്പോൾ ഏകദേശം അറുപതു വർഷങ്ങൾക്കു മുമ്പുണ്ടായ ഒരു സംഭവം ഒരാൾ എന്നെ ഓർപ്പിച്ചു. ആ സ്ഥലത്തുള്ള നമ്മുടെ സഭ ആരംഭിച്ചിട്ടു കുറച്ചു കാലംമാത്രമെയായിരുന്നുള്ളൂ. അങ്ങോട്ടു ശരിയായ വഴി ഒന്നുമില്ലായിരുന്നു. വഴിവെട്ടിയുറപ്പിക്കുന്നതിനു ആ ദേശവാസികൾക്കു വിരോധവുമായിരുന്നു. എന്നാൽ കെയിലി ആയ്ച്ച് ഡീക്കൻ അവർകൾ കുതിരപ്പുറത്തു സവാരിചെയ്തു അവിടെ ചെന്ന ആളുകളെ വിളിച്ചുകൂട്ടി കുതിര സവാരി ചെയ്യുവാൻപോകുന്ന ആ പാതയിൽക്കൂടെ വഴി വിസ്താരമായി വെട്ടുന്നതിനു ആജ്ഞാപിച്ചു മുമ്പായിപോയി. ഏകദേശം ഒരു മൈലോളം ദൂരം വരുന്ന വഴി വിസ്താരമായി അന്നു തീർന്നുകിട്ടി. ഇപ്പോൾ ലൈൻബസ്സു ആ വഴി ഓടിക്കൊണ്ടിരിക്കുന്നു. വലിയ സൌകര്യങ്ങൾ ലഭിച്ചുപോരുന്നു. ഏതെല്ലാം പ്രകാരത്തിൽ—സാമൂഹ്യമായും സാമുദായികമായും, സാമ്പത്തികമായും, വിദ്യാഭ്യാസപരമായും എല്ലാറ്റിലും പ്രത്യേകിച്ചു ധാർമ്മികമായും ആത്മികമായും, പ്രത്യക്ഷമായും, പരോക്ഷമായും നാട്ടിനും നാട്ടുകാർക്കും ലഭിച്ചിട്ടുള്ള സംസ്കാരവും ധനവുമായ അനുഭവങ്ങളും ചിന്തിക്കുന്നതിൽ നിന്നു കേട്ടു ഗ്രഹിക്കുന്നതു അത്യാവശ്യം തന്നെ. നന്ദിയും പ്രത്യാശയും ഉള്ളവരായി ജീവിപ്പാനും പ്രവർത്തിപ്പാനും പൂർവ്വസ്മരണകൾ ഈ തലമുറയിലുള്ളവരെ പ്രാപ്തിപ്പെടുത്തും എന്നതിനു തർക്കമില്ല. ഇനിയും സാധിപ്പാൻ എന്തെല്ലാം സംഗതികളുണ്ടു എന്നോർത്തു ഉത്കണ്ഠാചിത്തരായി ഭാവിയെ വീക്ഷിപ്പാൻ അവനുള്ള സഹായിക്കയും ചെയ്യും. ഭാവിയിലുള്ള പ്രവർത്തനത്തിനുവേണ്ടി എളിമയോടെ നമുക്കു നമ്മെത്തന്നെ കർത്താവിന്റെ മഹത്വത്തിനും അവന്റെ സഭയുടെ കെട്ടുപണിക്കുമായി പ്രതിഷ്ഠിച്ചുകൊടുക്കാം.

ഭാരതത്തിലെ ക്രിസ്തീയ പ്രസ്ഥാനം ഒരു പരിശോധനാസന്ധിയിലേക്കു വന്നുചേർന്നിരിക്കുന്നു. പ്രൊട്ടസ്റ്റന്റു മിഷ്യൻ പ്രവർത്തനം ഭാരതത്തിൽ ആരംഭിച്ചതിന്റെ അഞ്ചാം സുവർണ്ണജൂബിലി ആഘോഷങ്ങൾ കൊണ്ടാടിയിരിക്കുന്ന ഈ ഘട്ടത്തിൽ തന്നെയാണു മദ്ധ്യപ്രദേശത്തു നിയമിക്കപ്പെട്ടിരുന്ന കമ്മീഷ്യൻ മിഷ്യനറി പ്രവർത്തനത്തെപ്പറ്റി ഒരു റിപ്പോർട്ടു സമർപ്പിച്ചിരിക്കുന്നതു എന്നോർക്കുമ്പോൾ ക്രൈസ്തവമിഷ്യനറിയത്നം സംബന്ധിച്ചു ഈ നാട്ടിലുള്ള ക്രൈസ്തവർക്കു ആത്മപരിശോധനയ്ക്കും ആത്മസമർപ്പണത്തിനും ആത്മാർത്ഥമായും അകമഴിഞ്ഞ

ഏകാഗ്രതയോടെയും ക്രിസ്തുവിനു വേണ്ടിനില ഉറപ്പിച്ചുകൊണ്ട് അവനെ ഉയർത്തി കാണിക്കുന്നതിനുള്ള ഒരു വെല്ലുവിളിയും ക്ഷണവുമായി ഇതിനെ കരുതേണ്ടതു അത്യാവശ്യമാകുന്നു. നമുക്കു ലഭിക്കുന്ന അവസരങ്ങളെ തക്കത്തിൽ ഉപയോഗിക്കാഞ്ഞാൽ ഉണ്ടാകാവുന്ന ഭവിഷ്യങ്ങളിൽ ഒന്നാണു ഇപ്പോഴത്തെ ഇപ്രകാരമുള്ള പരിതസ്ഥിതി. യെഹെസ്കേൽ പ്രവാചകന്റെ ദുതിന്റെ ചില ഭാഗങ്ങൾക്കു വളരെ സാംഗത്യമുണ്ടല്ലൊ. "അവർ നിന്റെ അടുക്കൽ വന്നു എന്റെ ജനമായിട്ടു നിന്റെ മുമ്പിൽ ഇരുന്നു നിന്റെ വചനങ്ങളെ കേൾക്കുന്നു. എന്നാൽ അവർ അവയെ ചെയ്യുന്നില്ല. വായ്കൊണ്ടു അവർ വളരെ സ്നേഹം കാണിക്കുന്നു. ഹൃദയമൊ ദുരാഗ്രഹത്തെ പിന്തുടരുന്നു.....അവർ നിന്റെ വചനങ്ങളെ കേൾക്കുന്നു. ചെയ്യുന്നില്ലതാനും" യെഹെ. 33. 31—32. ഇതാകുന്നു ഇന്നത്തെ സഭയുടെ വിപത്തു. അതിനാൽ ശത്രുക്കൾക്കു ആഹ്ലാദം, ക്രൈസ്തവർക്കു ലജ്ജ, ദൈവനാമത്തിനു അപമാനം ഉണ്ടാകുന്നു. സഭയ്ക്കു യഥാർത്ഥ ഉണർവ്വും ജീവനും അത്യാവശ്യമായി വേണ്ടിയിരിക്കുന്നു.

ഈ ചിന്തകളോടെയാണു അനുതാപത്തിന്റെയും ആശ്രയത്തിന്റെയും മനോഭാവത്തോടെയും നമുക്കു ഇക്കൊല്ലത്തെ സാക്ഷ്യവാരത്തിൽ പ്രവർത്തിക്കാം. (ആഗസ്റ്റ് 19—26) 12നു ഒരുക ഞായറാഴ്ചയാണു. അന്നും ആ ആഴ്ചയിൽ രണ്ടുമൂന്നു ദിവസങ്ങളിൽ എങ്കിലും നമുക്കു ഒരുമിച്ചുകൂടാം. ആത്മപരിശോധനയ്ക്കും മദ്ധ്യസ്ഥതയ്ക്കും പ്രതിക്ഷയ്ക്കുമായി ഉപയോഗിക്കാം. യഥാർത്ഥത്തിൽ ക്രിസ്തുവിന്റെ മഹത്വത്തെ മുൻനിറുത്തി നാം പ്രവർത്തിക്കുമ്പോൾ വലുതായ ഫലമുണ്ടാകും.

ആഗസ്റ്റ് 30നു വൈകുന്നേരമായിരിക്കും അമേരിക്കയിൽനിന്നു പ്രോട്ടസ്റ്റന്റ് എപ്പിസ്കോപ്പൽ സഭ മക്ഷിണേന്ത്യാ സഭയുടെ നിലയെയും വളർച്ചയെയും മനസ്സിലാക്കുന്നതിനു നിയോഗിച്ചിരിക്കുന്ന കമ്മീഷ്യന്റെ രണ്ടു അംഗങ്ങളായ ബിഷോപ്പ ബ്ലിൻസ്റ്റെഡ്ഡും റവ. ജി. എം. ഡെയിയും ഇവിടെ എത്തുന്നതാണു. അവർ സെപ്തംബർ 3നു രാവിലെ തിരുവനന്തപുരത്തേക്കു പോകുന്നതുമായിരിക്കും.

1954ൽ ഞാൻ ഇവൻസ്റ്റൻ സമ്മേളനം കഴിഞ്ഞു മടങ്ങിവന്നപ്പോഴാണു ഞാൻ സ്ഥലത്തു ഇല്ലാഞ്ഞപ്പോൾ എന്നെയും കുടെ ചേർത്തു ശ്രീ ജോൺ ധർമ്മ തീർത്ഥർ മാങ്ങാനം ആശ്രമത്തെപ്പറ്റി ഒരു കേസു ഫയൽ ആക്കി എന്നു അറിഞ്ഞതു. ആയതു ഇന്നും എനിക്കു മനഃപ്രയാസവും വേദനയും ഉണ്ടാക്കികൊണ്ടിരിക്കുന്ന സംഗതിയാണു. ആ കാര്യം ഞാൻ ഡയോസിസൻ സ്റ്റാണ്ടിംഗ് കമ്മറിയിൽ അറിയിക്കുകയും കമ്മറി ആയതിനു തിരുമാനം വരുത്തുന്നതിനു ചിലരെ ചുമതലപ്പെടുത്തുകയും ചെയ്തു എങ്കിലും യാതൊന്നും നടന്നില്ല. സഭാസംബന്ധമായ കാര്യങ്ങൾക്കു കേസു ഫയൽ ചെയ്യുന്നതു സി. എസ്സ്. ഐ. നിരോധിച്ചിരിക്കുന്ന കാര്യമാണു. ശ്രീ ധർമ്മതീർത്ഥർ കേസു തുടർന്നുകൊണ്ടിരിക്കുന്നതു സഭയ്ക്കു നന്നല്ല എന്നാണു എന്റെ അഭിപ്രായം. ഇതു അവസാനിക്കുന്നതുവരെ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സുവിശേഷത്തു നമ്മുടെ ഇടയിൽ നല്കുവാൻ അദ്ദേഹത്തിനു സാധിക്കുന്നതല്ലല്ലൊ. ആയതിനാൽ വേഗത്തിൽ കേസു അവസാനിപ്പിച്ചു വിഷ്ണുകുടാതെ ക്രിസ്തുവിന്റെ വിശ്വസ്ത സാക്ഷിയായി ജീവിപ്പാൻ അദ്ദേഹവും ഉത്സാഹിക്കുമെന്നാണു എന്റെ ആശ.

റവറന്റ് സി. കെ. ജോണച്ചൻ കോളജ് ചാപ്ലൈൻ എന്ന സ്ഥാനം വിടുന്നതിനു പകരമായി കോളജ് ലക്ചററായ മി. കെ. സി. മാത്യുവിനെ പട്ടംകൊടുത്തു നിയമിപ്പാൻ അനുമതി നല്കിയിരിക്കുന്നു. വൈദിക പഠനം പ്രൈവറായി നടത്തുന്നതിനും പുറമെ അദ്ദേഹത്തെ പ്രൈസ്ബിറർ സ്ഥാനത്തേക്കു നിയമിക്കുന്നതിനു മുമ്പായി ഏതെങ്കിലും വൈദീക കോളജിൽ കുറെ സമയം ചെലവിടുന്നതായിരിക്കും. സെപ്തംബർ 1നു ഭദ്രാസനപ്പള്ളിയിൽ വെച്ചു അദ്ദേഹത്തെ ദീയാക്കോൻ സ്ഥാനത്തേക്കു പ്രവേശിപ്പിക്കുന്നതായിരിക്കും.

ജോണച്ചൻ പത്രാധിപരായിട്ടാണല്ലൊ ഈ മാസിക ഇതഃപര്യന്തം നടത്തി പോന്നതു. ഇപ്പോൾ അദ്ദേഹം ആ ചുമതലയും വിട്ടുകയാണു. ഇനിയും ആ ചുമതല ഒരു പത്രാധിപസമിതിയുടെ സഹായത്തോടുകൂടെ റവ. ജയിക്കബ് വറുഗീസ് ബി. എസ്സ്സി മേലുകാവും മേലുകാവുമറവും നടത്തുന്നതായിരിക്കും. മേലാൽ മാസികസംബന്ധിച്ച സകല എഴുത്തു

കൃത്യകർത്തവ്യത്തിനു അയച്ചാൽ മതിയാവുന്നതാകുന്നു. ദൈവകൃപയാൽ മാസിക മൂലം പ്രയോജനകരമായ ശുശ്രൂഷ നമ്മുടെ ഇടയിൽ നിവൃത്തികേണ്ടതിനു ചുമതലപ്പെട്ടിരിക്കുന്നവർക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

ദൈവമായ കർത്താവിന്റെ കൃപ നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

എന്നു കർത്താവിൽ നിങ്ങളുടെ വാത്സല്യമുള്ള

Kottayam,
St. James Day,
July 25, 1956.

C. K. JACOB,
Bishop.

ബിഷോപ്പുതിരുമനസ്സിലെ പ്രോഗ്രാം

ഓഗസ്റ്റ്

4. ബില്ലിഗ്രാം പിള്ളുടച്ചുകമ്മറ്റി.
5. അട്ടർ.
9. ബൈബിൾ ക്ലാസ്സ്.
11. ഡാക്ടർ ഗിബ്സൺ.
12. ഒറിയാൻകുന്നു.
17. ലിറേറുജി കമ്മറ്റി.
18. തെടനാട്.
19—26. സാക്ഷ്യവാരം.
21—25. സെറാമ്പൂർ.
26. നിലംപൊടിഞ്ഞ.
ചേലക്കൊമ്പ്.

നാല്പത്തു നാലുപള്ളികളും ഒരു പേനയും

ആഫ്രിക്കയിൽ ഫ്രൊഞ്ചു ഐവറി കോസ്റ്റിന്റെ തലസ്ഥാനമായ അബിദ്ജാനിൽ ചെന്നെത്തുന്ന ഏതൊരു സഞ്ചാരിക്കും ആശ്ചര്യകരമായ ചില കാഴ്ചകൾ കാണാൻ സാധിക്കും. നാല്പതു വർഷം മുമ്പു വരെ കാട്ടുപ്രദേശമായിരുന്ന ഈ ഉഷ്ണരാജ്യത്തു ഒരു നവീനനഗരമുഖവും 18 നിലയിലുള്ള ഒരു പുതിയ നഗരശാലയും കാണാം. അതിൽ പകൃതി ഉയരമുള്ള കായ്യാലയങ്ങളും മന്ദിരങ്ങളുമുണ്ട്. തെരുവീഥികളിൽകൂടെ അനവധി വാഹനങ്ങളുടെ ഗതാഗതവുമുണ്ട്. എവിടെ നോക്കിയാലും പുതിയ കെട്ടിടങ്ങളും പാശ്ചാത്യവേഷധാരികളായ ആഫ്രിക്കക്കാർ അന്യോന്യം ഉരുമ്മി ബദ്ധപ്പെടുന്നതായും കാണാം. ഇവിടെയും ആഫ്രിക്കയിൽ പല ഭാഗങ്ങളിലും പരിക്ലിഷ്ടജീവിതം കടന്നുകഴിഞ്ഞിരിക്കുന്നു.

ഞാൻ അബിദ്ജാനിൽ പോയതു ഏതാനും മാസങ്ങൾക്കു മുമ്പു അവിടെ പ്രസിദ്ധീകരിച്ചു തുടങ്ങിയ ഒരു ഫ്രഞ്ചു പ്രോട്ടസ്റ്റൻറു മാസികയെപ്പറ്റി അന്വേഷിക്കുന്നതിനാണ്. അതിന്റെ പത്രാധിപർ ഒരു സ്വീഡിഷുകാരൻ പാസ്റ്റർ ടിവർസ്കോ എന്ന സ്നേഹിതനെ കാണുന്നതിനുമായിരുന്നു. മാത്രവുമല്ല അദ്ദേഹത്തിന്റെ കുടുംബവർത്തമാനത്തെയും കാണുന്നതിനാഗ്രഹിക്കയും അടുത്തുള്ള ഒരു വ്യവസായകേന്ദ്രത്തിൽവെച്ചു എല്ലാവരെയും കാണുകയും ചെയ്യുക. അവരിലാരെല്ലാം ഉണ്ടായിരുന്നെന്നാൽ സമർത്ഥനും സുവിദിതനിയമജ്ഞനുമായ എൽ. ഡബ്ളിയു. അക്കാ, ഡഹോമിയിൽ ജനിച്ച ഒരു പ്രസാധക വീരൻ എം. ഡോവീഡൊ, ടോഗോക്കാരനായൊരു അദ്ധ്യാപകനും കിന്നരവായനക്കാരനും ഗായകസംഘനേതാവുമായ ഗബ്രിയേൽ ജോൺസൺ, അദ്ധ്യാപകനും യുവജനനേതാവുമായ തറമിജ്ജാലഗാ എന്നിവരും മറ്റുമാണ്. വിശിഷ്യ 44 പള്ളികളുടെ മേൽനോട്ടം വഹിക്കുന്ന യേശുദാനോ എന്ന പട്ടക്കാരനും ഉണ്ടായിരുന്നു. അദ്ദേഹം നല്ല എഴുത്തുകാരനുമായിരുന്നു. അദ്ദേഹത്തിന്റെ കഥ ഇപ്രകാരമാണ്.

യേശുദാനോ 40 വർഷം മുമ്പു അബിദ്ജാനിനു സമീപമുള്ള ഒരു ഗ്രാമത്തിൽ ജനിച്ചു. മാതാപിതാക്കൾ സാധുജനങ്ങളായിരുന്നു. ഐവറി കോസ്റ്റിലെ യോഹന്നാൻ സ്നാപകനെന്നു അറിയപ്പെട്ടിരുന്ന ഹാരിസ് പ്രവാചകന്റെ ഉജ്ജ്വലത്തായ പ്രസംഗത്താൽ ക്രിസ്ത്യാനികളായി. ബാല്യൻ മിഷ്യൻ സ്കൂളിൽ പഠിക്കയും വീട്ടിലേയും സ്കൂളിലേയും ആരാധനയിൽ സംബന്ധിക്കയും ചെയ്തു. ഒരിക്കൽ സ്കൂളിൽവച്ചു അദ്ധ്യാപകൻ വായിച്ചു കേൾപ്പിച്ച

8-ാം സങ്കീർത്തനം ബാലന്റെ മനസ്സ് ഒന്നണത്തി. "നിന്റെ വിരലുകളുടെ പണിയായ ആകാശത്തെയും നീ ഉണ്ടാക്കിയ ചന്ദ്രനേയും നക്ഷത്രങ്ങളേയും നോക്കുമ്പോൾ മർത്യനെ നീ ഓർക്കേണ്ടതിനു അവനെന്ത്? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിനു അവൻ എന്തുമാത്രം? എങ്കിലും നീ അവന്റെ ദൈവത്തെക്കാൾ അല്പം മാത്രം താഴ്ത്തി തേജസ്സും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു. നിന്റെ കൈകളുടെ പ്രവൃത്തികൾക്കു നീ അവനെ അധിപതിയാക്കി സകലത്തെയും അവന്റെ കാൽകീഴാക്കിയിരിക്കുന്നു." അവൻ തനിച്ചു സ്കൂളിൽ നിന്നു വീട്ടിലേക്കു വരുമ്പോൾ ഈ വാക്കുകളെപ്പറ്റി ചിന്തിക്കയായിരുന്നു. അവന്റെ ശരീരം, തലച്ചോറു, മനശ്ശക്തി മുതലായവ എത്ര അതിശയമാണെന്നൊരു ജിജ്ഞാസ! എങ്കിലും അവനു ശരിയായി വെളിവാകുന്നില്ല. അവന്റെ ശരീരത്തോടുഹസിച്ചു! "എന്നെ ക്രൂരാതെ നീ കടന്നുപോക." എന്നാൽ ഫലമുണ്ടായില്ല. തൽക്ഷണം അവൻ ഗ്രഹിച്ചു, മനുഷ്യൻ രണ്ടാണ്—ശരീരവും ആത്മാവും—ദൈവത്തിന്റെ സൃഷ്ടി. അവനോടുള്ള ദൈവസ്നേഹത്തിന്റെ മാഹാത്മ്യം അവനു ബോധപ്പെടുകയും ആദ്യമായിട്ടു അവൻ ദൈവവുമായി കണ്ടെത്തുകയും ചെയ്തു.

അവരുടെ ഗോത്രത്തിന്റെ മര്യാദപ്രകാരം അവന്റെ മൂത്ത മാതുലൻ അവനെ വളർത്തി അവനെയന്നപ്പോലെ ഒരുമിൻപിടിത്തക്കാരനാക്കുന്നതിനുദ്ദേശിച്ചിരുന്നു. ബാലനു അതിഷ്ടപ്പെടാതെ മിക്ക്വൻ സ്കൂളിൽ ചെന്നുചേർന്നു. വീട്ടിൽ വരുന്നതിനു അവന്റെ അപ്പൻ സമ്മതിച്ചില്ല. അതവനു ഒരു ഞെട്ടലായിപ്പോയി. പിന്നീടു പിതാവുമായി രമ്യപ്പെട്ടു. പഠിത്തത്തിൽ സമർത്ഥനായിരുന്നതിനാൽ മിക്ക്വൻകാർ അവനെ പോൻട്ടോനോവോയിലുള്ള ബൈബിൾ സ്കൂളിലേക്കയച്ചു. അവനൊരു അദ്ധ്യാപകനാകണമെന്നാഗ്രഹിച്ചെങ്കിലും അതു സാധിച്ചില്ല. അപ്പോഴാണ് ദൈവത്തിന്റെ നടത്തിപ്പിനെപ്പറ്റി അധികം ബോധപ്പെട്ടതു്. അവിടത്തെ പരിശീലനം പൂർത്തിയായപ്പോൾ അധികാരികൾ അവനെ ഒരു സഭാപ്രവർത്തകനായി ടീച്ച്വേലിലേക്കയക്കയാണു ചെയ്തു്. അതു പ്രയാസമേറിയൊരു ജീവിതമായിരുന്നു. അവനു ലഭിച്ച ശമ്പളം അദ്ധ്യാപകന്റേതിലും വളരെ കുറവായിരുന്നു. മറ്റു ജോലി സ്വീകരിപ്പാനാഗ്രഹിച്ചെങ്കിലും സഭാപ്രവർത്തകജോലിയിൽനിന്നു വിരമിക്കുന്നതിനുള്ള മനസ്സു വന്നില്ല.

1938-ൽ അവന്റെ ഒരു മുന്നദ്ധ്യാപകൻ അവനെ ഒരു വൈദികനാകുന്നതിനു വെല്ലുവിളിക്കയും പിതാവു അതിനു തൽസമയം സമ്മതിക്കയും അവൻ അതിനു ശ്രമിക്കയും ചെയ്തുകിലും ദൈവം അവനെ വിട്ടില്ല. അവൻ സഭയോടു തന്നെ ചേർന്നു നില്പുയാണുണ്ടായതു്. മറ്റൊരുമൊരു സൌകര്യസ്ഥാനം ലഭിപ്പാൻ കഴിഞ്ഞില്ല. അകാശ്യും പ്രാർത്ഥനയിൽ ദൈവമുമ്പാകെ സമർപ്പിക്കയും ഒടുവിൽ കർത്താവേ ഞാൻ ഇതാ, എന്നെ അയക്കേണമെ എന്നു തീരുമാനിച്ചു പറകയും ചെയ്തു. ഈ വിളി കേട്ടതിനെപ്പറ്റി ജനങ്ങളോടുള്ള അവന്റെ സ്വന്തമൊഴി ഇപ്രകാരമായിരുന്നു. ഇന്നു നമ്മെ എല്ലാവരേയും യോജിപ്പിക്കുന്ന ഈ ശുശ്രൂഷ ദൈവത്തിനു തന്റെ മാസനോടുള്ള വിളിയുടെ ഒരു സാക്ഷ്യമാണു്. അതൊരു ഉന്നതസ്ഥാനത്തേക്കുള്ള കയറ്റമല്ല പിന്നെയോ ദൈവം തന്റെ ഭൃത്യഗണത്തിലേക്കു എന്നെ പ്രവേശിപ്പിക്കുന്ന ഒരു കർമ്മമാണു്. എന്റെ പേരു പ്രാർത്ഥിപ്പിൻ. അവന്റെ വിളിക്കും അവന്റെ സേവനത്തിനും എന്നെ വിശ്വസ്തനാക്കുന്നതിനുവേണ്ടി നിത്യവാനോടപേക്ഷിപ്പിൻ. നിങ്ങൾ വിശുദ്ധ ജനമായി മറ്റുള്ളവരുടെ രക്ഷയ്ക്കു മുഖാന്തരമായി തീരുവാനും പ്രാർത്ഥിപ്പിൻ. "കൊയ്ത്തു വളരെയുണ്ടു്, വേലക്കാരൊ ചുരുക്കം."

ആറു മക്കളുടെ പിതാവായ യേശുരാജൻ അബിഡ്യാനിൽ 40 പള്ളികളുടെ മദ്ധ്യേ പിതാവിനിടക്കുന്ന ഒരു കുടുംബസമൂഹത്തിന്റെ കേന്ദ്രസ്ഥാനവും നായകനുമാകുന്നു. ഒരുജ്ജ്വല പ്രസംഗകനും ഒരു റേഡിയോ സംഭാഷകനും കൂടിയാണു്. ആകർഷണീയമായൊരു പുഞ്ചിരിയുമുണ്ടു്. ദൈവം അവനിൽ വാക്കുവൈഭവവും കണ്ടിട്ടുണ്ടു്. ടെലിവിഷനും അബിഡ്യാനിൽ ആരംഭിച്ചപ്പോൾ ഈ ക്രൈസ്തവപടക്കാരനെ കാണുകയും ആകർഷിക്കപ്പെടുകയും ചെയ്തു. തന്റെ ജീവിതാനുഭവങ്ങൾ എഴുതി മറ്റുള്ളവർക്കു സാക്ഷ്യപ്പെടുത്തണമെന്നു നിരൂപിച്ചെങ്കിലും അവൻ വഴിപ്പെട്ടിട്ടില്ല. സ്കൂളുകളിൽ വച്ചു ധാരാളം എഴുതി. എവിടെയും എപ്പോഴെങ്കിലും വേണമെ

ങ്കിൽ സംസാരിക്കാം. എഴുതുന്നതു പ്രയാസം. എന്നാൽ അവനെ നിർബ്ബന്ധിച്ചതിനാൽ ഒരു രാത്രി ഒരു വിളക്കത്തിരുന്നവൻ എഴുതാൻ തുടങ്ങി. ആദ്യം എഴുതിയതു കീറിക്കളഞ്ഞു. എങ്കിലും ഒരദൃശ്യശക്തി അവനെ പ്രേരിക്കുന്നെന്നു തോന്നിയതിനാൽ വീണ്ടുമെഴുതി കുറെ കഴിഞ്ഞപ്പോൾ പ്രസംഗിക്കുന്നതുപോലെ എഴുതാനും കഴിയുമെന്നും ദൈവം അതും മാനം ചെയ്യിട്ടുണ്ടെന്നു അവനു ബോദ്ധ്യമായി.

അന്നു മുതൽ എൻവോളിന്റെ കാരോ ലക്കത്തിലും യേശുദാനൊ വൈദികന്റെ ഓരോ ലേഖനം പ്രത്യക്ഷപ്പെടാൻ തുടങ്ങി. തന്റെ ജീവിതമായ ശുശ്രൂഷാനുഭവങ്ങളും മനുഷ്യരുമായിട്ടുള്ള ഇടപാടുകളും തനിക്കുണ്ടായിട്ടുള്ള പോരാട്ടങ്ങളുമെല്ലാറിന്റെയും പ്രതിപാദനം വിവിധ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കുന്നവയായി ബോധപ്പെടുകയും തന്റെ പേനാമൂലം അനേകരുടെ അജ്ഞതയും അസാകാരവും നീങ്ങുന്നതിനും എല്ലാ മനുഷ്യരോടുമുള്ള ദൈവത്തിന്റെ അടവില്ലാത്ത സ്നേഹത്തെ അറിയുന്നതിനുമിടയാകയും ചെയ്തു.

Christian Literature Council's Syndicated Article

മനുഷ്യായുസ്സിന്റെ ഒരു വിഭജനപദ്ധതി

ശരീരമനസ്സുകളുടെ വികസനവും ക്ഷയവുമനുസരിച്ചു 90 വയസ്സുവരെ മനുഷ്യായുസ്സു 9 വർഷം വീതമുള്ള 10 വിഭാഗങ്ങളായി വിഭജിക്കാം.

(1) ആദ്യത്തെ 9 വർഷം ബാല്യപ്രായം. വിധ തരക്കാരുടെയും സഭാവരൂപീകരണത്തിന്റെയും മാർഗ്ഗിക പരിശീലനത്തിന്റെയും അടിസ്ഥാനമിടുന്ന കാലം ഈ പ്രായത്തിലാണ്. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുന്നതും ദൈവത്തിങ്കലേക്കു തിരിപ്പാനുള്ള പ്രായം. "പൈതങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ".

(2) 10—18. കൌമാരപ്രായം. ഇതിന്റെ പൂർത്തിയാണെല്ലാം മേജർപ്രായമായി ഗണിക്കപ്പെട്ടിരിക്കുന്നതു്. ഹൈസ്കൂൾ വിദ്യാഭ്യാസ കാലമാണിതു്. സ്ഥിരീകരണത്തിന്റെയും രക്ഷാനിശ്ചയത്തിന്റെയും പ്രായം. സ്രഷ്ടാവിനെ അറിഞ്ഞുകൊള്ളാനുള്ള പ്രായം.

(3) 19—27. യൌവനപ്രായത്തിന്റെ ആദ്യഭാഗം. സർവ്വകലാശാല വിദ്യാഭ്യാസത്തിന്റെ പൂർത്തീകരണം ഈ കാലത്താണെ നിവർത്തിക്കുന്നതു്.

(4) 28—36. യൌവനപ്രായം തുടരുന്നു. വിദ്യാഭ്യാസത്തിന്റെ പൂർത്തീകരണവും തൊഴിൽപ്രവേശനവും വിവാഹം കഴിച്ചു ഗൃഹസ്ഥാശ്രമജീവിതവും നയിക്കുന്ന കാലം.

(5) 37—45. മദ്ധ്യപ്രായത്തിന്റെ പൂർവ്വഘട്ടം. കുടുംബജീവിതം സുസ്ഥാപിതമാകുകയും മക്കളുടെ വിദ്യാഭ്യാസം നിർവ്വഹിക്കപ്പെടുകയും ചെയ്യുന്നു.

(6) 46—54. മദ്ധ്യപ്രായത്തിന്റെ രണ്ടാമത്തെ ഘട്ടം. തൊഴിലിന്റെ മുഖ്യന്യവസ്ഥ. വിരമകാലത്തേക്കു സമീപിക്കുന്നു.

(7) 55—63. ജോലിയിൽനിന്നു വിരമിച്ചതിന്റെയും വയോധികനാകുന്നതിന്റെയും പ്രഥമഘട്ടം.

(8) 64—72. വയോധികന്റെ രണ്ടാംഘട്ടം. ശരീരബലവും മനശ്ശക്തിയും ക്ഷയിച്ചു തുടങ്ങുന്ന കാലം.

(9) 73—81. ബലം ഹേതുവായി ആയുസ്സു ദീർഘിച്ച കാലം. സഞ്ചാരം തുടങ്ങുന്നു. മിക്കവാറും വീട്ടിൽത്തന്നെ. ആഹാരം കുറഞ്ഞും പഥ്യവുമായിത്തീരുന്നു.

(10) 82—90. ദൈവം അനുവദിക്കുന്നെങ്കിൽ ക്ഷീണതയോടും അവശതയോടുംകൂടെ വയോധികനായിരിക്കുന്ന കാലം.

ഒടുവിലത്തെ മൂന്നു വാക്യകാലഘട്ടങ്ങളായുണ്ട്. അവയുടെ അന്ത്യം പ്രത്യേക ഗദ്യങ്ങളാണ്. 90 വരെ അപൂർവ്വവും 100 തികയുന്നതു ദുർല്ലഭവുമത്രെ. ഞങ്ങളുടെ ആയുഷ്കാലം എഴുപതു സംവത്സരം; ഉറപ്പായാൽ എണ്പതു സംവത്സരം; അതിന്റെ പ്രതാപം പ്രയാസവും ദുഃഖവുമത്രെ. അതു വേഗം തീരുകയും ഞങ്ങൾ പറന്നുപോകയും ചെയ്യുന്നു. സങ്കീ. 90. 10.

നമ്മുടെ ആത്മിക ശത്രുക്കൾ

(By Koshi John)

അപ്പൊസ്തലനായ പൌലൊസ് ചില ആത്മികകാര്യങ്ങളുടെ യഥാർത്ഥത കാണിക്കുന്നതു അവ നിഴലിക്കുന്ന ലൌകിക കാര്യങ്ങൾകൊണ്ടാകുന്നു. ദൃഷ്ടാന്തമായി "പ്രാകൃത ശരീരം ഉണ്ടെങ്കിൽ ആത്മികശരീരവും ഉണ്ട്" എന്നു പറഞ്ഞിരിക്കുന്നു! (൧ കൊരി. ൧൫. ൪൪) നമുക്കു ലൌകിക ശത്രുക്കൾ ഉണ്ടെങ്കിൽ ആത്മിക ശത്രുക്കളും ഉണ്ട്.

പിശാചു, ലോകം, ജഡം എന്നിവരാകുന്നു നമ്മുടെ ആത്മിക ശത്രുക്കൾ. ഇവരോടാകുന്നു നമുക്കു പോരാട്ടമുള്ളതു. പിശാചു (Devil) ഒരു വ്യക്തിയല്ല, ആകൃതിയില്ലാത്ത ഏതോ ഒരു ശക്തിയാണെന്നു ഉപദേശിക്കുന്ന ചില കൂട്ടർ ഇന്നു ലോകത്തിലുണ്ടു. അങ്ങനെ ആയിരുന്നെങ്കിൽ ക്രിസ്തു "സാത്താനെ എന്റെ പിന്നിൽ പോ" എന്നു പറകയില്ലായിരുന്നു. വിശുദ്ധ പത്രൊസ് പറയുന്നതു "നിങ്ങളുടെ പ്രതിയോഗിയായ പിശാചു അലറുന്ന സിംഹം പോലെ, ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു നടക്കുന്നു" എന്നാണല്ലോ. അവൻ ആകൃതിയില്ലാത്ത വിചാരംപോലെയോ മറേറാ ഒരു ശക്തി മാത്രമെങ്കിൽ നമുക്കു അവനെ ഭയപ്പെടേണ്ടിട്ടു ആവശ്യമില്ല.

1. പിശാചു. അസൂയയുടെ മൂർത്തിയായ ഇവൻ നമ്മുടെ ആത്മിക ശത്രുക്കളുടെ നായകൻ ആകുന്നു. ഇവന്റെ അസൂയ മൈവം അവനെ സ്വർഗ്ഗത്തിൽ നിന്നു തള്ളിയതിനാൽ മൈവത്തോടാണെന്നു ചിലർക്കു തോന്നിയേക്കാം. മൈവത്തോടു അസൂയപ്പെട്ടാൽ ഒരു ഫലവും ഇല്ലെന്നു അവനു അറിയാം, മൈവത്തോടു് ബഹു ശത്രുത അവനു ഉണ്ടായേക്കാം. അസൂയയിൽനിന്നല്ലാത്ത ശത്രുത ഉണ്ടല്ലോ. അവന്റെ അസൂയ എല്ലാം മനുഷ്യനോടാകുന്നു. അവൻ ഇടംപ്രഥമമായി ഏദൻതോട്ടത്തിൽ വന്നു കയറി നോക്കിയപ്പോൾ തോട്ടത്തിന്റെ മനോഹരതയും, ആദാമിന്റെയും സുന്ദരരൂപിണിയായ അവന്റെ ഭാര്യയുടെയും മുഖത്തു വിളങ്ങിക്കൊണ്ടിരുന്ന സന്തോഷസൌഭാഗ്യവും ഇവരുടെ ആഹാരത്തിനായി അവിടെ നിർമ്മിക്കപ്പെട്ടിരുന്ന ഫലവൃക്ഷങ്ങളുടെ സമൃദ്ധിയും കണ്ടപ്പോൾ, മണ്ണിൽനിന്നു മനസ്സൊട്ടുകൂടാതെ നിസ്സാരനായ മനുഷ്യനോടു സർവ്വശക്തൻ കാണിക്കുന്ന പ്രീതിയും, വാത്സല്യവും ഗ്രഹിച്ചു ഇവരോടുള്ള അസൂയകൊണ്ടു അവന്റെ ഹൃദയം നിറഞ്ഞു. അതുകൊണ്ടു എങ്ങനെയെങ്കിലും ഇവരെ തമ്മിൽ പിണക്കി സർവ്വശക്തനു ഇവരോടുള്ള പ്രീതി ഇല്ലാതാകുമെന്നു അവൻ തീരുമാനിച്ചുറച്ചു. കൌശലത്താൽ അതു സാധിക്കയും ചെയ്തു. എന്നിട്ടും പിന്നെയും സർവ്വശക്തനു മനുഷ്യരോടുണ്ടായ ഭയവും സ്നേഹവും അവന്റെ വൈരത്തെ ഉജ്ജ്വലിപ്പിച്ചു വിശ്വാസികളുടെ കൂട്ടത്തെ ഉൻമൂലനാശം വരുത്തുവാൻ അവൻ നിശ്ചയിച്ചു.

സാത്താൻ നമ്മെ പരീക്ഷിക്കുന്നതു കൌശലത്താൽ ആകുന്നു. നേരിട്ടു അവന്റെ തനിനിറത്തിൽ വരുന്നതിനു അവനു ധൈര്യമില്ല. അതുകൊണ്ടു അവൻ മറഞ്ഞും പാത്തും അത്രേ വരുന്നതു. ചിലപ്പോൾ വെളിച്ചത്തിന്റെ ദൂതനായി വേഷംമാറിയും വരും. ഹവ്വായെ സമീപിച്ചതു കൌശലക്കാരനായ പാമ്പിൽകൂടെ ആയിരുന്നുവല്ലൊ. പാമ്പു വേണ്ടിയിടത്തു തലതാഴ്ത്തി പതുങ്ങിക്കിടക്കും. അപ്പോൾ കണ്ടാൽ അവൻ എത്ര സൌമ്യൻ, നിർദ്ദോഷി! തരംവരുമ്പോൾ അവൻ തലയെ ഒരു മുഴത്തിനുമേൽ ഉയർത്തി പത്തി വിടർത്തി ചീറും. ഈ വിധത്തിൽ തന്നെയാകുന്നു പിശാചു നമ്മോടു അടുക്കുന്നതു.

2. ലോകം. ലോക ഇമ്പങ്ങളിലും അതു വിടർത്തിക്കാണിക്കുന്ന മഹത്വത്തിലും കൂടെയുള്ള പരീക്ഷ ഏറ്റവും ഭയങ്കരമാകുന്നു. മനുഷ്യനു അതു നിരസിച്ചു കൂടാത്തവണ്ണം അതു സ്പൃഹണീയമെന്നു കണ്ടിട്ടു പിശാചു നമുക്കു കർത്താവിനെ അതു കാണിച്ചു. ലോകത്തിന്റെ സർവ്വ മഹത്വത്തെയും അതിന്റെ പ്രഭുവായ പിശാചിനെയും യേശു തന്റെ പുറകിൽ എറിയുകയായിരുന്നു. "സാത്താനെ എന്നെ വിട്ടുപോ" എന്ന കല്പനയിങ്കൽ അവൻ തോറ്റു പിൻവാങ്ങി. ലോകത്തിന്റെ ഇമ്പങ്ങളും മഹത്വവും രാവിലെ വിടർന്നു ശോഭിച്ചു നില്ക്കുകയും, പൈങ്കുന്നേരം വാടിനില്ക്കുകയും ചെയ്യുന്ന പുഷ്പംപോലെ ഉള്ളതു എന്നു കാണുന്ന

വർ ലോകത്തെ തങ്ങളുടെ പിന്നുറത്തു എറിയും. ഒരു കൈകൊണ്ടു ലോകത്തെയും മറ്റെ കൈകൊണ്ടു സ്വർഗ്ഗത്തെയും പിടിപ്പാൻ ശ്രമിക്കുന്ന ക്രിസ്ത്യാനികൾ വളരെയുണ്ട്.

ഞാൻ ഒരിക്കൽ ഒരു ചിത്രം കണ്ടു. ഒരു പരുന്തു ചിറകുകൾ രണ്ടും വിടർത്തി ആകാശത്തേക്കു പറക്കുവാൻ ശ്രമിക്കുന്നു. എങ്കിലും അതു മേലോട്ടു ഉയരുന്നില്ല. കാരണം അതിന്റെ ഒരു കാലു ചങ്ങലയാൽ അതു ഇരിക്കുന്ന തടിയോടു ബന്ധിക്കപ്പെട്ടിരിക്കുന്നു. ധനത്തോടുള്ള മോഹം നമ്മെ ലോകത്തോടു കൂടുതലായി ബന്ധിക്കുന്നു. അങ്ങനെ അല്ലായിരുന്നു എങ്കിൽ ക്രിസ്തുസഭ ഇന്നു എത്ര പ്രബലപ്പെട്ടിരുന്നേനെ! ക്രിസ്തീയ വേലയ്ക്കു വേണ്ടപോലുള്ള ധനസഹായം ക്രിസ്ത്യാനികൾ ചെയ്യാത്തതിനാൽ സുവിശേഷോന്മുഖത്തിനു വേലക്കാരെ അയക്കുന്നതു വിഷമപ്പെടുന്നില്ലയോ?

നാം മൈവത്തെയും അവന്റെ സ്നേഹത്തെയും കാണാതിരിക്കത്തക്കവണ്ണം ലോകസ്നേഹം നമ്മുടെ കണ്ണുകളെ കൂരുടാക്കുകയാകുന്നു. മുമ്പെ മൈവത്തിന്റെ രാജ്യത്തെയും അവന്റെ നീതിയേയും അന്വേഷിപ്പിൻ" എന്നാൽ ലോകത്തിൽ ജീവിതത്തിൻ ആവശ്യമായ സകലവും മൈവം നിങ്ങൾക്കു തരും എന്നാണല്ലൊ കർത്താവു പഠിപ്പിച്ചതു്. മൈയ്യപ്പെടുവിൻ താൻ ലോകത്തെ ജയിച്ചിരിക്കുന്നു" എന്നു പറഞ്ഞ കർത്താവിൽ നാം പൂർണ്ണമായി ആശ്രയിക്കുന്നെങ്കിൽ ലോകത്തിന്റെ പരീക്ഷകളെ നമുക്കു ജയിക്കാം.

3. ജഡം. നമ്മുടെ സ്വന്ത ജഡം നമുക്കു ശത്രുവായിത്തീർന്നതു ഏറ്റവും അത്ഭുതം തന്നെ. കർത്താവു ശിമോൻപത്രോസിനോടു പറഞ്ഞതു "ആത്മാവു മനസ്സൊരുക്കമുള്ളതു തന്നെ എങ്കിലും ജഡം ബലഹീനമത്രെ" (മത്താ. 26. 41). വിശുദ്ധ പൌലൊസ് പറയുന്നതു "ജഡാഭിലാഷം ആത്മാവിനും ആത്മാഭിലാഷം ജഡത്തിനും വിപരീതമായിരിക്കുന്നു, ഇവ തമ്മിൽ പ്രതികൂലങ്ങളുത്രെ" എന്നാകുന്നു. 'പള്ളിയിൽ പോകേണ്ടയോ" എന്നു മനസ്സാക്ഷി ചോദിക്കുമ്പോൾ "ഇന്നു വലിയ ക്ഷീണമാകുന്നു" എന്നു ജഡം പറയുന്നു "വേദപുസ്തകം വായിക്കേണ്ടയോ" എന്നു ചോദിക്കുമ്പോൾ "ഇന്നു തീരെ അതിനു സമയമില്ല," വരുവോളം ജോലിത്തിരക്കുള്ള ദിവസമാകുന്നു" എന്നു ജഡം പറയുന്നു. ഹാ! ആത്മാഭിലാഷം ജഡാഭിലാഷത്തിനു പ്രതികൂലം തന്നെ. ഇങ്ങനെ പിശാചും ലോകവും ജഡവും നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ നമുക്കു വിരോധികളായി നില്ക്കുന്നു. എന്തുകൊണ്ടാകുന്നു മൈവം ഇതു കണ്ടുകൊണ്ടു ക്ഷമിച്ചിരിക്കുന്നതു്.

ധനവാനായ ഒരു മനുഷ്യനു പല വീടുകളുണ്ടായിരുന്നു. അവയിൽ ഒന്നു ജീർണ്ണിച്ചു, ഭിത്തികൾ പൊട്ടി അങ്ങും ഇങ്ങും ചോർച്ചയുമായി കിടക്കുന്നു.

ഒരു സ്നേഹിതൻ അയാളോടു ചോദിച്ചതു "എന്തുകൊണ്ടാകുന്നു ഈ വീടു കേടുകൂടാതെ പോകി നന്നാക്കാതിരിക്കുന്നതു, നിങ്ങൾക്കു വേണ്ടെ പണം ഉണ്ടല്ലൊ" എന്നു്. അതിനു അദ്ദേഹം പറഞ്ഞ മറുപടി "ഞാൻ ഇതു മുഴുവനും പൊളിച്ചിട്ടു അതിന്റെ സ്ഥാനത്തു ഇതിലും വിശേഷപ്പെട്ട മറ്റൊന്നു പണിയുവാൻ നിശ്ചയിച്ചിരിക്കയാകുന്നു, അതിനുള്ള പ്ലാൻ എല്ലാം തയ്യാറാക്കിക്കഴിഞ്ഞു എന്നു്.

ഹാ! പഴയതും ജീർണ്ണിച്ചതുമായ ഈ ലോകവും അതോടുകൂടെ നമ്മുടെ ജഡശരീരങ്ങളും പുതുതാക്കപ്പെടുവാൻ പോകുന്നു. "പുതിയ ആകാശവും പുതിയ ഭൂമിയും; മഹത്വീകരിക്കപ്പെട്ട ശരീരങ്ങളും, ജീർണ്ണിച്ച ശരീരം മണ്ണിനു മണ്ണായും, ചാരത്തിനു ചാരമായും അഴുകിപ്പോകും. "ദുർബലത്തിൽ വിതെക്കപ്പെടുന്നു, അദ്ദുർബലത്തിൽ എഴുന്നേല്ക്കും, ബലഹീനതയിൽ വിതെക്കപ്പെടുന്നു ശക്തിയിൽ എഴുന്നേല്ക്കും" (1 കൊരി. 15. 43). പിശാചു ബന്ധിക്കപ്പെട്ടവനായി എന്നെന്നേക്കും പുറമെയുള്ള തീ പൊയ്ത്തയിലേക്കു തള്ളപ്പെടും, ലോകം പുതുതാക്കപ്പെടും. നമ്മുടെ ജഡം മഹത്വീകരിക്കപ്പെടും. ഇങ്ങനെ നമ്മുടെ ആത്മിക ശത്രുക്കൾ മൂവരും ഇല്ലാതെ ആകും. ഇതിനുള്ള സമയം എത്രയും അടുത്തുവരുന്നു. മൈവം എഴുന്നേല്ക്കും അവന്റെ ശത്രുക്കൾ ചിതറിപ്പോകും, പുക പതറുന്നതുപോലെ നീ അവരെ പതറിക്കും (സങ്കീ. 68).

ലോകം പൊളിച്ചു പണിയപ്പെടണമെങ്കിൽ അതിലെ നിവാസികളായിരിപ്പാൻ ദൈവം നിശ്ചയിച്ചിരിക്കുന്നവരുടെ സംഖ്യ തികയേണ്ടതാകുന്നു (വെളി. നൂ. ൬). ക്രിസ്ത്യാനികളായ നാം ഏവരും ഉണർന്ന് ഈ സംഖ്യയെ ശീഘ്രം തികെക്കുമാറു പ്രവൃത്തിപ്പാൻ ദൈവം തന്റെ ആത്മാവു മൂലം സഭകൾക്കു ഉണർവും ശക്തിയും നല്കുമാറാകട്ടെ.

മിഷ്യനറി പ്രവർത്തനാന്വേഷണം

250 വർഷം മുമ്പു മിഷ്യനറിപ്രവർത്തനത്തിനു പ്രോട്ടസ്റ്റാന്റു മിഷ്യനറിമാർ ഇന്ത്യയിൽ വന്ന കാലം മുതൽക്കുള്ള പ്രവർത്തനത്തിന്റെ ഫലമായി ലക്ഷോപലക്ഷം ആളുകൾ മതപരിവർത്തനം ചെയ്തു ക്രിസ്ത്യാനികളായി തീർന്നിട്ടുള്ള കാര്യം നവീന കാലചരിത്ര സംഭവമായി ഏവർക്കും അറിയാവുന്നതാണല്ലൊ. പ്രത്യേക ശതാബ്ദങ്ങളായി ജാതിവ്യത്യാസംകൊണ്ടും അടിമഭാവം കൊണ്ടും അധഃപതിച്ചു കിടന്നിരുന്ന സാധുവർഗ്ഗങ്ങളിൽ നിന്നും അനേകായിരത്തെ ക്രൈസ്തവ സുവിശേഷത്തിന്റെ വെളിച്ചത്തിലേക്കു കൊണ്ടുവന്ന സ്വർഗ്ഗീയത്തിലും സംസ്കാരത്തിലും അവരെ ഉദ്ധരിച്ചു മറ്റുള്ളവരോടൊപ്പം അവരെ സ്വാഭിമാനമുള്ള പൌരന്മാരാക്കിത്തീർത്ത ക്രിസ്ത്യൻ മിഷ്യനറിമാരുടെ പരിവർത്തന കൃത്യം ഇന്ത്യയിലെ ഭൂരിപക്ഷ സമുദായമായ ഹിന്ദുക്കൾക്കു അസഹനീയമായി വന്നതിൽ അതിശയിപ്പാനില്ല. വിശിഷ്യ പ്രസ്തുത സമുദായത്തിലെ മതസംഘടനകളായ ആര്യസമാജം മഹാജനസഭ, ആർ. എസ്. എസ്. എന്നിവ ക്രിസ്തുമതത്തിലേക്കുള്ള മതപരിവർത്തനത്തെ കഠിനമായി അപലപിക്കയും എതിർക്കയും ചെയ്തുകൊണ്ടിരിക്കയും ഒടുവിൽ ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചതിന്റെ ശേഷം അതൊരു രാഷ്ട്രീയ പ്രശ്നമാക്കി അതു തടയുന്നതിനു ഗവർമ്മെന്റിനെ ഫോഴ്സു കൊണ്ടിരിക്കയുമായിരുന്നല്ലൊ. തൽഫലമായി മദ്ധ്യപ്രദേശ ഗവർമ്മെന്റു ഒരു അന്വേഷണകമ്മറിയെ നിയമിച്ചു ക്രിസ്ത്യൻ മിഷ്യനറിമാരുടെ പ്രവർത്തനങ്ങളെപ്പറ്റിയും അതോടനുബന്ധമായ മറ്റു കാര്യങ്ങളെപ്പറ്റിയും അന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിക്കുന്നതിനായി 1954 ഏപ്രിൽ മാസത്തിൽ ഒരു കമ്മറിയെ നിയോഗിക്കയും രണ്ടു വർഷത്തിനുശേഷം ഇപ്പോൾ അവരുടെ റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരിക്കുന്നു. റിപ്പോർട്ടിലെ നിർദ്ദേശങ്ങളെല്ലാം വിദേശമിഷ്യനറിമാരുടെ വിവിധതരമായ പ്രവർത്തനങ്ങളും വിദേശ ധനസഹായങ്ങളും തടഞ്ഞു മതപരിവർത്തനത്തെ ഫലപ്രദമെന്നുള്ളതാണു ഉദ്ദേശിക്കപ്പെട്ടതായി കാണുവുന്നതു. ആറംഗങ്ങൾ ഉൾപ്പെട്ടിരുന്ന പ്രസ്തുത കമ്മറിയുടെ പ്രസിഡെന്റു നാഗപുരം ഹൈക്കോടതിയിലെ ഒരു മുൻ ചീഫ് ജസ്റ്റിസ് ഡോ. നിയോഗിയും അംഗങ്ങളിലൊരാൾ വർധാ കോമേർസ് കോളജ് പ്രൊഫസർ കോട്ടയത്തു സ്വദേശിയായ മി. എസ്സ്. കെ. ജോർജ്ജുമായിരുന്നു. അവരുടെ ശുപാർശകൾ വിദ്യാഭ്യാസം രോഗചികിത്സ തൊഴിൽ പരിശീലനം മുതലായവയിൽക്കൂടെയുള്ള മിഷ്യനറിമാരുടെ സേവനം മൂലം ന്യായമായും സഹജമായുണ്ടാകാവുന്ന മതപരിവർത്തനങ്ങൾ നിയമം മൂലം നിരോധിക്കണമെന്നാണാവശ്യപ്പെട്ടിരിക്കുന്നതു. ജീവകാരുണ്യപരമായ സേവനങ്ങളെല്ലാം ക്രമേണ്ടുക്രമേ പരിശോധിക്കുന്നതിനും മതപരിവർത്തനഗതിയെ തടയുന്നതിനും അങ്ങനെ ക്രിസ്തുമത പ്രചാരത്തെ ഇല്ലായ്മ ചെയ്യുന്നതിനുമാണുദ്ദേശിക്കുന്നതു. മതപരമായ സാഹിത്യഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണവും പ്രചാരവും തടയുന്നതിനുള്ള ഉദ്യമവും അവരുടെ നിർദ്ദേശങ്ങളിൽ കാണുന്നുണ്ട്. അവരുടെ ശുപാർശകൾ ശക്തിപൂർവ്വം ചെയ്യുന്നതിനായി നിയമങ്ങളിൽ വേണ്ട ഭേദഗതി വരുത്തി ഉദ്ദേശസാദ്ധ്യം വരുത്താമെന്നാകുന്നു അവരുടെ പ്രതീക്ഷ. എന്നാൽ ഇൻഡ്യയുടെ ഒരു പൊതു അഭിപ്രായമായ അഭിലാഷകമായും ഇതിനെ ഗണിപ്പാൻ ആവശ്യമുണ്ടെന്നു വിചാരിപ്പാൻ ന്യായം കാണുന്നില്ല. ഇൻഡ്യൻ നേതാക്കന്മാരിൽ പലർക്കും ഇതിനെപ്പറ്റി വ്യത്യസ്തമായ ഒരഭിപ്രായഗതിയാണുള്ളതും. മതപരിവർത്തനത്തിനുള്ള സ്വാതന്ത്ര്യം എല്ലാ പരിഷ്കൃത രാജ്യങ്ങളിലും നിയമപരമായി അനുമതി നല്കീട്ടുള്ള ഒരു പൌരാവകാശമാണ്. ക്രിസ്തുവിന്റെ ജീവിതവും ആത്മാവും ശരിയായി ഗ്രഹിക്കുന്നവർക്കു ക്രിസ്തുശിഷ്യരായി ജീവിക്കുന്നതിനുള്ള നിസ്തുലമായ കേതിയും വിധേയത്വവും സഹജമായിട്ടുണ്ടാകുവുന്നതാണ്. അതിനെ നിഷേധിക്കുന്നതും തടയുന്നതും മഹാപാതകമാണ്. എങ്കിലും ഇപ്പോഴത്തെ മതസ്ഥിതി ഏതു വഴിയിലേക്കാണു ഗമിക്കുന്നതെന്നും ക്രിസ്ത്യാനികൾക്കു പരിശോധനയുടെയും ത്യാഗപരമായ ജീവിതത്തിന്റെയും ഒരു കാലഘട്ടം സമീപമായി വരുന്നെന്നും ഓർമ്മിച്ചുകൊള്ളേണ്ടതാണെന്ന മാത്രം നമുക്കു ധരിച്ചുകൊള്ളാം.

സഭാസംയുക്ത മാസിക

ജ്ഞാനനിക്ഷേപം എന്ന പേരിൽ കൂടുംബപ്രിയവായനിയും സുവിശേഷഭോജിനിയും ചേർത്തു 32 പേജിൽ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന സഭാമാസികയും അടുത്ത വർഷമാണ്

60 വയസ്സു തികയുന്നതു്. 50 വർഷം മുന്നും വെച്ചെറെയായും 10 വർഷം സംയുക്തമായും മാസംതോറും ക്രമമായി സി. എം. എസ്സ്. പ്രസ്സിൽനിന്നു പ്രസിദ്ധീകരിച്ചുവരികയായിരുന്നു. അനേകവർഷം കേവലം 800 പ്രതികളായിരുന്ന മാസികയുടെ സംയോജനത്തിന്റെ ശേഷം പ്രചാരം വർദ്ധിച്ചു ഒരു കൊല്ലംകൊണ്ടു 3000 പ്രതികളായിത്തീരുകയും ചെയ്തു. എന്നാൽ കാലാന്തരത്തിൽ വരിസംഖ്യ അടയ്ക്കുന്നതിലുള്ള അമാന്തംമൂലം വലിയ കുടിശ്ശികകൊണ്ടു മാസിക നിർത്തിക്കളഞ്ഞതിന്റെ ഫലമായി 2000 പ്രതികളായി കുറയുകയും ഇപ്പോൾ 2400 ആയി നിലനിൽക്കുകയും ചെയ്യുന്നു. മാസികയുടെ പ്രയോജനത്തെപ്പറ്റി കാലാകാലങ്ങളിലായി പലരും എഴുതിയയച്ചുകൊണ്ടിരുന്നതു ഞങ്ങൾക്കു പ്രോത്സാഹജനകമായിരുന്നിട്ടുണ്ടു്. മാസംതോറുമുള്ള പ്രസിദ്ധീകരണത്തിനു വെച്ചിട്ടുള്ള ഒരു നിശ്ചിത ക്രമത്തിലാണെ കൃത്യസമയത്തു പുറപ്പെടുവിച്ചുകൊണ്ടിരുന്നതു്. ആദ്യമായി ഖിസ്തോപ്പു തിരുമനസ്സിലെ പ്രതിമാസകത്തും, രണ്ടോ മൂന്നോ ആദ്ധ്യാത്മിക വിഷയങ്ങളെപ്പറ്റിയുള്ള പ്രഭാഷണങ്ങൾ, കവിപ്പകളും വർത്തകളും, മഹായിടവക സംവേ വൃത്താന്തങ്ങൾ, വനിതാ ബാലജനപംക്തികളും മിഷ്യനറി റിപ്പോർട്ടുകളും സുവിശേഷപ്രവർത്തനത്തിനുള്ള പ്രേരണകളും ആത്മികവും ധാർമ്മികവുമായ അടിസ്ഥാനത്തിൽ ലോകസംഭവവിവരങ്ങളും, വേദാദ്ധ്യയനനോട്ടുകളുമുണ്ടു് മാസികയുടെ ഉള്ളടക്കമായിരിക്കുന്നതു്. അതനേകർക്കു രണ്ടുടെ ആത്മികജീവിതാഭിവൃദ്ധിക്കും പ്രതിദിന വേദാദ്ധ്യയനത്തിനും വിജ്ഞാന ലബ്ധിക്കും പ്രയോജനപ്പെട്ടുകൊണ്ടിരിക്കയും ചെയ്യുന്നു.

മാസികയുടെ പ്രയോജനതത്വത്തെപ്പറ്റി കഴിഞ്ഞ മാസത്തിലും മഹായിടവകയുടെ അകത്തും പുറത്തും നിന്നുള്ള എഴുത്തുകൾ കിട്ടീട്ടുണ്ടു്.

പരേതനായ മി. എം. ജി. ജോൺ, സഭാപ്രവർത്തകൻ

കുമ്പഴാംപൊയ്ക ഇടവകയിൽ വെട്ടിപ്പുറം സഭയിലെ പ്രവർത്തകനായിരുന്ന ഇട്ടേഴം ജൂലായി 15നു ഞായറാഴ്ച പകൽ 6 മണിക്കു 64-ാം വയസ്സിൽ കർത്താവിൽ നിദ്ര പ്രാപിച്ച വിവരം അറിയിക്കുന്നു. പിറോമിവസം പകൽ 3 മണിക്കു ഇടവകപട്ടക്കാരൻ റവ. പി. ഐ. ജോജ്ജ്, റവ. കെ. പി. ചാണ്ടി എന്നീ പട്ടക്കാരുടെ കാർമ്മികത്വത്തിലും അനേകരുടെ സാന്നിദ്ധ്യത്തിലും ശവസംസ്കാരശുശ്രൂഷ നടന്നു. ജൂൺമാസാരംഭത്തോടെ താൻ സഭോജോലിയിൽനിന്നും വിരമിക്കുകയും അതിനുശേഷം സുഖമില്ലാതെ കിടപ്പിലാകയും ചെയ്തു. ജൂലായി 8നു ഒരു ചെറിയ ജ്വരം ആരംഭിക്കുകയും അതോടുകൂടെ മാറാത്ത ഒരു ഏക്കിൾ തനിക്കു ഉണ്ടാകയും ചെയ്തു. ദൈവമക്കളായ പലരും തന്റെ അടുക്കൽ വന്നു തുടച്ചയായി പ്രാർത്ഥന നടത്തിക്കൊണ്ടിരുന്നു. മീനം കുട്ടുതലായിരുന്ന ഒരാഴ്ചവട്ടക്കാലം മരണത്തെ സാഗതം ചെയ്തുകൊണ്ടുതാൻ തുടച്ചയായി സംസാരിച്ചുകൊണ്ടിരുന്നു. "എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും എന്നും എന്റെ കഷ്ടപ്പാടുകൾ വേഗം തീർന്നു ഞാൻ സന്തോഷനാട്ടിൽ വേഗം എത്തുമല്ലോ എന്നും" മരണത്തിനു മുൻപു അടുക്കൽ ഉണ്ടായിരുന്നവരോടു പറഞ്ഞു. താൻ നെടുങ്ങേരി, മൈലാപ്പ, വെട്ടിപ്പുറം ഈ സഭകളിൽ 25 വർഷക്കാലം സഭാസേവനം അനുഷ്ഠിച്ചിട്ടുണ്ടു. പരേതന്റെ ഭാര്യയെ കൂടാതെ അഞ്ചു പെൺമക്കളും ഏകമകനും ഉണ്ടു. ഈ കുടുംബത്തിന്റെ ആശ്വാസത്തിനായി ദൈവമക്കളുടെ പ്രാർത്ഥനയെ അപേക്ഷിച്ചുകൊള്ളുന്നു.

മിഷ്യനറിപ്രവർത്തനത്തിന്റെ 250-ാം വാർഷികം

ഇന്ത്യയിൽ പ്രോട്ടസ്റ്റന്റു മിഷ്യനറിമാരുടെ പ്രവർത്തനം 1706-ൽ ആരംഭിച്ചതിന്റെ 250-ാം വാർഷികം ഇയ്യാണ്ടിലായതിനാൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ അതു യഥായോഗ്യം കൊണ്ടാടുകയുണ്ടായി. ബംഗ്ലൂരിൽ ഐക്യക്രിസ്തീയകൌൺസിലിന്റെ ആഭിമുഖ്യത്തിൽ ആഘോഷപൂർവ്വം രണ്ടുമൂന്നു ദിവസത്തെ പരിപാടികളായി നടത്തപ്പെട്ടു. ക്രിസ്തീയദേവാലയങ്ങളും ഭവനങ്ങളും അലങ്കരിക്കയും ഓരോ ദൈവാലയത്തിലും പ്രത്യേക ശുശ്രൂഷ ജൂലായി 8നു ഞായറാഴ്ച രാവിലെയും എല്ലാവക്കുകളുടെയുള്ള സംയുക്തശുശ്രൂഷ മുന്നു പള്ളികളിലായി വൈകുന്നേരവും നടത്തുകയും ചെയ്തു. വാർഷികദിനമായ 9നു ഉച്ചതിരിഞ്ഞു

പ്രോട്ടസ്റ്റന്റു സഭാജനങ്ങളുടെ ഒരു വന്ധിച്ച സമ്മേളനവും ഘോഷയാത്രയും നടത്തി അവ സാനിപ്പിക്കയും ചെയ്തു. സർ സാമുവേൽ രംഗനാഥന്റെ അദ്ധ്യക്ഷതയിൽ നടന്ന പൊതു യോഗത്തിൽ ഹൈന്ദവമാന്യന്മാരും മിഷ്യനറിമാരുടെ പ്രവർത്തനത്തെ മുക്തകണ്ഠം പ്രശംസിച്ചു പ്രസംഗിച്ചെന്നുള്ളതു പ്രസ്താവ്യമാണ്.

കേരളത്തിൽ മാർത്തോമ്മാ, സി. എസ്സ്. ഐ. സഭകളിൽ പ്രസ്തുത വാർഷികം സൗകര്യാർത്ഥം കൊണ്ടാടിയതു ജൂലായി 29നു ഞായറാഴ്ചയാണ്. സഭാദ്ധ്യക്ഷന്മാരുടെ കല്പന പ്രകാരം അന്നേദിവസം രാവിലെ എല്ലാ പള്ളികളിലും പ്രത്യേക ശുശ്രൂഷകളും പ്രധാന കേന്ദ്രങ്ങളിൽ വിവിധ സഭകൾ ചേർന്നുള്ള പൊതുയോഗങ്ങളും സുവിശേഷോപന്യാസ കളും നടക്കുകയുണ്ടായി. കോട്ടയത്തുള്ള വിവിധ സഭകളുടെ പള്ളികളിൽ രാവിലെ ഇതു സംബന്ധിച്ചുള്ള പ്രത്യേക ശുശ്രൂഷകൾ കൂടാതെ വൈകുന്നേരം മാർത്തോമ്മാ, സി. എസ്സ്. ഐ. സഭകളുടെ ഏകോപിച്ചുള്ള പരിശ്രമമായി കോളേജ് ചാപ്പലിൽ വച്ചു ഒരു സംയുക്തശുശ്രൂഷയും നടത്തപ്പെട്ടു. ഇംഗ്ലീഷിൽ നടത്തപ്പെട്ട ശുശ്രൂഷയുടെ ആദ്യഭാഗം ചാപ്പ്ലയിൻ റവ. സി. കെ. ജോണും പിന്നത്തേതു വൈസ് പ്രിൻസിപ്പൽ റവ. എ. ബാഗ്ഷൊയും നിവ്വഹിച്ചു. കോളേജുകാരെ കൂടാതെ പുറത്തുനിന്നും ആളുകൾ വന്നിട്ടുണ്ടായിരുന്നതിനാൽ ചാപ്പൽ ജനനിബിഡമായിരുന്നു. പാഠവും പ്രസംഗവും മലയാളത്തിലായിരുന്നു. പാഠം വായിച്ചതു റവ. എം. എം. ജോണും പ്രസംഗം ചെയ്തതു റവ. എം. എ. തോമസുമായിരുന്നു. പാശ്ചാത്യവസ്ത്രധാരണം കഴിഞ്ഞു ഇയ്യിടെ മടങ്ങിയെത്തിയ തോമസച്ചനെ അമേരിക്കയിലേക്കു കഴിഞ്ഞ മാസത്തിൽ പോയ റവ. സി. വി. ജോണിനു പകരം മാങ്ങാനം മാർത്തോമ്മാ ഇടവക വികാരിയായി നിയമിച്ചിരിക്കയാണ്. അദ്ദേഹത്തിന്റെ പ്രസംഗം ശ്രദ്ധേയമായിരുന്നു. 250 വർഷത്തെ മിഷ്യനറിപ്രവർത്തനത്തിന്റെ ഫലമായി ഭാരതത്തിൽ അനേകലക്ഷം പേർ ക്രിസ്ത്യാനികളായെന്നുള്ളതിനേക്കാൾ പ്രാധാന്യമേറിയതു ഇന്ത്യയിലെ പൊതു ചിന്താഗതിയിലും ജീവിതരീതിയിലും വന്നുഭവിച്ചിട്ടുള്ള വ്യതിയാനമാണ്. ദൈവഭയത്തിൽ അധികൃതനെന്നോ അധസ്ഥിതനെന്നോ എന്നുള്ള വ്യത്യാസമില്ലാതെ എല്ലാവരും ഒന്നുപോലെ വിലയുള്ളവരാണെന്നുള്ള ബോധവും പ്രജായത്തക്രമങ്ങളും മിഷ്യനറിമാരുടെ പ്രവർത്തനഫലങ്ങളാണെന്നുള്ളതിനു സംശയമില്ല. ജാതിവ്യത്യാസവും അയിത്തവുമെല്ലാം ദീർഘപാരമ്പര്യങ്ങളായി അടിയുറച്ചിരുന്ന സമ്പ്രദായങ്ങളുടെ ഉച്ചാടനവും തൽഫലങ്ങളാണ്. ഇതിനെല്ലാം നാം ദൈവത്തിനു സ്തോത്രം ചെയ്കയും സുവിശേഷപ്രചരണത്തിനായി ക്രൈസ്തവസഭകളും സംഘങ്ങളും ക്രിസ്തുവിലുള്ള യഥാർത്ഥവിശ്വാസത്തോടുകൂടെ അക്ഷീണയത്നം ചെയ്യുന്നതിനു നമ്മെത്തന്നെ സമർപ്പിക്കയും ഈ പ്രത്യേകാവസരത്തിൽ ചെയ്യേണ്ടതാണ്. മിഷ്യനറിപ്രവർത്തനത്തെപ്പറ്റി അനേപക്ഷണം ചെയ്യുമദ്ധ്യപ്രദേശകമ്മറ്റിയുടെ റിപ്പോർട്ടിനെ പരാമർശിച്ചും തോമസച്ചൻ പ്രസ്താവികയുണ്ടായി.

ഒരു സുവിശേഷകന്റെ ഭാഗ്യമരണം

റാന്നി കമ്മ്യൂണിറ്റിസ് സ്കൂളിൽ താമസിച്ചുകൊണ്ടു അനേകനാളുകളായി സുവിശേഷവേലയിൽ ഒരു ധീരപടയാളിയെപ്പോലെ തീക്ഷ്ണതയോടെ പ്രവർത്തിച്ചുകൊണ്ടിരുന്ന ശ്രീ സി. കെ. ജോസഫ് ഉപദേശി ജൂലായി 1നു ഞായറാഴ്ച നിത്യസ്വസ്ഥതയിലേക്കു പ്രവേശിച്ചു. ഞായറാഴ്ച രാവിലെ റാന്നിയിൽനിന്നും 6 മൈൽ അകലെയുള്ള കണ്ണമ്പള്ളി എന്ന സ്ഥലത്തു തന്റെ ചുമതലയിൽ ആക്കപ്പെട്ടിരുന്ന ഉപസഭയിലെ ശുശ്രൂഷനടത്തുന്നതിനായി പോയി. ആരാധനയും ഉജ്ജ്വലത്തായ ഒരു പ്രസംഗവും കഴിഞ്ഞു തിരികെ റാന്നിക്കു പോരുമ്പോൾ വഴിയിൽവച്ചു ഒരു അസ്വാസ്ഥ്യം നേരിട്ടു. ഒരു കടയിൽ കയറി ഇരിക്കുകയും ഒരു അഞ്ചു മിനിറ്റിനിടയിൽ തന്റെ ആത്മാവു പരലോകംപ്രാപിക്കയുമാണുണ്ടായതു. രാത്രിയിൽ തന്നെ ഭൗതികദേഹം റാന്നിയിൽ കൊണ്ടുവരികയും തിങ്കളാഴ്ച 10 മണിക്കു കമ്മ്യൂണിറ്റിസ് സ്കൂൾവിദ്യാർത്ഥികളും നാനാജാതിമതസ്ഥരടങ്ങിയ ഒരു വലിയ ജനസംഘത്തിന്റെ വിലാപയാത്രയോടുകൂടി സ്കൂളിൽനിന്നു പള്ളിയിൽ കൊണ്ടുവന്നു ശുശ്രൂഷയും ചരമപ്രസംഗവും നടത്തി സംസ്കരിക്കയും ചെയ്തു.

ഒരു കാലത്തു ചേർത്തലയിൽ അസ്വസ്ഥചിത്തനായ ഒരു ഹിന്ദുവായി സത്യമന്വേഷിച്ചു നടന്ന അദ്ദേഹം ഹിന്ദുമതം വിട്ടു മഹമ്മദുമതം സ്വീകരിക്കുകയും അതിൽ തീക്ഷ്ണതയോടെ നിലകൊള്ളുകയും ചെയ്തു. എങ്കിലും ആത്മശാന്തി ലഭിക്കാതെ ആത്മഹത്യചെയ്യുവാനായി പാക്കാണവും വാങ്ങിച്ചുകൊണ്ടു നടന്നപ്പോഴാണു ചേർത്തലയിലെ മണലാരണ്യത്തിൽനിന്നുകൊണ്ടു "അദ്ധ്വാനിക്കുന്നവരും ഭാരംചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ" എന്നുള്ള ക്രിസ്തുനാഥന്റെ ആഹ്വാനം രണ്ടു പ്രൈമറിവർ പ്രഘോഷണം ചെയ്യുന്നതു ശ്രവിച്ചതു്. പാക്കാണം ദൂരെ എറിഞ്ഞു, ക്രിസ്തുവിന്റെ അടുക്കലേക്കു തന്റെ ഭാരങ്ങളുമായി വന്നു.

നാട്ടും വീട്ടും വിട്ട അദ്ദേഹം റാന്നി കമ്മ്യൂണിറ്റിസ്കൂളിൽ രണ്ടു മക്കളുമായി അഭയം തേടി. കഴിഞ്ഞ പത്തുപതിനഞ്ചു വർഷങ്ങൾ സുവിശേഷപ്രഘോഷണത്തിനായിമാത്രം താൻ വിനിയോഗിച്ചു. ആഴ്ചയിൽ ആറു ദിവസവും റാന്നിയിലെ ചന്തകളിൽപോയി പ്രസംഗിക്കുക, മഴയുംവിശവും കണ്ണമ്പള്ളി ഉപസഭയിലെ ശുശ്രൂഷകൾ നടത്തുക എന്നിവ അവിശ്രമം അനുസന്ധിക്കവരെ നിവൃത്തിച്ചുപോന്നു. ഹിന്ദുമതത്തിലും ഇസ്ലാംമതത്തിലുമുണ്ടായിരുന്ന പാണ്ഡിത്യവും പരിചയവും ക്രിസ്തുമതവുമായി താരതമ്യപ്പെടുത്തി സുവിശേഷപ്രഘോഷണം നടത്തിയിരുന്നതു വളരെ ആകർഷണീയമായിരുന്നു. അദ്ദേഹത്തിന്റെ മരണാനന്തരം ഒരു ഹൈന്ദവൻ സാക്ഷിച്ചതു് "സുവിശേഷപ്രഘോഷണം ഒരടിയന്തിര കാര്യമാണെന്ന ബോധത്തിൽ എന്നു തീക്ഷ്ണതയോടുകൂടിയുള്ള പ്രസംഗങ്ങളായിരുന്നു ഉപദേശിയുടേതു്" എന്നത്രെ. പ്രസംഗപീഠത്തിൽ കയറിയാൽ പിന്നെ തന്റെ സർവ്വകായക്ലേശവും മറന്നു ഉജ്ജ്വലത്തായ പ്രസംഗങ്ങൾ മാത്രമേ പറയുക പതിവായിരുന്നതു്. "അനന്തരാപേക്ഷിതമായ കാര്യം" എന്ന തലക്കെട്ടിൽ ബില്ലിഗ്രഹാംമിക്ഷൻ സമയത്തു അനേകായിരം ലഘുലേഖകൾ സ്വന്തചെലവിൽ അച്ചടിച്ചു വിതരണംചെയ്തതു അനേകർക്കു ലഭിച്ചിട്ടുണ്ടു്. അതിലെ സന്ദേശത്തെന്ന അദ്ദേഹത്തിന്റെ പാണ്ഡിത്യവും വിശ്വാസാഢിതയും മനസ്സിലാക്കുവാൻ കഴിയും. അദ്ദേഹം നല്ല ഒരു വൈദ്യനുംകൂടി ആയിരുന്നു.

ചരമപ്രസംഗം ഫാദർ സ്റ്റീഫൻ കൊടുത്തുനാലും ഒവ. കെ. എം. ജോണും നിവൃത്തിച്ചു. പരേതനു രണ്ടു പുത്രന്മാരുള്ളതിൽ സ്കൂൾഫൈനൽ പാസായ പോൾ ഇപ്പോൾ സി. എൻ. ബൈബിൾസ്കൂൾ പരിശീലനത്തിലിരിക്കുന്നു. ഇളയമകൻ ജോണി സ്കൂൾഫൈനൽക്ലാസ്സിൽ പഠിക്കുന്നു. അവരുടെ നിലനില്പിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

K. M. JOHN

നമ്മുടെഭാഗത്തെ കുറവുകൾ

"മാസികവരിക്കാർ" ഈ ശീർഷകത്തിൽ കഴിഞ്ഞലക്കം മാസികയിൽ മാത്രമല്ല ആണ്ടിൽ രണ്ടും മൂന്നും ലക്കങ്ങളിൽ കാണുന്ന ഒരഭ്യർത്ഥനയാണ്. ഇതു വായനക്കാരായ നമ്മുടെ ഭാഗത്തുള്ള ഒരു കുറവുതന്നെയല്ലേ.

മനുഷ്യന്റെ രഹസ്യജീവിതങ്ങളുടെ ചിത്രയായ നടപടികൾ പൊതുരംഗത്തിൽ മാവായിരിക്കുന്നു എങ്കിലും ദൈവസന്നിധിയിൽ ഒന്നും മറവായിരിക്കുന്നില്ലെന്നു നാം അറിയുന്നു. അതുപോലെ കുടിശ്ശികക്കാരുടെ എണ്ണവും പത്രാധിപർ ലിസ്റ്റ് ഇട്ടുകൊണ്ടിരിക്കുന്നു, അടുത്തലക്കത്തിൽ കുടിശ്ശികക്കാരുടെ ലിസ്റ്റു പരസ്യപ്പെടുത്തുന്നു എങ്കിൽ നാം ആരൊക്കെയാണു ലജ്ജിതരാകുന്നതു്. അല്ല, നാംപരിവേഷിച്ചതുകൊണ്ടു വല്ലതും കാര്യമുണ്ടോ. ചെയ്യേണ്ടതു ചെയ്തു തീർക്കാൻ പല അവസരങ്ങൾ ലഭിച്ചിട്ടും ചെയ്യാത്തതു നമ്മുടെഭാഗത്തെ കുറവല്ലെ. ജീവിതത്തിൽ അവസരങ്ങൾ ഇനിയും അധികം ലഭിക്കുകയില്ല എന്നു നാം ചിന്തിച്ചു നമ്മുടെ കുറവുകളെ എത്രയുംവേഗം പരിഹരിപ്പാൻ നമുക്കു ശ്രമിക്കാം.

N. V. JACOB വള്ളിത്തോടു്, N. മലബാർ

C. T. D. Choristers' Association

മഹായിടവകയിലെ ഗായകസംഘങ്ങളെ പരിശീലിപ്പിക്കുന്നവർക്കായുള്ള ഒരു പരിശീലനക്ലാസ്സ് ഈ ആഗസ്റ്റ് 19—20നു കീഴിൽ കോട്ടയം കതീഡ്റൽ ഇടവകശാലയിൽ വച്ചു നടത്തുന്നതിനു തീരുമാനിച്ചിരിക്കുന്ന വിവരം അറിയിച്ചുകൊള്ളുന്നു. സെക്രട്ടറിയുടെ പേക്കു എഴുതിയാൽ വിശദവിവരങ്ങൾ ലഭിക്കുന്നതാണ്.

Secretary, MANI K. MANI, കണിയാങ്കൽ,
Chungam, Kottayam.

THE FAMILY FRIEND

കുടുംബപ്രിയവാദിനി

പുസ്തകം 48 ലക്കം 8 ആഗസ്റ്റ് 1956

നിലവിളിക്കുന്ന ഒരു അമ്മ

അവൾ ഒരു പുറജാതിസ്ത്രീ ആയിരുന്നെങ്കിലും "കർത്താവേ, എന്നോടു കരുണ തോന്നണമേ" എന്നിങ്ങനെ ഏതൊരു യഹൂദനിലും ഉണ്ടാകുമായിരുന്ന ഒരു പ്രാർത്ഥനയത്രേ അവളുടെ നിലവിളിയിൽ അന്തർഭവിച്ചിരുന്നതു്. ഭൂതബാധയാൽ കഠിനമായി വിഷമിച്ചുകൊണ്ടിരുന്ന അവളുടെ മകളുടെ പ്രയാസം അവളോടായി ഏകീഭവിച്ചതിനാലാണ് എന്നോടു കരുണ തോന്നണമേ എന്ന നിലവിളിച്ചതു്. സാധാരണമല്ലാതെ കർത്താവു അവളുടെ നിലവിളിയിൽ മൌനത കാണിച്ചെങ്കിലും അവൾ മടുത്തു പോകാതെ നിലവിളിക്കുകയും "കർത്താവേ എന്നെ സഹായിക്കണമേ" എന്നു പറഞ്ഞു പിൻചെന്നു കൊണ്ടു അവനെ നമസ്കരിക്കയും ചെയ്തു. മേശമേലുള്ള ഭക്ഷണമല്ലെങ്കിലും മേശയ്ക്കു കീഴിലുള്ള അപ്പക്കഷണങ്ങൾ എങ്കിലും ലഭിക്കണം എന്നു അവൾ അവകാശവാദം ചെയ്യുന്നു. ഈ പുറജാതി സ്ത്രീയുടെ വിശ്വാസം കർത്താവിനെ അത്ഭുതപ്പെടുത്തി. നിന്റെ വിശ്വാസംപോലെ നിനക്കു വേണ്ടതു എന്നു കർത്താവു പറയുകയും ആ നാഴികമുതൽ അവളുടെ മകൾക്കു സൌഖ്യം ലഭിക്കയും ചെയ്തു.

പലസ്തീനാടിന്റെ വടക്കേഭാഗത്തുള്ള സോർ, സീദോൻ പ്രദേശങ്ങളിലേക്കു യേശു കർത്താവു തന്റെ ശിഷ്യന്മാരുമായി ഒരു സുവിശേഷയാത്ര ചെയ്യുമ്പോഴാണ് ഈ നിലവിളിച്ച അമ്മയെ കണ്ടുമുട്ടിയതു്. അന്ധകാരത്തിലിരുന്നവരെയും ഭാരം ചുമക്കുന്നവരെയും ആശ്വസിപ്പിക്കുവാൻ കഴിയുന്ന യേശു രക്ഷിതാവു ഈ അമ്മയെ നേരിട്ടു കാണുകയും അവളുടെ മനോഭാരത്തിൽനിന്നു വിടുതൽ കൊടുക്കയും ചെയ്തു.

"കർത്താവേ, എന്റെ മകനോടു കരുണയുണ്ടാകേണമേ. അവൻ ചന്ദ്രരോഗം പിടിച്ചു..... വല്ലാതെ കഷ്ടത്തിലായ്തീരുന്നു" എന്നു പറയുന്ന പിതാക്കന്മാരും "എന്നോടു കരുണയുണ്ടാകണമേ" എന്നു പറഞ്ഞു മകളെച്ചൊല്ലി വിലപിക്കുന്ന മാതാക്കളും ഇന്നും ഏതു ആയിരമായിരങ്ങൾ!!

കായൽത്തീരത്തും കടൽത്തീരത്തും തോട്ടപ്രദേശങ്ങളിലും എന്നുവേണ്ട നാനാഭാഗത്തുനിന്നും യുവതീയുവാക്കളുടെയും മാതാപിതാക്കളുടെയും വിലാപശബ്ദം ഉയരുന്നു. സുഖവും ശക്തിയും സമാധാനവും തൃപ്തിയും നല്കുന്ന യേശുരക്ഷിതാവിനെ ചൂണ്ടിക്കാണിച്ചുകൊടുക്കുന്നതിനു നമ്മുടെ മുമ്പാകെ സമീപിച്ചു വന്നിരിക്കുന്ന സുവിശേഷവേലയിൽ ഉപയോഗിക്കുന്നതിനു നമ്മെ ദൈവശക്തിയിൽ ഉറപ്പിക്കാം.

S. T.

അവസരം തക്കത്തിൽ ഉപയോഗിപ്പിൻ

ഒക്ടോബർ 18നു ശനിയാഴ്ച 4 മണിയോടുകൂടി മുഹമ്മയിൽ എത്തി നമ്മുടെ മിക്ഷൻഭവനത്തിൽ താമസിച്ചുകൊണ്ടു അടുത്ത ദിവസം മുതൽ ആ പ്രദേശങ്ങളിൽ സുവിശേഷവേല ചെയ്യാൻ ക്രമീകരണം ചെയ്യുന്നുണ്ടു്. തങ്ങളുടെ പ്രാർത്ഥന, സാന്നിദ്ധ്യം, ഔദാര്യമനസ്സുകൾ എന്നിങ്ങനെ ഏതെങ്കിലും വിധത്തിൽ ഈ വേലയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന യുവതികളെയും മാതാക്കളെയും ക്ഷണിച്ചുകൊള്ളുന്നു.

S. T.

ഒള്ളൂരിലെ സ്ത്രീജനസഖ്യം

ഇടവകയിലെ സ്ത്രീകളുടെ ആത്മീയ ജീവിതത്തിനും പ്രവർത്തനത്തിനും കൂടുതൽ ഉണർവു ഉണ്ടാകണമെന്നുള്ള ആഗ്രഹത്തിൽ ബഹുമാനപ്പെട്ട ഇടവകപ്പട്ടക്കാരൻ കെ. ഒ. ഫിലിപ്പു അച്ചൻ അവർകൾ ജൂലായി 14-ാം ശനിയാഴ്ച ഒരു പ്രത്യേക ദിനമായി വേർതിരിച്ചു യോഗങ്ങൾ നടത്തുകയും അങ്ങനെ അന്നു് ഒരു നല്ല കൂട്ടായ്മദിനമായി പര്യവസാനിക്കുകയും ചെയ്തു. സിസ്റ്റർ

ഈഡിത്തു്, മിസ്സസ്സു് ഫെ. കുയ്ൻ എന്നിവരും തങ്ങളുടെ സാന്നിദ്ധ്യത്താലും ദൂതുകളാലും യോഗത്തിൽ പങ്കെടുത്തു. ഒളശ്ശയിലെ അമ്മമാരുടെ കൂടായ്മയിൽ പ്രസ്തുത ദിനത്തിലെ ഉച്ചക്ഷോണവും മെച്ചമായി നടന്നു. S. T.

ബഥേൽആശ്രമം

1955 ഏപ്രിൽ മുതൽ 1956 മാച്ചുവരെ ബഥേൽ ആശ്രമത്തിനുവേണ്ടി ലഭിച്ച ബാങ്കുചെക്കുകളുടെ വിവരം താഴെ ചേർക്കുന്നു. അച്ചടിച്ച റിപ്പോർട്ടിൽ ഇവ ചേർക്കാൻ വിട്ടുപോയതിൽ ഞങ്ങൾ ഖേദിക്കുന്നു. സഭയും ക്ഷമിക്കുമല്ലോ.

ബഥേൽ,
ജൂലായി 26 } (SISTER EDITH)

ബാങ്കിൽ അടച്ച സംഭാവനകൾ.

തിരുവനന്തപുരം 100 ക., തിരുവനന്തപുരം ക്രൈസ്റ്റ് ചർച്ചു് 202 ക. 4 ണ, തിരുവനന്തപുരം (കല്ലടയ്ക്കൽ) 50 ക., കോട്ടയം 200 ക., കഞ്ഞിക്കുഴി 316 ക. 4 ണ, കഞ്ഞിക്കുഴി റിഗയറിങ്ങു ഹോം 15 ക., തിരുവല്ല 50 ക., കൊല്ലാട്ടു് 2 ക., ഏരുമപ്ര 3 ക., സിസ്റ്റർ അന്ന ബെഞ്ചമിൻ 30 ക., സിസ്റ്റർ അന്ന ബെഞ്ചമിൻ (റിഗയറിങ്ങുഹോം) 50 ക., ബി. എം. സ്കൂൾ 100 ക., ബി. എം. സ്കൂൾ (കല്ലടയ്ക്കൽ) 25 ക., മി. തോമസ് തയ്യൻ 15 ക., ഡോ. കോശുരു ജോൺ 20 ക., മിസ്സസ്സ് റേച്ചൽ കോശി 50 ക. 6 ണ., മഹായിടവക ആഫ്രീസിൽനിന്നു (ഒരു വിദ്യാർത്ഥിക്കു) 48 ക. 12 ണ., മി. & മിസ്സസ്സ് ആനന്ദ് 66 ക. 4 ണ. 9 പ., തോമസു ചാണ്ടി 100 ക., ഡോ. വി. വറുഗീസ് (എൻഡോമെന്റു്) 119 ക. മേടയിൽ അന്ന മാണി മെമ്മോറിയൽ 110 ക. 10 ണ, മഹായിടവക ആഫ്രീസിൽനിന്നു സ്കൂളിനു 26 ക, 3 ണ. 9 പ., മിസ്സസ്സ് എം. പി. പുന്നൻ 25 ക., മിസ്സസ്സ് ഏബ്രഹാം 40 ക., മിസ്സസ്സ് എൻ. റവി. മാത്യു 35 ക., മി. റവി. തയ്യൻ 25 ക., ശ്രീ. എം. പി. ജോർജ്ജ് 20 ക., ഡോ. റവി. ജെ. ജോസഫ് 75 ക., ഡോ. റവി. ജെ. ജോസഫ് (റിഗയറിങ്ങുഹോം) 25 ക., മി. പി. റവി. ജോർജ്ജ് 30 ക. ആകെ 1974 ക. 12 ണ. 6 പ.

Sister RACHEL JOSEPH, Sister EDITH NEVE.

യുവതിസമാജസെക്രട്ടറി പരിശീലനാർത്ഥം മദ്രാസിലേക്കുപോയിരിക്കുന്നു. പുതുതായിട്ടു് ആരെയും നിയമിച്ചിട്ടില്ല. പുതിയ നിയമനം ഉണ്ടാകുന്നതുവരെ സമാജസംബന്ധമായ എഴുത്തുകുത്തുകൾ മിസ്സസ്സ് എം. കെ. തോമസ്, ബഥേൽആശ്രമം, കോട്ടപ്പുഴ, തിരുവല്ലാ എന്ന മേൽവിലാസത്തിൽ അയക്കണം.

Miss DALTON, വനിതാബോർഡു സെക്രട്ടറി.

ഒരു ചരമം

"മുപ്പത്തെട്ടുസംവത്സരം മൈബിൽസൊസൈറ്റിയുടെ കീഴിൽ കോൽപ്പോർട്ടർജോലിചെയ്തിനുശേഷം ജോലിയിൽനിന്നു വിരമിച്ചു ആലുവായിലുള്ള സ്വഭവനത്തിൽ വിശ്രമിച്ചുവരുന്ന മി. വി. എം. തോമിയുടെ രണ്ടു മകളിയാമ്മ 75-ാം വയസ്സിൽ ജൂലായിമാസം 3-ാംതീയതി വെള്ളിയാഴ്ച രാവിലെ കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം ശനിയാഴ്ച കാലത്തു എട്ടുമണിക്കു സി. എസ്സ്: ഐ. പള്ളി സിമത്തേരിയിൽ നാനാജാതിമതസ്ഥരായ ഒരു വലിയ ജനസമൂഹത്തിന്റെ സാന്നിദ്ധ്യത്തിൽ യഥാവിധി നടത്തപ്പെട്ടു."

നോബൽശാസ്ത്രജ്ഞന്മാരുടെ അഭ്യർത്ഥന

നോബൽസമ്മാനം ലഭിച്ചിട്ടുള്ള 51 ശാസ്ത്രജ്ഞന്മാർ ഏകകണ്ഠമായി ലോകരാഷ്ട്രങ്ങളോടായി ഒരഭ്യർത്ഥന പുറപ്പെടുവിച്ചിരിക്കുന്നു. പശ്ചിമജർമ്മനിയിൽ കൂടിയ ഒരഖിലലോകസമ്മേളനത്തിൽ വെച്ചാണു ഇതു ചെയ്തതു്. ശാസ്ത്രം കണ്ടുപിടിച്ചിട്ടുള്ള യുദ്ധായുധങ്ങൾ മനുഷ്യവംശത്തിനു നാശകരമായിട്ടുള്ളതാകയാൽ യുദ്ധം നിറുത്തിവയ്ക്കുന്നതിനു വേണ്ടതു ചെയ്യണമെന്നാണു് അഭ്യർത്ഥന. യുദ്ധായുധങ്ങളുടെ പ്രയോഗത്തിൽനിന്നു പ്രസരിക്കുന്ന റേഡിയോശക്തി ലോകമെങ്ങും വ്യാപിക്കുന്നതിനാൽ മനുഷ്യർ കൂട്ടമായി നശിക്കുകയോ ഗുരുതരരോഗങ്ങളുണ്ടാകയോ ചെയ്യുമെന്നു മുന്നറിയിപ്പുകൊടുത്തിരിക്കുന്നു. യുദ്ധത്തിൽ ഏർപ്പെട്ടവർ മാത്രമല്ല നിഷ്പക്ഷതയിലുള്ളവരും അപകടത്തിലാകുമെന്നു ചെയ്യും.

ബഥേൽ വാർത്തകൾ

ആസ്ത്രേലിയൻ പര്യടനം കഴിഞ്ഞു സിസ്റ്റർ റേച്ചൽ ജൂലൈ 17ന- ബഥേൽ ആശ്രമത്തിൽ വന്നെത്തിയിരിക്കുന്നു. ശരീരത്തിനും മനസ്സിനും ഇതുമൂലം ഒരു പുതുകൂവും ഉന്മേഷവും ലഭിച്ചിട്ടുണ്ട്. ദൈവത്തിന്റെ ദിവ്യവിചാരണകളെ ഓർത്തു നന്ദിയോടെ സ്തോത്രം ചെയ്യുന്നു.

കഴിഞ്ഞവർഷം മദ്രാസിൽ ക്രൈസ്തവവിദ്യാലയത്തിൽ പരിശീലനം കഴിഞ്ഞ മിസ്സ് ശാന്തമ്മ ജോൺ ബി. എ. കല്ലട ശാഖാശ്രമത്തിലും മിസ്സ് സൂസി ഉമ്മൻ ബി. എ. തിരുവല്ല ആശ്രമത്തിലും വേല ആരംഭിച്ചിരിക്കുന്നു. മിസ്സ് ചേച്ചമ്മ ജോർജ്ജ് ബി. എ.യ്ക്കു Torontoയിൽ രണ്ടാം വർഷം പരിശീലനം നടത്തുന്നു. മിസ്സ് സൂസി തോമസിനു ഈ വർഷം C. S. V. യിൽ പരിശീലനത്തിനു ഒരവസരം ലഭിച്ചതു നല്ലതുതന്നെ. C. S. V. ഈ വിധത്തിൽ സഹായിക്കുന്നതു നന്ദിയോടെ സ്മരിക്കുന്നു.

പതിവുപോലെ ഈ വർഷവും ബഥേൽ കൊമ്മണിറ്റി സ്കൂളിൽ ആവശ്യമുള്ള അദ്ധ്യാപകരെ ലഭിച്ചതിൽ സന്തോഷമുണ്ട്. സ്കൂൾ കുട്ടികൾ നാലു കോട്ടേജുകളിൽ താമസിച്ചും കൊണ്ട് ഒരേ സ്കൂളിൽ അദ്ധ്യയനം നടത്തുന്നു. സ്കൂളിൽ ഹെഡ്മിസ്സ് ആയിരുന്ന റിറി. എസ്സ് മറിയാമ്മക്കു ശരീരസുഖമില്ലാഞ്ഞതിനാൽ ചികിത്സാർത്ഥം അവധിയിൽ പോയിരുന്നു.

---

34 വർഷക്കാലം പഴക്കമുള്ള ആശ്രമത്തിലെ പ്രവർത്തകർ ഓരോരുത്തരായി വാർദ്ധക്യവും ക്ഷീണവുമുള്ളവരായി തീരുകയാണു. ഇവരുടെ ഭാവിയെ സംബന്ധിച്ചു ശരിയായി ചിന്തിക്കയും കഠിനഅദ്ധ്വാനം ചെയ്തു ഇവർക്കു വിരമിക്കുന്നതിനു ഒരു 'Home of Peace' ഉണ്ടാക്കേണ്ടതും ആവശ്യവും ആകുന്നു. ഈ സംഗതി ഓർത്തു തെളിവായ നടത്തിപ്പിനു പ്രാർത്ഥിക്കുമല്ലോ. ബഥേൽ പ്രവർത്തകർക്കു മാത്രമല്ല മഹായിടവകയിലെ സ്ത്രീപ്രവർത്തകരെ എല്ലാം ഇതിൽ ഉൾപ്പെടുത്തേണ്ടതാകുന്നു. കുടുംബസ്ഥരും, വിധവമാരും, ഗവർമ്മെൻറു ജോലികളിൽനിന്നു വിരമിക്കുന്നവരുമായവർക്കും ആവശ്യാനുസരണം അല്പസമയത്തേക്കോ അധികസമയത്തേക്കോ Paying guests ആയും വന്നു താമസിക്കുന്നതിനും ക്രിസ്തീയ ജീവിതം പുതുക്കുന്നതിനും അവസരം ഉണ്ടാക്കേണ്ടതു ആകുന്നു. അതും സഭയുടെയും ബഥേൽ ആശ്രമഅസ്സോസ്സിയേറ്റുസ്, മാതൃസംഘം സ്ത്രീജനകൂട്ടായ്മകൾ ഇവരുടെ ശ്രദ്ധയിലും പ്രാർത്ഥനയിലും ഉൾപ്പെടേതാകുന്നു. 'നിന്റെ കൂടാരത്തിന്റെ സ്ഥലത്തെ വിശാലമാക്കുക. നിന്റെ നിവാസങ്ങളുടെ തിരശ്ശീലകളെ അവർ നിവർത്തട്ടെ തടുത്തു കളയരുതു. നിന്റെ കയറുകളെ നീട്ടുക നിന്റെ കുറ്റികളെ ഉറപ്പിക്ക,'

ഓണമവധിക്കാലത്തു സുവിശേഷവേലയ്ക്കുള്ള അവസരങ്ങൾ ശരിയായി ഉപയോഗിക്കുന്നതിനും, അവധി കഴിഞ്ഞുള്ള ദേറം ഫലപ്രദമായ വേലയ്ക്കു മുഖാന്തരം ആകുന്നതിനും പ്രാർത്ഥിക്കുമല്ലോ.

അസ്സോസ്സിയേറ്റ്സ് ധ്യാനയോഗം, ബഥേൽദിനം ഇവയെല്ലാം നടക്കേണ്ടവണ്ണം നടത്തുന്നതിനു നടത്തിപ്പിനായും പ്രാർത്ഥിക്കുമല്ലോ.

കോട്ടയം മുടവക സഹോദരിമാർ ചെയ്ത മുഖാന്തരവും പണമായി മഹായിടവകയിൽ അടച്ചതും നന്ദിപൂർവ്വം സ്വീകരിച്ചിരിക്കുന്നു. ഈ പ്രാവശ്യത്തെ റിപ്പോർട്ടിൽ അതു തെളിവായി കാണിച്ചിട്ടില്ല. അതു ക്ഷമിക്കണം. എന്നാൽ നിങ്ങളുടെ സംഭാവന 386 രൂപാ ചില്ലറാനമാണു എല്ലാ സംഭാവനകളെയും മികച്ചു നില്ക്കുന്നതു. അതു അങ്ങനെ തന്നെയാണു ഇരിക്കേണ്ടതും. കത്തീഡ്രൽ സ്ത്രീജനം പിന്നോക്കമാകാൻ പാടില്ലല്ലോ. കഞ്ഞിക്കുഴി

യും കട്ടും പിന്നോക്കമല്ലല്ലോ. 360-ൽ ചില്ലാനം ചെക്കായി ബഥേൽമിനത്തിൽ ഇട്ടും റിപ്പോർട്ടിൽ തെളിവായി കാണിച്ചിട്ടില്ല. എന്നാൽ പണം ഉണ്ട്. നന്ദിപൂർവ്വം സ്വീകരിച്ചിട്ടുണ്ട്. അടുത്തവർഷം ഇങ്ങനെ വരാതെ സൂക്ഷിക്കാം. ഓരാൾ എല്ലാം ചെയ്യുന്നതിനുപകരം ഈ പ്രാവശ്യം പലരാണ് ചെയ്യുക. അതും ഇതിനു കാരണമായി വിചാരിക്കാം.

ആസ്ത്രേലിയൻപയ്യടനത്തെപ്പറ്റിയോ അവിടത്തെ സ്ഥിതിഗതികൾ; വേല ഇവയെപ്പറ്റിയോ കേൾപ്പാൻ ആഗ്രഹിക്കുന്ന സ്നേഹിതജനങ്ങൾക്കു വിവരം അറിയിച്ചാൽ അതു ക്രമപ്പെടുത്താവുന്നതാകുന്നു. അതിനുള്ള യാത്ര ചെലവുകൾ ഓരോ കൂട്ടവും ചുമതലപ്പെടുന്നതും ഉത്തമം ആയിരിക്കും.

പാട്ട്

("അമ്പിളിഅമ്മാവാ—എന്ന" രീതി)

ഉല്പത്തി പുറപ്പാട ലേവ്യാസംഖ്യാ-
ആവർത്തനയോശുവാ
ന്യായാധിപന്മാർരൂത്ത് രണ്ടുശമുവേൽ
രാജാക്കന്മാർ.

രണ്ടുദിനവൃത്താന്തം കഴിഞ്ഞതിൻ
ശേഷമെസ്രാ നെഹെമ്യാ-
വെസ്ഥേറിയ്യോബു സങ്കീ—ർത്തനങ്ങളും
സദ്വാക്യങ്ങളും.

പിന്നെ സഭാപ്രസംഗിയതിൻശേഷം-
ഉത്തമഗീതവുമേ
യെശയ്യാവിരമ്യാവും വിലാപങ്ങ-
ളെഹസ്കേൽ ദാനിയേലും.

ഹോശയായോവേലാമോസ്
ഓബദ്യാവു യോനാമീഖാനഹൂമും
ഹബക്കൂക്ക് സെഫന്യാവു
ഹഗ്ഗായിയും സെഖര്യാ മലാഖിയും.

മത്തായിമർക്കോസ് ലൂക്കോസ്
യോഹന്നാനുമപ്പോസ്തലപ്രവൃത്തി
റോമർ രണ്ടുകൊരിന്ത്യർ ഗലാത്യരു-
മെഫേസ്യർഫിലിപ്യരും.

കൊലോസ്യർ പിന്നെ രണ്ടു
തെസ്സലോനി രണ്ടുതിമൊഥെയോസും.
തീത്തോസ് ഫിലേമോനുമേ
എബ്രായരും യാക്കോബു പത്രോസുരണ്ടും.

മൂന്നുയോഹന്നാൻയൂദാ
വെളിപ്പാടിതുമാകെപ്പുസ്തകങ്ങൾ
ആറുപത്തുമാറുമായ് ക്രമീയതാം
സത്യതിരുവചനം.

പി. സി. ചാക്കോ, കാനം.

മല്ലപ്പള്ളി ഗായകസംഘം

മഹായിടവക ഗായകസംഘം സെക്രട്ടറിയും, കതീഡ്റൽ കപ്യർമാസ്റ്ററും, തോലശ്ശേരി കപ്യർമാസ്റ്ററും 22നു ഞായറാഴ്ച കാലത്തു ഇവിടെവന്നു 8. 30—9. 30 ഞങ്ങളുടെ ഗായകസംഘത്തിന്റെ പ്രാക്ടിസ് നടത്തുകയും ആരാധനയ്ക്കുശേഷം 11—12. 30 സ്വരപരിശീലനം നിർവ്വഹിക്കയും ചെയ്തു. 2—4 നടത്തിയ പാട്ടുപരിശീലന ക്ലാസ്സിൽ ഞങ്ങളുടെ കപ്യർ കൂടാതെ എഴമറവർ കപ്യരും, ഗേൾസ് ഗിൽഡും 10 വയസ്സിനു മേൽ പ്രായമുള്ള മറ്റു കുട്ടികളുൾപ്പടെ 100 പേർ ഹാജരുണ്ടായിരുന്നു. അവരെ ഗ്രൂപ്പുകളായി തിരിച്ചു സ്വരാഭ്യസനം നടത്തുകയും പുതിയ കീർത്തനങ്ങളും ഗീതങ്ങളും പഠിപ്പിക്കയും ചെയ്തു. അവരുടെ ക്ലാസ്സുകൾ ഞങ്ങൾക്കു വളരെ ഉപകാരപ്രദമായിരുന്നു.

M. V. IDICULA, *Choir Secretary.*

സുവിശേഷഭാഷിണി

പുസ്തകം 48. ലക്കം 8 ആഗസ്റ്റ് 1956

പാറക്കാൽ മിഷ്യൻ

പതിനഞ്ചു സംവത്സരങ്ങൾക്കു ശേഷം വീണ്ടും ഈ മിഷ്യൻ വയലിൽ വന്നു പ്രവർത്തിക്കുവാൻ ദൈവം വിളിച്ചിരിക്കുന്നതുകൊണ്ടു തൻറെ തിരുനാമത്തിനു സ്തോത്രം ചെയ്യുന്നു. ഈ പതിനാറു സംവത്സരങ്ങൾക്കിടയിൽ ഈ സ്ഥലത്തും ഈ രാജ്യത്തും പലവിധ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ഉന്നാമതായി ഡോർണക്കൽ മഹായിടവക സി. എസ്. മെയിൽ ഉൾപ്പെട്ടതിനാൽ മുമ്പു വെസ്ലിയൻ മിഷ്യനിൽ ചേർന്ന സ്ഥലങ്ങൾ പലതും ഈ മഹായിടവകയോടു ചേർക്കപ്പെടുകയും കൃഷ്ണാ, കർണ്ണാടക മുതലായ ഡിസ്ട്രിക്ടുകൾ ഡോർണക്കലിൽ നിന്നു വേർപെട്ട വേറൊരു മഹായിടവകയായി രൂപീകരിക്കപ്പെടുകയും ചെയ്തു. ഡോർണക്കൽ മഹായിടവകയുടെ ബിഷോപ്പായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ആൾ, വെസ്ലിയൻ മിഷ്യനിൽ പെട്ട ഒരാളാകുന്നു എന്നുള്ളതു പ്രസ്താവ്യയോഗ്യമാണ്.

മുമ്പു നൈസാം രാജാവിൻറെ ഭരണവും മുഹമ്മദീയരുടെ പ്രാബല്യവും ഉണ്ടായിരുന്ന ഈ ദേശം ഇന്ത്യൻ യൂണിയനിൽ ചേർക്കപ്പെട്ടതിനാൽ തെലുങ്കാനാ എന്ന ഭാഗമായി രൂപീകരിക്കപ്പെട്ടിരിക്കുന്നു. ഉദ്യോഗസ്ഥന്മാരിൽ അനേകം പേരും ഇപ്പോൾ ഹിന്ദുക്കൾ ആകുന്നു. നൈസാം തഹലാപ്പീസുകൾ നിർത്തൽ ചെയ്തു ഇന്ത്യൻ തഹലാപ്പീസുകൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. നൈസാം നാണയങ്ങൾക്കു പകരം ഇന്ത്യൻ നാണയങ്ങൾ പ്രചാരത്തിലായിരിക്കുന്നു. ഗ്രാമങ്ങൾ തോറും പഞ്ചായത്തുകളും പഞ്ചായത്തുവക പ്രൈമറിസ്കൂളുകളും കാണപ്പെടുന്നു. ഈ പർക്കാൽ പട്ടണത്തിൽ മഹാത്മാഗാന്ധിയുടെ ഒരു പൂർണ്ണ പ്രതിമ പട്ടണത്തിൻറെ മുഖ്യസ്ഥാനത്തു പ്രതിഷ്ഠിച്ചിരിക്കുന്നു.

നമ്മുടെ മിഷ്യൻ വയലിൽ ചില മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ബെഥേൽ ആശ്രമത്തിൻറെ ഒരു ശാഖ ഇവിടെ ആരംഭിച്ചതിനാൽ സിസ്റ്റർ മേരി തോമ്മസ്, മിസ്സ് ആനിതോമ്മസ് എന്നീ രണ്ടു വനിതകൾ പ്രവർത്തകരായിട്ടുണ്ട്. അവർ ഇവിടെയുള്ള സ്കൂളിൽ പഠിപ്പിക്കുകയും പർക്കാലിലും ചുറ്റുമുള്ള ഗ്രാമങ്ങളിലും ചെന്നു സുവിശേഷം അറിയിക്കയും രോഗികൾക്കു മരുന്നു കൊടുക്കുകയും ചെയ്യുപോരുന്നു. അവർക്കു താമസത്തിനായിട്ടു ഒരു വീടും പണിയപ്പെട്തിരിക്കുന്നു. പർക്കാലിൽ നമ്മുടെ പഴയ പറമ്പിനോടു ചേർന്നു കിടക്കുന്നതും വിസ്താരമുള്ളതുമായ ഒരു പറമ്പുകൂടെ വാങ്ങിക്കുകയും അവിടെ ഒരു പള്ളിക്കൂട കെട്ടിടം പണിയപ്പെടുകയും ചെയ്തിട്ടുണ്ട്. ഏകദേശം ചില കുട്ടികളെകൊണ്ടു ആരംഭിച്ച ബോർഡിങ്ങ്ഹോം മുപ്പത്തോളം കുട്ടികളെ ചേർത്തു പഠിപ്പിക്കുവാൻ തക്കവണ്ണം വിപുലപ്പെട്ടു. ഇവിടെ താമസിക്കുന്ന കുട്ടികളെ കൂടാതെ മറ്റു ഹിന്ദുക്കുട്ടികളിൽ ചിലരും വന്നു പഠിക്കുത്തക്കവണ്ണം അഭ്യസനവും പുരോഗമിച്ചിട്ടുണ്ട്. അനേക പുതിയ ഗ്രാമങ്ങളിൽ പ്രവർത്തനം ആരംഭിക്കുകയും അനേകർ സ്നാനപ്പെടുകയും ചെയ്തിട്ടുണ്ട്.

കൂട്ടംകൂട്ടമായി ക്രിസ്ത്യാനികളാകുന്ന ഇങ്ങനെയുള്ള വയലുകളിൽ അവർക്കു ശരിയായ ക്രിസ്തീയ അഭ്യസനം നല്കുന്നതിനു അവരോടുകൂടെ താമസിച്ചു പ്രവർത്തിക്കുന്ന ക്രിസ്തീയ പരമ്പര്യവും തീക്ഷ്ണതയുമുള്ള തെലുങ്കു പ്രവർത്തകർ ആവശ്യമാകുന്നു. കൂടാതെ ജനങ്ങളെ ആരാധനയിലും മറ്റും പരിശീലിപ്പിക്കുന്നതിനു ക്രിസ്ത്യാനികൾ ഉള്ള ഗ്രാമങ്ങളിലെല്ലാം ഓരോ പ്രാർത്ഥനാലയവും ഉണ്ടായിരിക്കേണ്ടുന്നതാകുന്നു. ഈ ഗ്രാമങ്ങളിൽ പ്രാർത്ഥനാലയങ്ങൾ ഇല്ലാത്തതിനാൽ ജനങ്ങൾ, പ്രവർത്തകർ താമസിക്കുന്ന വീടിൻറെ മുറ്റത്തോ വീടുകളുടെ മദ്ധ്യേകൂടിയുള്ള വഴികളിലോ അതു ആരാധനയും കൂടുന്നു. പ്രാർത്ഥന എന്നോ ആരാധന എന്നോ അറിവാൻ പാടില്ലാത്ത ജനങ്ങളെ ക്രിസ്തീയ ആരാധനയിൽ സംബന്ധിപ്പാൻ ഉത്സാഹിപ്പിക്കുന്നതിനും ആയതിൽ പരിശീലിപ്പിക്കുന്നതിനും ഓരോ ചെറിയ കെട്ടിടമെങ്കിലും ആവശ്യമാകുന്നു. തടിയുടെയും മറ്റും ചില പഴയ കാലങ്ങളിൽ നിന്നു വളരെ അധികം വർദ്ധിച്ചിട്ടുണ്ട്. ഒരു ഗ്രാമത്തിൽ ഒരു പ്രാർത്ഥനാലയം പണിയുന്നതിനു അഞ്ഞൂറു രൂപാ മുതൽ ആയിരം രൂപാവരെ ചെലവാകുന്നതാണ്. വരുന്ന വേനല്കാലത്തിനകം രണ്ടു ഗ്രാമങ്ങളിലെങ്കിലും ഓരോ പ്രാർത്ഥനാലയം പണിവാൻ സാധിച്ചിരുന്നു എങ്കിൽ എത്ര നല്ലതായിരുന്നു.

ഈ പർക്കാൽ പട്ടണത്തിൽ ഒരു പള്ളി പണിയുന്നതിനു ഇതുവരെയും സാധിച്ചില്ലല്ലോ. ഇവിടെയുള്ള ക്രിസ്ത്യാനികൾക്കും മറ്റു ഗ്രാമങ്ങളിലുള്ളവർക്കും വന്നു കൂടുന്നതിനു തക്കതായ ഒരു പള്ളി ഇവി

ടെ പണിയണമെന്നാഗ്രഹിക്കുന്നു. കഴിഞ്ഞ പല വർഷങ്ങളിലായി ഇവിടത്തെ സ്നോത്ര കാഴ്ച്ച യും മറ്റും പള്ളിപണിയുടെ ആവശ്യത്തിലേക്കായി ഡോർണക്കൽ മഹായിടവക ആഫീസിൽ നിക്ഷേ പിച്ചുകൊണ്ടിരിക്കയാണ്. എന്നാൽ ആ തുക കൊണ്ടു മാത്രം ആ പണിയുന്നതിനു സാധ്യമല്ല. നി ങ്ങളുടെ ഏവരുടെയും ഔദാര്യത്തിനെങ്കൽ ആയതിലേക്കു അഭ്യർത്ഥിച്ചുകൊള്ളുന്നു. ''നിങ്ങൾക്കു ഒരു നല്ല പള്ളിയുണ്ടായിരുന്നുവെങ്കിൽ ഞങ്ങളും വന്നു നിങ്ങളുടെ ആരാധനയിൽ സംബന്ധിക്കുമായി രുന്നു'' എന്നു ഇവിടെയുള്ള പല ഹിന്തുക്കളും ഇതിനകം എന്നോടു പറകയുണ്ടായി. എല്ലാവ രെയും ആകർഷിക്കത്തക്ക ഒരു ആലയം ഈ പട്ടണത്തിൽ പണിയുന്നതിനു നമുക്കു ശ്രമിക്കാം. ''പർക്കാൽ ചർച്ചഥണ്ട്'' എന്ന നാമധേയത്തിൽ കൊടുക്കപ്പെടുന്ന എല്ലാ തുകയും ഇതിലേക്കു മാറി ചെക്കുന്നതായിരിക്കും.

ഈ സംഗതികൾ ഓരോന്നും നിങ്ങളുടെ പ്രാർത്ഥനയ്ക്കും പ്രയത്നത്തിനും പ്രത്യേകം വിഷയമാക്ക ണമെന്നപേക്ഷിക്കുന്നു.

ഞങ്ങളെയും ഇവിടെയുള്ള പാവപ്പെട്ട എല്ലാക്രിസ്ത്യാനികളെയും നിങ്ങളുടെ ഓരോരുത്തരുടെ യും പ്രാർത്ഥനയ്ക്കു സമർപ്പിച്ചുകൊള്ളുന്നു.

എന്ന്,

കർത്താവിൽ നിങ്ങളുടെ ശുശ്രൂഷകൻ,
Rev. T. M. THOMAS

Parkal
(Via) Kazipet C. Ry,
Deccan,
19-7-'56.

ബോർഡിംഗ് കുട്ടികളുടെ സന്ധിപ്പിലേക്കായി ഇവിടെ ലഭിച്ച സംഭാവനകൾ താഴെ കുറിക്ക കയും അവരോടുള്ള ഞങ്ങളുടെ നന്ദിയെ രേഖപ്പെടുത്തുകയും ചെയ്യുന്നു.

മിസ്സസ്സ് എൻ. എം. വറുഗീസ് 12 രൂ. മിസ്സസ്സ് ഡി. മാത്യു 24 രൂ. യൂത്ത്ലീഗ് കൃ ബെക്ക് കാ നഡാ 10 ഡോളർ, മി. എം. ജോണ് 144 രൂ. പേരു് അറിയിക്കാതെ 12 രൂ. മിസ്സസ്സ് എ. കെം ചാക്കോ ഒരു വേദപുസ്തകത്തിനുവേണ്ടി 5 രൂ.

പറയ്പാറാമിഷ്യൻ

പഴയനിയമകാലത്തുണ്ടായിരുന്ന ജാതികളെ അനുസ്മരിപ്പിക്കുന്നതായ സംഗതികൾ ഗോണ്ട് വർഗ്ഗക്കാരുടെ ഇടയിൽ ധാരാളം ഉണ്ട്. ഏറെക്കുറെ ദൈവവിശ്വാസികളും, മതനിഷ്ഠകളും കർമ്മാ ചാരങ്ങളും ധാരാളം പാലിക്കുന്നവരുമത്രെ അവർ. ''ഞാൻ അവരുടെ ദൈവമായ യഹോവ എന്നു അവർ അറിയും.'' എന്ന പ്രവാചകന്മാരെക്കൊണ്ടു പറയിച്ചവനായ സത്യദൈവത്തെ അവ ർ അറിയുക എന്നുള്ളതാണല്ലൊ ആവശ്യം. ഈ ദൈവത്തെ അവർക്കു ചൂണ്ടിക്കാണിച്ചുകൊടുക്ക വാൻ ഞങ്ങൾ ശ്രമിക്കുന്നുണ്ട്. സുവിശേഷം കേൾക്കുവാനുള്ള താല്പര്യം മിക്കവരിലും കാണുന്നുണ്ട്. ചിലർ സുവിശേഷപ്രതികളും, ലഘുലേഖകളും വാങ്ങിവായിക്കുന്നു. ചുരുക്കം ചിലർ സുവിശേ ഷം കേൾക്കുന്നതിനായി ഞങ്ങളെ ഭവനങ്ങളിലേക്കു വിളിച്ചുകയറ്റുന്നു. മറ്റുചിലർ, പ്രായം ചെന്നവരും കുഞ്ഞുങ്ങളും സുവിശേഷകഥ കേൾക്കുന്നതിനായി ഞങ്ങളുടെ ഭവനങ്ങളിലേക്കു വരു ന്നുണ്ട്. ''നിങ്ങൾ ഏതുജാതിയാണെങ്കിലും രണ്ടു തോണിയിൽ കാൽ വയ്ക്കും'' എന്ന വിളിച്ചുപറഞ്ഞ ഏ ലിയാവിന്റെ ശബ്ദം അവർ ഒന്നു കേൾക്കുവാൻ എല്ലാവരും ശ്രദ്ധയോടുകൂടി പ്രാർത്ഥിക്കേണമേ. തന്റെ നാമം വിശുദ്ധീകരിപ്പാൻ തീക്ഷ്ണതയുള്ള ദൈവംതന്നെ അവരെ പാറയിൽനിന്നു വെ ട്ടിയെടുത്തു ക്രിസ്തുയേശുവാകുന്ന അടിസ്ഥാനത്തിന്മേൽ ചെക്കുമാറാകട്ടെ.

അവിചാരിതമായി ഈ വർഷം മഴക്കാലം നേരത്തെതന്നെ ആരംഭിച്ചു. എല്ലാവരും കൃഷിയു യുടെ ബദ്ധപ്പാടിലാണ്. നമ്മുടെ കൃഷിസ്ഥലത്തും നെല്ലും, ചോളവും കൃഷിചെയ്തിട്ടുണ്ട്. അവ യുടെമേൽ ദൈവാനുഗ്രഹം ഉണ്ടാകുന്നതിനു പ്രാർത്ഥിക്കുമല്ലോ. വിശ്വസ്തരായും വിവേക ത്തോടും കൃഷികാര്യത്തിൽ സഹായിക്കുന്നതിനു തക്ക ഒരാളെ കിട്ടുക ഇവിടെ വളരെ പ്രയാസ മാണ്.

വർഷകാലത്തു ഗ്രാമങ്ങൾ സന്ദർശിക്കുന്നതു സാമ്പത്തികം വിഷമമാണ്. ഗ്രാമങ്ങളിലേക്കുള്ള വഴി കൾ വെള്ളവും ചെളിയുംകൊണ്ടു നിറഞ്ഞുകഴിഞ്ഞു. മഴ അധികരിച്ചാൽ തോടുകൾ കവിഞ്ഞൊ ഴുകി ഗ്രാമങ്ങളെ തമ്മിൽ വേർപെടുത്തുന്നു. ആകയാൽ ഇപ്പോൾ കഴിയുന്നിടത്തോളം അവ സരങ്ങൾ ഗ്രാമസന്ദർശനത്തിനായി ചെലവഴിക്കുന്നു.

സന്ന്യാസിമാരെ ഈ പ്രദേശങ്ങളിൽ സാധാരണ കാണാറുണ്ട്. അങ്ങനെയുള്ളവരോടും യേശുരക്ഷിതാവിനെക്കുറിച്ചു പറയുവാൻ ശ്രമിക്കാറുണ്ട്. 'രാമി' എന്ന പേരായ ഒരു സന്ന്യാസി പാറ്പാറയിൽ മഴക്കാലം ചെലവഴിക്കാറുണ്ട്. അദ്ദേഹത്തെ മുറയ്ക്കു സുവിശേഷം പറിപ്പിക്കുവാൻ ശ്രമിക്കാറുണ്ട്. കഴിഞ്ഞ നാല്പതു വർഷങ്ങളായി പല പുണ്യസ്ഥലങ്ങൾ സന്ദർശിച്ചു ജീവിതം കഴിക്കുന്ന ഇദ്ദേഹം യേശുവിനെ രക്ഷിതാവായി സ്വീകരിക്കുവാൻ പ്രാർത്ഥിക്കണമേ.

ആവശ്യബോധമില്ലാത്തതുകൊണ്ടും. മനക്ക്വുദ്ധിവരുത്തുവാനുള്ള അഭ്യാസനം ലഭിച്ചിട്ടില്ലാത്തതുകൊണ്ടും പല സ്ത്രീകളും കുഞ്ഞുങ്ങളും പ്രസവസമയത്തു ദുർഗതിയടയുന്നുണ്ട്. രോഗികളെ ശുശ്രൂഷിക്കുന്നതിനും കുഞ്ഞുങ്ങളെ പരിപാലിക്കുന്നതിനും മറ്റുമായി അവരെ സഹായിക്കുക, അങ്ങനെ ഏല്ലാറിലുംകൂടെ സ്നേഹവാനായ യേശുവിനെ അവർക്കു കാണിച്ചുകൊടുക്കുകയും ചെയ്യുന്നതിനു ഞങ്ങൾക്കു ലഭിക്കുന്ന അവസരങ്ങൾ അനുഗ്രഹകരമായിത്തീരുന്നതിനു പ്രാർത്ഥിക്കണമേ. ഞങ്ങൾ രോഗികളെ ചെന്നുകാണുന്നതു പലരും നന്ദിയോടും സന്തോഷത്തോടും കൈക്കൊള്ളാറുണ്ട്.

ഗ്രാമങ്ങളുടെ പുരോഗമനത്തിനായി ഗവർമ്മെൻറു പല കാര്യങ്ങൾ ചെയ്യുന്നുണ്ട്. അടുത്തസമയത്തു ഈ ഗ്രാമത്തിലേക്കു ഒരു റേഡിയോ നല്കുകയും, ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കപ്പെടുകയും ചെയ്തു.

അടുത്ത അവസരത്തിൽ ലഭിച്ച അവധിയെ സന്തോഷത്തോടുകൂടെ ഞങ്ങൾ ഏല്ലാവരും ഓർക്കുന്നു. ഏതു വാത്സല്യത്തോടുകൂടെയാണെ അനേകർ നിരന്തരമായി ഞങ്ങളെയും ഇവിടുത്തെ വേലയേയും പ്രാർത്ഥനയിൽ ഓർക്കുന്നതു്. അവരിൽ പലരെയും കണ്ടു സ്നേഹബന്ധത്തെ പുതുക്കുവാൻ ലഭിച്ച അവസരങ്ങൾ യഥാർത്ഥത്തിൽ ഞങ്ങളുടെ ഹൃദയത്തിനു തണുപ്പായിരുന്നു എന്നുള്ളതും നന്ദിയോടുകൂടെ അറിയിച്ചുകൊള്ളട്ടെ.

ഏന്നു്

Mission House,
Patpara P. O.,
Mandla, M. P.
13th July, 1956.

പാറ്പാറമിഷ്യനറിമാർ.

പ്രതിദിനവേദവായനക്കുറിപ്പുകൾ—ആഗസ്റ്റ് 1956

11-ാം. (ശ.) യോഹ. 10. 19—30. യേശുക്രിസ്തുവിൻറെ ദൈവത്വത്തെപ്പറ്റിയുള്ള പ്രസ്താവനകൾ സുവിശേഷങ്ങളുടെ ഓരോപുറത്തും കാണ്മാൻ സാധിക്കുമെന്നുള്ളതു വളരെ പ്രധാനപ്പെട്ട വസ്തുതയാണ്. ഇന്നത്തെ വേദഭാഗം മുഴുവനും അപ്രകാരമുള്ള പ്രസ്താവനകൾകൊണ്ടു നിറഞ്ഞിരിക്കുന്നതു സൂക്ഷിക്കുക. (25, 27, 28, 30 & c.) 28-ാം വാക്യം യേശുക്രിസ്തുവിൻറെ സുവിശേഷസംബന്ധിച്ചുള്ള ഒരു സുപ്രധാന പ്രസ്താവനയാണ്. ദൈവത്തിൻറെ അളവാറ ശക്തി, വാഗ്ദത്തത്തിൻറെ നിശ്ചിതത്വം, ഇവ അതിൽനിന്നു മനസ്സിലാക്കാം.

12-ാം. (ഞാ) യോഹ. 10. 31—42. യേശുക്രിസ്തുവിൻറെ ദൈവത്വത്തെപ്പറ്റിയുള്ള പ്രസ്താവനകൾ യഹൂദന്മാർക്കു ദൈവദൂഷണമായി തോന്നി. കർത്താവു അതിനു മറുപടി പറയുമ്പോൾ 82-ാംസങ്കീർത്തനം 6-ാംവാക്യം ഉദ്ധരിക്കുന്നു. പ്രതിയോഗിയോടു മറുപടി പറയുന്നതിനു ഉപയോഗിക്കുന്ന ഫലകരമായ ഒരു രീതി—"പിതാവു വിശുദ്ധീകരിച്ചു ലോകത്തിൽ അയച്ചവനോടു"—എന്നുള്ള കർത്താവിൻറെ പ്രസ്താവന, താൻ ലോകസ്ഥാപനത്തിനു മുമ്പുള്ളവനാണു എന്ന സത്യം വെളിപ്പെടുത്തിയിരിക്കുന്നു.

13-ാം. (തി.) യോഹ. 11. 1—16. ലാസറിനെ ഉയിർത്തെഴുനേല്പിച്ച അടയാളം, യോഹന്നാൻറെ സുവിശേഷത്തിൽ ഉള്ള ഏഴ് അടയാളങ്ങളിൽ അവസാനത്തേതാണ്, മറ്റു ആറു അടയാളങ്ങൾ ഏവയെന്നു കണ്ടുപിടിക്കുക. ദീനം ദൈവത്തിൻറെ മഹത്വത്തിനായും ഉണ്ടാകുന്നതാണ്. (4-ാംവാ.) യോഹ. 9. 3. കഷ്ടാനുഭവങ്ങൾ മാറിപ്പോകുമെങ്കിലും അതിൽനിന്നു ലഭിക്കുന്ന അനുഗ്രഹങ്ങൾ നിലനിൽക്കും. ആപത്തു അകലെയായിരിക്കുമ്പോൾ ധീരത പ്രദർശിപ്പിക്കുന്നതിനു എളുപ്പമാണ്. 16-ാംവാക്യം നോക്കുക.

14-ാം. (ചൊ.) യോഹ. 11. 17—31. ലാസറിൻറെ രോഗസമയവും മരണശേഷവും, "കർത്താവു ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ" എന്നു മാർത്തയും മറിയയും പലവുരുവു പറഞ്ഞുകാണും. 21-ാം 32-ാം വാക്യങ്ങളിലെ അവരുടെ മൊഴികളിൽനിന്നു അതു വ്യക്തമാണ്. 22-ാംവാക്യത്തിൽ

'ഇപ്പോഴും' എന്ന മാർത്ത ഉപയോഗിച്ച വാക്കു, "ആരെയും പിന്തുടരുമായി ആശയോടെ വിശ്വസിച്ച" (റോമർ 4. 18.) അബ്രഹാമിന്റെ വിശ്വാസം പോലെയുള്ള മാർത്തയുടെ വിശ്വാസത്തെ വെളിപ്പെടുത്തുന്ന ഒരു പ്രധാനപ്പെട്ട വാക്കാണ്. "ഞാൻ പുനരുത്ഥാനവും ജീവനും ആകുന്നു" എന്നുള്ള കർത്താവിന്റെ അതിമനോഹരവും ശ്രേഷ്ഠവുമായ വാക്കുകൾ, മാർത്തയ്ക്കു തന്നെക്കുറിച്ചുള്ള അപൂർണ്ണമായ അറിവിനെ തിരുത്തുന്നതിനുകൂടെ ഉദ്ദേശിച്ചുള്ളതായിരിക്കാം.

15നു. (ബു.) യോഹ. 11. 32—46. യേശുവിന്റെ ഉള്ളം നൊന്തു എന്നു രണ്ടുപ്രാവശ്യം (33 & 38) പറഞ്ഞിരിക്കുന്നു. നൊന്തു എന്ന വാക്കിനു നീരസപ്പെട്ട എന്നർത്ഥമുണ്ട്. ഒടുക്കത്തെ ശത്രുവായ മരണത്തോടുള്ള നീരസം കർത്താവു വെളിപ്പെടുത്തുകയായിരുന്നു. മനുഷ്യർക്കു ചെയ്യാൻ പ്രയാസമുള്ളതു കർത്താവു ചെയ്യുന്നു. (43) മനുഷ്യർക്കു ചെയ്യാവുന്നതു കർത്താവു തന്നെ ചെയ്യുന്നില്ലതാനും (39 & 44 വാ.) ഈ അതിശയം പ്രവർത്തിക്കുന്നതിൽ കർത്താവിന്റെ കാരുണ്യവും ശക്തിയും മാത്രമല്ല, കൂടാതെ നിശ്ചയിക്കുന്നവരുടെ കർത്താവിന്റെ കരുതലും ഏതു ആശ്ചര്യകരം.(42വാ.)

16നു. (വ്യാ.) യോഹ. 11. 47—57. ലാസറിനെ ഉയിർപ്പിച്ച അടയാളത്തെ തുടർന്നുള്ള ഫലം സൃഷ്ടിക്കുക. (1) ചിലർ വിശ്വസിച്ചു (45 വാ.) ചിലർ മുതലിച്ചു (46 വാ.) എന്നും ഇങ്ങനെ തന്നെ സംഭവിക്കുന്നതായി കാണുന്നു. (2) സന്നദ്ധിസംഘം കൂടി യേശുവിനെ കൊല്ലുവാൻ ആലോചിക്കുന്നു. നമ്മെ ചെയ്യുന്നവരോടു നമുക്കു കണ്ണുകടി തോന്നാറുണ്ടോ? (3) യേശു യഹൂദിമിലേക്കും യഹൂദന്മാർ ശുദ്ധിവരുത്തുവാൻ യരൂശലേമിലേക്കും പോകുന്നു. ബാഹ്യമായ ശുദ്ധിവരുത്തൽകൊണ്ടു ആന്തരികമായ ശുദ്ധീകരണം സാധിക്കുന്നില്ലതാനും.

17നു. (വെ.) യോഹ. 12. 1—19. തലചായിപ്പാൻ ഇടമില്ലാതിരുന്ന യേശുവിനു ഏപ്പോഴും സ്വാഗതമരുളുന്ന ഒരു ഭവനം ഉണ്ടായിരുന്നു. അതു ബഥാന്യയിലെ മറിയയുടെയും മാർത്തയുടെയും ലാസറിന്റെയും വീടു ആയിരുന്നു. യേശുവിനെ ബഹുമാന്യനായി സ്വീകരിച്ചു ബഹുമാനിക്കുകയും യേശുവിന്റെ വചനം അനുസരിക്കുകയും ചെയ്യുന്ന ഭവനങ്ങൾ എല്ലാ രാജ്യങ്ങളിലും ഇന്നും കാണാനുണ്ട്. ഏറ്റവും ധന്യമായ ഭവനങ്ങൾ യേശു പാപ്പാൻ താല്പര്യപ്പെടുന്ന ഭവനങ്ങളാണ്. നിന്റെ വീട്ടിൽ യേശു ഉണ്ടോ?

18നു. (ശ.) യോഹ. 12. 20—36. യവനന്മാർ യേശുവിനെ കാണുന്നു. ജ്ഞാനത്തിൽ പ്രശംസിച്ചിരുന്ന യവനന്മാർ, ജ്ഞാനം ഉപദേശിച്ചുനടന്ന യേശുവിനു സ്വദേശത്തു നേരിട്ട എതുപ്പു മനസ്സിലാക്കി, യേശുവിനെ യവനരാജ്യത്തേക്കു ക്ഷണിച്ചിരിക്കണം. യേശു അവരോടു ഉത്തരം പറഞ്ഞതു, പീഡനങ്ങളെ ഭയന്നു മറുരാജ്യങ്ങളിലേക്കു പോകയല്ല ആവശ്യം, പിന്നെയോ മനുഷ്യജാതിയുടെ ശാശ്വതമായ നന്മയ്ക്കുവേണ്ടി താൻ യരൂശലേമിൽതന്നെ മരിക്കയാണ് വേണ്ടതു്. (24 വാ.) 32-ാംവാക്യം വേദപുസ്തകത്തിലെ ഒരു പ്രധാന വാക്യമാണ്. ശക്തിയേറിയ കാന്തം പോലെ താൻ എല്ലാവരെയും ആകർഷിച്ചുകൊണ്ടിരിക്കുന്നു. മദ്ധ്യാകാശത്തിൽ താൻ പ്രത്യക്ഷനാകുമ്പോഴും സഭയെ തന്നിലേക്കു ആകർഷിക്കും.

19നു. (ഞാ.) യോഹ. 12. 37—50. യേശുക്രിസ്തുവിൽ വിശ്വസിച്ച പ്രമാണികൾ, ദൈവത്തിലുള്ള മനുഷ്യത്തെക്കാൾ മനുഷ്യരിലുള്ള മാനത്തെ അധികം സ്നേഹിച്ചതുകൊണ്ടു, യേശുവിനെ ഏറ്റുപറയാൻ മടിച്ചു. (42, 43 വാ.) വിശ്വാസത്തോടൊപ്പം ഏറ്റുപറച്ചിലും അത്യാവശ്യം. (റോമ. 10. 10.) യേശുക്രിസ്തു നിന്റെ രക്ഷിതാവു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കുന്നുവെങ്കിൽ, വായ്കൊണ്ടു രക്ഷയ്ക്കായി ഏറ്റുപറയുകയും വേണം. (മത്താ. 10. 32; ലൂക്കൊ. 9. 26. എന്നീവാക്യങ്ങൾ നോക്കുക.)

20നു. (ദരി.) യോഹ. 13. 1—17. യേശുക്രിസ്തുപ്രവൃത്തികൊണ്ടും ഉപദേശംകൊണ്ടും പഠിപ്പിച്ചും. അപ്പൊ. പ്ര. 1-ാം അ. 1-ാം വാക്യത്തിൽ "യേശു ചെയ്യും ഉപദേശിച്ചും തുടങ്ങി" എന്നു കാണുന്നു. പ്രവൃത്തിയും തുടർന്ന ഉപദേശവും ആയിരുന്നു യേശു സ്വീകരിച്ച രീതി. 13-ാം അദ്ധ്യായത്തിലും ആ രീതിതന്നെ കാണുന്നു. (5 & 14, 15 വാ.) ക്ഷേണം കഴിയുന്നതിനു മുമ്പു നടക്കേണ്ടതായ പാദം കഴുകൽ ശുശ്രൂഷ, തങ്ങളിൽ ആരാണു വലിയവൻ (ലൂക്കൊ. 22. 24.) എന്നവാദംകൊണ്ടു നടന്നില്ല. ശിഷ്യന്മാരുടെ തോൽവിയുടെ അവസരത്തെ കർത്താവു വിശിഷ്ടമായ ഒരു സത്യവും (8-ാംവാക്യം) മനോഹരമായ ഒരു ദൃഷ്ടാന്തവും വെളിപ്പെടുന്നതിനായി ഉപയോഗിക്കുന്നു.

21നു. (വെ.) യോഹ. 13. 18—30. ദൈവം തന്റെ ഉദ്ദേശനിവൃത്തികായി ദുഷ്ടന്മാരെ ഉപയോഗിക്കുന്നതായി കാണുന്നു. ഫറവോന്റെ ദൃഷ്ടാന്തം നോക്കുക. (റോമർ 9. 17.) തിരുവചനം നിവൃത്തിയാകേണ്ടതിനും (സങ്കീ. 41. 9.) പിതാവിന്റെ ഇഷ്ടം നിറവേറുന്നതിനും കർത്താവു

ന്റെ രക്ഷണ്യവേലയിൽ, അവന്റെഭാഗം അഭിനയിക്കുന്നതിനും കർത്താവു ഈ പിശാചിനെ തെര ഞ്ഞെടുത്തു (യോഹ. 6. 70.) എങ്കിലും യൂദായ്ക്കു കുറെബോധമുണ്ടാകട്ടെ എന്നുഗ്രഹിച്ചു, അവ ന്റെ കൂട്ടുകെട്ടുകൾ ഒന്നും കർത്താവിനു അങ്ങാത്തമല്ല എന്നു പലവുരുവു അവനു ബോദ്ധ്യപ്പെടുത്തി (മത്താ. 26. 24 & 25; യോഹ. 13. 26 & 27; ലൂക്കൊ. 22. 43.) യേശു യൂദയെ സ്നേഹിച്ചു.

22നു. (ബു.) യോഹ. 13. 31—38. യൂദാ തന്റെ ജോലിക്കു പോയതിനു ശേഷമുള്ള അന്തരീക്ഷം എങ്ങനെയുള്ളതായിരിക്കേണ്ടതാണെന്നു ചിന്തിക്കുക. എന്നാൽ കർത്താവു പറയുന്നതു് "ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു" എന്നാണ്. യൂദയുടെ ചേഷ്ടയെ ഉടനെ കർത്താവു സ്നേഹത്തെക്കുറിച്ചു ഒരു പുതിയ കല്പന കൊടുക്കുകയാണ് ചെയ്യുന്നതു്. അവർ തന്റെ ശിഷ്യന്മാർ തന്നെ എന്നു വെളിവാകേണ്ടതിനു, താൻ അവരെ സ്നേഹിച്ച അതേരീതിയിൽ തന്നെ അവരും തമ്മിൽ തമ്മിൽ സ്നേഹിക്കണമെന്നുള്ളതാണ് ആ കല്പന. തലവേദനയുണ്ടാക്കുന്ന ഏതു സാഹചര്യത്തെയും യേശുവിന്റെ സമീപനരീതിയിൽ വ്യത്യാസപ്പെടുത്താൻ കഴിയും.

23നു. (വ്യാ.) യോഹ. 14. 1—14. കർത്താവിന്റെ വാഞ്ഛ, താൻ ചെയ്യുന്ന പ്രവൃത്തികളിൽ വിശ്വസിക്കുന്നവനും ചെയ്യണമെന്നാകുന്നു. അതുമുമ്പല്ല, താൻ ചെയ്യുന്നതിൽ വലിയ പ്രവൃത്തി തന്നിൽ വിശ്വസിക്കുന്നവൻ ചെയ്യണമെന്നേത്രേ (12 വാ). ഏതു ഉദാരമായ മനോഭാവം. ദൈവത്തിൽ വിശ്വസിക്കുന്നവനും (1. 11, 12 വാ.) യേശുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നവനും (13, 14 വാ). ആകുന്നു യേശു ചെയ്യുന്ന പ്രവൃത്തി ചെയ്യാൻ സാധിക്കുന്നതു് (മലാ. 11. 22, 23 വാ). വെല്ലൂർ ആസ്പത്രി പോലെയുള്ള സ്ഥാപനങ്ങൾ ഈ സത്യത്തെ ദൃഷ്ടാന്തീകരിക്കുന്നു. നിങ്ങൾ ദൈവത്തിലുള്ള വിശ്വാസം പ്രായോഗികമാക്കുന്നതിനു സാധിച്ചിട്ടുണ്ടോ?

24നു. (വെ.) യോഹ. 14. 15—31. യേശുവിനെ സ്നേഹിക്കുന്നവൻ ആരു്? (21, 23 വാ). അവന്റെ കല്പനകളെ അനുസരിക്കുന്നവൻ. അങ്ങനെയുള്ളവരിൽ ദൈവത്തിന്റെ ആത്മാവു വന്നു വസിക്കുകയും ദൈവസ്നേഹം അവരിൽ അധികം പകർന്നുകൊടുക്കുകയും ചെയ്യും (23, റോമർ. 5, 5 വാ). ഈ ദൈവസ്നേഹം, കർത്താവിന്റെ വചനം അനുസരിക്കുന്നതിനു വിശ്വാസിയെ ഹേമിച്ചുകൊണ്ടിരിക്കുകയും, ആ സ്നേഹപ്രേരണയിൽ അനുസരണത്തിന്റെ പാതയിൽക്കൂടെ പോകുന്നവൻ ആത്മാവിന്റെ അനുഗ്രഹങ്ങൾ വർദ്ധമാനമായ തോതിൽ അനുഭവിക്കുകയും ചെയ്യും (അപ്പൊ. പ്ര. 5. 32). അനുസരണത്തിനു ക്രിസ്തീയ ജീവിതത്തിലുള്ള സ്ഥാനം ഏതു വലുതെന്നു മനസ്സിലാക്കുക (ഫിലിപ്പൂർ. 2. 8.)

25നു. (ശ.) യോഹ. 15. 1—17. "എന്നിൽവസിപ്പിൻ." ഉദ്ദേശം 3 വർഷം മുമ്പു "എന്നെ അനുഗമിപ്പിൻ" (മർക്കൊ. 1—17). എന്നു ശിഷ്യന്മാരോടു അരുളിച്ചെയ്ത കർത്താവു്, ഇപ്പോൾ തന്നിൽ വസിക്കുന്നതിനു അവരോടു കല്പിക്കുന്നു. വളരെ പ്രയോജനം ലഭിക്കുന്ന ഒരു ഉയർന്ന അനുഭവമാണ് ക്രിസ്തുവിലുള്ള വാസം. പ്രയോജനങ്ങൾ (1) പാപം ചെയ്യുന്നില്ല. (1 യോഹ. 3. 6). (2) എന്തെങ്കിലും അപേക്ഷിച്ചാൽ കിട്ടും (7 വാ). (3) വളരെ ഫലം കായ്ക്കും (5 വാ). (4) യേശുവിന്റെ വരവിൽ ധൈര്യം ഉണ്ടാകും (1 യോഹ. 2. 28).

26നു. (ഞാ.) യോഹ. 15. 18—27. ലോകത്തിൽ നിന്നു കർത്താവിനാൽ തിരഞ്ഞെടുക്കപ്പെട്ട ശിഷ്യർ (19 വാ). സത്യാത്മാവു അവരുടെ ഉള്ളിൽ വന്നു ക്രിസ്തുവിനെക്കുറിച്ചു പഠയുന്ന സാക്ഷ്യം (26 വാ.) നിമിത്തം ശക്തിപ്പെട്ട സാക്ഷ്യം പറവാൻ കടമപ്പെട്ടവരാണ് (27 വാ). പക്ഷേ ലോകം ശിഷ്യരെ പകയ്ക്കുന്നു. എന്തുകൊണ്ടു്. (1) അവർ ലോകകാരണത്തിനാൽ (19 വാ). (2) ശിഷ്യരെ ലോകത്തിൽ നിന്നു തിരഞ്ഞെടുത്തതുകൊണ്ടു് (19 വാ). (3) സത്യവചനം നിമിത്തം (22 വാ). (4) നന്മപ്രവൃത്തികൾ നിമിത്തം (24 വാ).

27നു. (തി.) യോഹ. 16. 1—15. പരിശുദ്ധാത്മാവിന്റെ വേല (8—11 വാ). (1) പാപത്തെക്കുറിച്ചു ബോധം വരുത്തുക. തെറ്റുകൾ ചെയ്യുന്നതു മാത്രമല്ല പാപം, യേശുക്രിസ്തുവിനെ സ്നേഹത്തേയും അധികാരത്തേയും വചനത്തേയും നിരസിക്കയും അവിശ്വസിക്കയും ചെയ്യുന്നതാണ് പ്രധാന പാപം. (2) നീതിയെക്കുറിച്ചു ബോധം വരുത്തുക. ദൈവത്തിന്റെ പരിശുദ്ധ കണ്ണുകളുടെ പരിശോധന സഹിക്കാൻ കഴിയുന്ന നീതി പാപത്തിൽ അകപ്പെട്ട മനുഷ്യരിൽ ഒരുത്തനിലും ഇല്ല (റോമർ. 3. 10). യേശുക്രിസ്തു മരിച്ചുയിർത്തെഴുന്നേറ്റു പിതാവിന്റെ സന്നിധിയിൽ പോയതിനാൽ, തന്റെ നീതി നമുക്കു ലഭിക്കും. (3) ന്യായവിധി, വരാനിരിക്കുന്നതു മാത്രമല്ല, വിശ്വസിക്കാത്തവനു ന്യായവിധി വന്നുകഴിഞ്ഞിരിക്കുന്നു (3. 18 വാ).

28നു. (ചൊ.) യോഹ. 16. 16—33. യേശുക്രിസ്തുവിന്റെ പീഡാനുഭവങ്ങളുടെ ദിവസങ്ങ

മിലാണ്. അവൻ സന്തോഷത്തെക്കുറിച്ചു ഉപദേശിച്ചിരിക്കുന്നതു എന്നതു ശ്രദ്ധേയമാണ്. കഷ്ടമനുഭവിക്കേണ്ടിവരില്ലാത്ത ജീവിതമാണു ക്രിസ്ത്യാനിയുടേതു് എന്നു എങ്ങും പറഞ്ഞിട്ടില്ല. ക്രിസ്തീയ സന്തോഷം, ദുഃഖം പ്രയാസത്തെപ്പെടുത്തുകയില്ല (20 വാ.). ആകയാൽ വിശ്വാസത്താൽ കഷ്ടമനുഭവിക്കുന്നതിനെ പ്രയാസപ്പെടുത്തി സന്തോഷമായി അനുഭവിക്കുകയാണ് ആവശ്യം.

29നു. (ബു.) യോഹ. 17. 1—12. യേശുക്രിസ്തു തന്റെ സ്വന്തപേരു ഉപയോഗിക്കുന്നതു (3 വാ.) ഈ ഭാഗത്തു മാത്രമാണ്. തന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്കുവേണ്ടി രണ്ടു കാര്യം ചെയ്യിരിക്കുന്നു. (1) ദൈവത്തിന്റെ യഥാർത്ഥ സ്വഭാവം (നാമം) അവർക്ക് വെളിപ്പെടുത്തി (6 വാ). (2) ദൈവത്തിന്റെ ഇഷ്ടം (വചനം) അവർക്കു പഠിപ്പിച്ചുകൊടുത്തു. കർത്താവു ഈ മഹാപുരോഹിത പ്രാർത്ഥനയിൽ, തനിക്കുവേണ്ടിയും (1—5 വാ.) ശിഷ്യന്മാർക്കുവേണ്ടിയും (6—19 വാ.) സഭയ്ക്കുവേണ്ടി മെത്തമായും (20—26 വാ.) പ്രാർത്ഥിക്കുന്നു.

30നു. (വ്യാ) യോഹ. 17. 13—26. ശിഷ്യന്മാരെ സംബന്ധിച്ചു ദൈവ ഇഷ്ടം എന്താകുന്നു. (1) അവർ രക്ഷിക്കപ്പെട്ട നിത്യജീവനെ അവകാശമാക്കണം (2, 3 വാ). (2) അവർ കർത്തൃകൊള്ളപ്പെടണം (15 വാ). (3) അവർ വിശുദ്ധീകരിക്കപ്പെടണം (17, 19 വാ). (4) അവർ സാക്ഷികളാകേണ്ടതിനു മിഷ്യനറിമാരാകണം (18, 20 വാ). (5) അവർ ഐക്യത്തിൽ തികഞ്ഞവരായി ഒന്നാകണം (23. 21 വാ). (6) അവർ തമ്മിൽ തമ്മിൽ സ്നേഹിക്കുന്നവരായിരിക്കണം (26 വാ). (7) അവർ യേശുവിനോടുകൂടെ നിത്യതയിലെ സന്തോഷം അനുഭവിക്കണം. (24 വാ.) ഇവ സാധിക്കേണ്ടതിനാണ് കർത്താവു പ്രാർത്ഥിച്ചതു്.

31നു. (വെ.) യോഹ. 18. 1—14. യേശുവിനെ കാണിച്ചുകൊടുപ്പാൻ യൂദാ യേശുവിനെ ചുംബിച്ചതു പ്രയോജനമില്ലാത്ത കാര്യമായിരുന്നു. എന്തുകൊണ്ടെന്നാൽ, അവർ നസറെയനായ യേശുവിനെ തിരയുന്നു എന്നറിഞ്ഞു അതു താൻ തന്നെ എന്നു അരുളിച്ചെയ്യുന്നതായി കാണുന്നു. (4, 5 വാ). മഹാപുരോഹിതന്റെ ഭാസനെന്റെ പേരു യോഹന്നാൻ മാത്രമെ പറയുന്നൊള്ളു. (10 വാ.) തന്നെത്താൻ രക്ഷിപ്പാൻ കഴിവുള്ള കർത്താവു പിതാവിന്റെ ഇഷ്ടം നിറവേറുന്നതിനു സമ്മതമായി ശത്രുക്കളുടെ കൈകളിലേക്കു ഏല്പിച്ചുകൊടുക്കുകയാണ് ചെയ്തതു്.

സെപ്തംബർ. 1നു. (ശ.) യോഹ. 13. 15—27. യോഹന്നാനും പത്രോസും മഹാപുരോഹിതന്റെ നടുമുറ്റത്തു കടന്നു എങ്കിലും പത്രോസു് പരിഹാസികളായ ആളുകളോടുകൂടെ ചേർന്നു തീ കാഞ്ഞുകൊണ്ടു നിന്നു. യേശുവിനെ സ്നേഹിച്ച യോഹന്നാൻ, യേശുവിനോടു ചേർന്നു നിന്നുകാണാനാണം. പത്രോസിനെ നേരിട്ട പരാജയത്തിന്റെ ഒരു കാരണം പരിഹാസികളുടെ മദ്ധ്യേയുള്ള അവന്റെ നില ആയിരിക്കണം. ചുറ്റുപാടുകളുടെ സ്വാധീനത്തെപ്പറ്റി ഗൗനിക്കാതെ വിചാരിക്കരുതേ! (സങ്കീ. 1. 1; സദൃശ വാക്യം 4. 14).

2നു. (ഞാ.) യോഹ. 18. 28—40. യെഹൂദന്മാർ യേശുവിനെ കുറ്റം വിധിക്കുന്നതിൽ നിന്നു ഒഴിയുന്നതിനു പീലാത്തോസു ശ്രമിച്ചു. (1) യഹൂദന്മാരുടെ ന്യായപ്രമാണപ്രകാരം വിധിപ്പാൻ പറഞ്ഞു (31 വാ). (2) ഹേരോദാവിന്റെ അടുക്കൽ അയച്ചു (ലൂക്കാ. 23. 7). (3) അടിപ്പിച്ചു വിട്ടയപ്പാൻ ശ്രമിച്ചു. (ലൂക്കാ. 23. 22). (4) പെസഹയ്ക്കു ഒരാളെ വിട്ടയക്കുന്ന രീതി അനുസരിച്ചു യേശുവിനെ വിട്ടയപ്പാൻ ശ്രമിച്ചു. (മത്താ. 27—17). (5) അവസാനമായി പുരുഷാരം കാൺകെ കൈ കഴുകി, "ഈ നീതിമാന്റെ രക്തത്തിൽ എനിക്കു കുറ്റമില്ല" എന്നു പറഞ്ഞു. (മത്താ. 27. 24).

3നു. (തി.) യോഹ. 19. 1—16. ഐഹികമല്ലാത്ത ഒരു രാജ്യത്തിന്റെ രാജാവെന്നും ജീവനുള്ള ദൈവത്തിന്റെ പുത്രൻ എന്നും യേശു ഉണ്ടായതുകൊണ്ടു പീലാത്തോസു യേശുവിനെ കുറ്റവും കാണാനില്ലാതിരുന്ന യേശുവിനെ ശിക്ഷയ്ക്കു വിധിപ്പാൻ പീലാത്തോസു ഭയപ്പെട്ടു. യേശുവിനെ വിട്ടയച്ചാൽ കൈസരുടെ സ്നേഹിതനല്ല എന്നുള്ള യഹൂദന്മാരുടെ വാക്കും പീലാത്തോസിനെ ഭയപ്പെടുത്തി; ഒരുവൻ കൈസരുടെ സ്നേഹിതനായിരിപ്പാൻ ആഗ്രഹിച്ചാൽ ക്രിസ്തുവിന്റെ സ്നേഹിതനായിരിപ്പാൻ കഴിയുന്നതല്ല (മത്താ. 6. 24, സങ്കീ. 119—113).

4നു. (ചൊ.) യോഹ. 19. 17—30. "നിവൃത്തിയായി" ക്രൂശിലെ ഏഴു മൊഴികളിൽ മറ്റു സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത മൂന്നു മൊഴികൾ യോഹന്നാൻ എഴുതിയിട്ടുണ്ട്. അതിൽ മൂന്നാമത്തേതാണ് ഇതു്. എന്തെല്ലാം നിവൃത്തിയായി? (1) പ്രവാചകന്മാർ ക്രിസ്തുവിന്റെ കഷ്ടമനുഭവങ്ങളെക്കുറിച്ചു പ്രവചിച്ചിരുന്ന എല്ലാ തിരുവചനവും നിവൃത്തിയായി. (2) നീതികെട്ടവരെ ദൈവത്തിങ്കലേക്കു അടുപ്പിക്കേണ്ടതിനു നീതിമാനായ യേശുക്രിസ്തു പാപം നിമിത്തം മരിക്കണമെന്നുള്ളതു്. (3) തന്റെ ജനത്തിന്റെ വീണ്ടെടുപ്പു് (എബ്രാ. 10. 10, 14).

5നു. (ബു.) യോഹ. 19. 31—42. യഹൂദന്മാരെ പേടിച്ചിരുന്ന രഹസ്യ ശിക്ഷ്യന്മാരായ അരിമഥ്യയിലെ യോസേഫും നിക്കോദേമോസും ഈ സമയത്തു ധൈര്യം കാണിച്ചതു വളരെ അതിശയമായിരിക്കുന്നു. മോശെ മരുഭൂമിയിൽ സ്ഥാപിച്ച ഉയർത്തിയ പാമ്പിനെ മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടതാകുന്നു (യോഹ. 3. 14) എന്നു യേശു നിക്കോദേമോസിനോടു പറഞ്ഞു, യേശു കാൽവറിയിൽ ഉയർത്തപ്പെട്ടതു കണ്ടപ്പോഴായിരിക്കാം നിക്കോദേമോസിനു പൂർണ്ണമായി മനസ്സിലായതു്. ക്രൂശിലെ സ്നേഹം അവരുടെ ഹൃദയത്തെ കവർന്നതിനാൽ ഭവിക്കുൽഫലം നോക്കാതെ അവർ പരസ്യ ശിക്ഷ്യന്മാരായി പ്രവർത്തിച്ചു. രഹസ്യ ശിക്ഷ്യന്മാരായിരുന്ന സമയം കളയരുതേ.

6നു. (വ്യാ.) യോഹ. 20. 1—18. "കല്ലറവാതുൽനിന്നു കല്ലു നീങ്ങിയിരിക്കുന്നതു കണ്ടു." കർത്താവിന്റെ ദൂതൻ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്നു കല്ലു ഉരുട്ടിനീക്കി (മത്താ. 28. 2). പക്ഷെ കല്ലു ഉരുട്ടി നീക്കുന്നതിനു മുമ്പുതന്നെ യേശു ഉയിർത്തെഴുന്നേറ്റിരുന്നു. ഈ വസ്തുത മറ്റുള്ളവർ കല്ലറയ്ക്കകം കണ്ടു മനസ്സിലാക്കുന്നതിനായിരിക്കണം കല്ലു ഉരുട്ടി മാറ്റിയതു്. മഗ്ദലക്കാരത്തി മറിയയും (18 വാ) മറ്റു സ്ത്രീകളും (മത്താ. 28. 10) യേശുവിന്റെ പുനരുത്ഥാനത്തിനു സാക്ഷ്യം പറഞ്ഞു. "ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്കു അയ്യോ കഷ്ടം."

7നു. (വെ.) യോഹ. 20. 19—31. തോമസ്സിനെക്കുറിച്ചു ഈ സുവിശേഷത്തിൽ മൂന്നു ഭാഗത്തു മാത്രം പറയുന്നു. (യോഹ. 11. 16; 14. 5; 20. 25). മൂന്നിടത്തും തോമസ്സിനെ സംശയാലുവും കാര്യങ്ങളുടെ ഇരുണ്ട വശം മാത്രം കാണുന്ന ഒരു അവിശ്വാസിയായുമത്രെ ചിത്രീകരിച്ചിരിക്കുന്നതു്. 26—29 വരെയുള്ള വാക്യങ്ങൾ സുവിശേഷത്തിന്റെ ശക്തിയുടെ ഒരു മനോഹര ദൃഷ്ടാന്തമാണു്; അവിശ്വാസിയായ തോമസ്സ് യേശുവിനെ ദൈവമായി ഏറ്റുപറയുന്നിടയായതു ഏതു അതിശയകരമാണു്. എങ്കിലും കാണാതെ വിശ്വസിക്കുന്നതത്രെ ശ്രേഷ്ഠമായിട്ടുള്ളതു്.

8നു. (ശ.) യോഹ. 21. 1—14. "താൻ ജീവിച്ചിരിക്കുന്നു എന്നു അനേകം ദൃഷ്ടാന്തങ്ങളാൽ അവർക്കു കാണിച്ചുകൊടുത്തു" (അപ്പൊ. പ്ര. 1. 3). മുക്കുവരായ യേശു ക്ഷീണിച്ചിരുന്ന ശിക്ഷ്യന്മാർക്കു ക്ഷേമം കരുതി, അവർക്കുവേണ്ടിയുള്ള തന്റെ കരുതലും സ്നേഹവും വെളിപ്പെടുത്തിയതു നോക്കുക. അവർ ക്ഷീണിക്കുമ്പോൾ യേശുവിന്റെ സ്നേഹം അവരുടെ ഹൃദയങ്ങളിൽ ആഴമായി പതിഞ്ഞുകാണും. "എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്വാൻ കഴികയില്ല" എന്ന വചനം കർത്താവു അവരുടെ തോൽവിയെ വിജയമായി രൂപാന്തരപ്പെടുത്തുമ്പോൾ അവർ പഠിച്ചു കാണണം.

9നു. (ഞാ.) യോഹ. 21. 15—25. ഒരു പിന്മാറ്റക്കാരനെ യഥാസ്ഥാനപ്പെടുത്തുന്ന ദൈവകൃപയുടെ ഒരു മനോഹര ദൃഷ്ടാന്തമാണു് ഈ ഭാഗത്തു കാണുന്നതു്. കുറ്റാരോപണമാകട്ടെ, കർത്താവിനെ തള്ളിപ്പറഞ്ഞ വിവരം സൂചിപ്പിക്കുകയുകട്ടെ ചെയ്തിട്ടില്ല. അന്നു പത്രോസിനെ കർത്താവു തിരിഞ്ഞു നോക്കിയതു (ലൂക്കാ. 22. 61) ധാരാളം മതിയായിരുന്നു. "ഞാൻ.....അവരുടെ പാപം ഓർക്കയുമില്ല" എന്ന വാഗ്ദത്തം ഏതു സത്യമാകുന്നു. (ഹോശെ. 14. 4. നോക്കുക).

10നു. (തി.) ആവർത്തനം 1. 1—17. ആവർത്തനപുസ്തകത്തിൽനിന്നു കർത്താവു ധാരാളം ഉദ്ധരിച്ചിട്ടുള്ളതുകൊണ്ടു ഈ പുസ്തകം തനിക്കു ഏറ്റവും പ്രിയപ്പെട്ടതായിരുന്നു എന്നു വിചാരിക്കാം. പരീക്ഷയിൽ ഉപയോഗിച്ച വാക്യം മൂന്നും (8. 3; 6. 16, 6. 13) ആവർത്തനപുസ്തകത്തിൽനിന്നായിരുന്നു. യിസ്രായേല്യരുടെ മരുഭൂമിയാത്രയുടെ നാല്പതാം വർഷത്തിൽ മോശെ ചെയ്യുന്ന പ്രസംഗങ്ങൾ ആകുന്നു ഈ പുസ്തകത്തിൽ പ്രധാനമായി കാണുന്നതു് (1—4. 40; 5. 1—26. 19; 27—29). ഇന്നത്തെ ഭാഗത്തെ 17-ാം വാക്യം സൂക്ഷിക്കുക. വലിയവരോടും ചെറിയവരോടും മുഖപക്ഷം കൂടാതെ നീതിയോടെ പെരുമാറുവാൻ നമുക്കു ആഗ്രഹിക്കാം. (യാക്കോ. 2. 1—4).

M. M.

നമ്മുടെ സമുദ്ധാരകനായ മിഷ്യൻ

മക്ഷിണേന്ത്യാസഭയോടുള്ള ചാപ്പുവാ മിഷ്യൻ എന്ന പേരു സുപരിചിതവും പല മഹാഭടവകകർക്കും വിദൂരദേശത്തെ ആ പ്രാരംഭ വേലയോടുള്ള ബന്ധം ഒരു നിക്ഷേപമായുമിരുന്നു. ദൈവവചനം വഹിച്ചുകൊണ്ടു ലോകത്തിന്റെ അറുതികളിലും സുവിശേഷം പ്രസംഗിപ്പാൻ സാധ്യമായല്ലൊ എന്നുള്ളതിൽ നാം ആഹ്ലാദിക്കയാണ് ചെയ്യുന്നതു്. അതിനാൽ റവ. സത്യനേശൻ ജോസഫിന്റെ മരണവും മിസ്സസ്സ് ജോസഫിന്റെ മടങ്ങിവരവും അത്യന്തം സങ്ക

ടകരമായിപ്പോയി. സമുദ്ധാന്തരസഭയുടെ പേക്ഷ ശ്രീ ജോസഫ് തന്റെ ജീവനെ ത്യാഗം ചെയ്യുകയും തന്റെ സാക്ഷ്യവും ദൃഷ്ടാന്തവും എല്ലാവർക്കും പ്രചോദനകാരണമായി ഭവിക്കയും ചെയ്തു.

തദനന്തരം ഒരിന്ത്യാക്കാരനെയും മിഷ്യനറിയത്നത്തിനോ മറ്റേതെങ്കിലും കാര്യത്തിനോ പാപ്പുവായിൽ വാസമാക്കുന്നതിനനുവദിക്കുന്നതല്ല. ആസ്ത്രേലിയൻ ഗവൺമെന്റിന്റെ ഈ നയത്തിന്റെ പിന്നിൽ ഏതു നല്ല ഉദ്ദേശമുണ്ടായിരുന്നാലും ആസ്ത്രേലിയൻ അധികാരികൾക്കു പാപ്പുവൻ ജനതയിലുള്ള ക്ഷേമാശംസ എത്രതന്നെ ആയിരുന്നാലും ഇന്ത്യാക്കാരായ നമുക്ക് അതിനെപ്പറ്റി വലിയ ആശങ്കയാണുള്ളത്. സുവിശേഷത്തിനു ഒരു പ്രതിബന്ധം ഭവിച്ചെന്നും സഭയുടെ ആലോകപ്രസ്താവനയ്ക്കു തടസ്സം നേരിട്ടിരിക്കുന്നെന്നുമാണു വന്നിരിക്കുന്നത്.

ആസ്ത്രേലിയൻ ഗവൺമെന്റു അവലംബിച്ച ഈ നില ശരിയായി ഗ്രഹിക്കുന്നതിനും നമ്മുടെ മനോഭാവം അവരെ ഗ്രഹിപ്പിക്കുന്നതിനും വലിയ ശ്രമം ചെയ്യേണ്ടിയിരുന്നു. ഉന്നതതലങ്ങളിൽ അതിനെപ്പറ്റി ബോധിപ്പിച്ചതിന്റെ ഫലമായി ഗവൺമെന്റിനു ക്രിസ്ത്യൻ മിഷ്യൻ പ്രവർത്തനം തടയണമെന്നുദ്ദേശമില്ലെന്നും പാപ്പുവായിലെ കുടിയേറ്റനയം നിഷ്കർഷം പാലിപ്പാൻ നിർബ്ബന്ധിതരാണെന്നും വ്യക്തമായി. ഏതായാലും ഇന്ത്യയിൽനിന്നുള്ള മിഷ്യനറി ദമ്പതിമാർക്കു മൂന്നുവർഷം അവിടെ താമസിച്ചു പ്രവർത്തിക്കുന്നതിനുള്ള അനുമതി നല്കുകയും ചെയ്തു. ഈ വാർത്ത കേട്ട മാത്രയിൽ അടഞ്ഞ വാതിൽ തുറന്നല്ലൊ എന്നുള്ള സന്തോഷമാണ് ഇന്ത്യയിലാദ്യമുണ്ടായത്. എന്നാൽ കൂടുതലായി ചിന്തിച്ചപ്പോൾ മൂന്നു വർഷത്തേക്കു മാത്രം ഒരു മിഷ്യനറിക്കും പതിക്കുമുള്ള അനുമതി മക്ഷിണേന്ത്യസഭയ്ക്കു പല പ്രശ്നങ്ങൾക്കും കാരണമാകുമെന്ന ബോദ്ധ്യമാകുകയാണുണ്ടായത്.

1. അനുമതിയോടുകൂടെ മാത്രമേ വിലക്കു പ്രസ്താവിച്ചിട്ടില്ലെങ്കിലും മൂന്നു വർഷത്തിന്റെ ശേഷം അനുമതി തുടരുമെന്നു നിശ്ചയമില്ല.

2. മൂന്നു വർഷത്തെ വാസത്തിൽ ഒരു പുതിയ ഭാഷ പഠിക്കയും പാപ്പുവൻ സംസ്കാരവും രീതികളും പരിചയിക്കയും ചെയ്തശേഷം താമസം തുടങ്ങുന്നതു കഷ്ടമാണ്.

3. ഗാവുയോൺ ഒരു ഏകാന്തസ്ഥലമാകയാൽ ഒരു കൂട്ടുകൂടാതെ ഒരു മിഷ്യനറി പ്രവർത്തിക്കുന്നതു യുക്തമല്ലെന്നുള്ള വസ്തുതമോഡറേറ്റർ 1954-ൽ പാപ്പുവാ സന്ദർശിച്ചപ്പോൾ ബോദ്ധ്യമായതാണ്. ചുരുങ്ങിയ കാലത്തെ അനുമതി അതിനു ബാധകമാണ്.

4. ഗവൺമെന്റനുമതി അംഗീകരിച്ചുകൊണ്ടു ഒരു മിഷ്യനറിയേയും പത്നിയേയും പാപ്പുവായിലേക്കയച്ചു അവിടത്തെ സാദ്ധ്യതകൾ ആരായുന്നതു പ്രത്യക്ഷത്തിൽ നന്നെന്നു തോന്നിയാലും അങ്ങനെ ധനം വ്യയം ചെയ്യുന്നതുകൊണ്ടുള്ള പ്രയോജനം മക്ഷിണേന്ത്യയുടെ പാപ്പുവാ മിഷ്യനു വേണ്ട ധനസമാഹരണത്തിനുള്ള സാധ്യതകൾ നിശ്ചയമില്ലാത്ത ഒരു നയം പരീക്ഷിക്കുകയായിരിക്കും അതു.

സി. എസ്സ്. ഐ. പ്രവർത്തനകമ്മറിയുടെ ഉപദേശപ്രകാരം മിഷ്യൻ ബോർഡിന്റെ നിർവ്വാഹകകമ്മറി ഹ്രസ്വകാലത്തേക്കുള്ള അനുമതി സ്വീകരിക്കുമെന്നു തീരുമാനിക്കയും എന്നാൽ പാപ്പുവായിലുള്ള ക്രൈസ്തവസമൂഹത്തിനുവേണ്ടി തുടർന്നു പ്രാർത്ഥിക്കണമെന്നും നമ്മുടെ സമുദ്ധാന്തരമിഷ്യനുവേണ്ടിയുള്ള ദാനങ്ങൾ കൊടുത്തുകൊണ്ടിരിക്കയും ചെയ്യണമെന്നഭ്യർത്ഥിക്കുന്നു. ഒരു പാപ്പുവൻ യുവാവിനെ വരുത്തി വൈദികസെമ്മനാരിയിൽ പരിശീലിപ്പിക്കുന്നതിനു സർജോസഫ് സ്മാരകവേതനം നല്കുന്നതിനുള്ള ധനം ഇപ്പോൾ ശേഖരിച്ചുകൊണ്ടിരിക്കയാണ്. ഇതു റവ. സത്യജോസഫിന്റെയും പത്നിയുടെയും മിഷ്യനറിപ്രസ്ഥാനം പുരോഗമിപ്പിക്കുന്നതിനുള്ള ഒരു സൂചിതമാർഗ്ഗമാണു തന്നെ.

അധികരിച്ച മിഷ്യനറിയത്നം

ദക്ഷിണപൂർവ്വേഷ്യയിലും ആഫ്രിക്കായിലും മിഷ്യനറിപ്രയത്നത്തിനുള്ള സാദ്ധ്യതകളെപ്പറ്റി അന്വേഷണം നടത്തിയതിന്റെ ഫലമായി പല രാജ്യങ്ങളിലും സി. എസ്സ്. ഐ. പ്ര

വത്തകൾ വാതിൽ തുറന്നിരിക്കുന്നതായ റിപ്പോർട്ടുകൾ കിട്ടിട്ടുണ്ട്. നമ്മുടെ പ്രവർത്തകർ എവിടെയും പോകുന്നതിനു സന്നദ്ധരാണ്. മിഷ്യൻവയലുകളെക്കുറിച്ചുള്ള തീരുമാനം ഏതാനും മാസങ്ങൾക്കുള്ളിൽ ചെയ്യപ്പെടുന്നതായിരിക്കും. മിഷ്യനറിമാരായി പോകുന്നവർക്കുള്ള ചെലവുകൾ വഹിക്കുന്നതായിരിക്കുന്നതുകൊണ്ടു ധനശേഖരം ഇപ്പോഴെ തുടങ്ങേണ്ടതാണു. നമുക്കു വിശ്വാസത്തോടെ വേണ്ടതു പ്രവർത്തിപ്പാൻ സന്നദ്ധരാകാം. ദൈവം പ്രാപ്തിപ്പെടുത്തും.

നമ്മുടെ സ്വന്തം കായ്യം
സ്വദേശമിഷ്യൻ പ്രത്യേക പിരിവു

ഈ വർഷത്തെ സ്വദേശമിഷ്യൻ പ്രത്യേകപിരിവു ആഗസ്റ്റ് 26നു ഞായറാഴ്ച ആണല്ലൊ എടുക്കേണ്ടതു. ആ ഞായറാഴ്ചത്തെ സ്തോത്രകാഴ്ചയും കുട്ടികൾ മുഖേനയുള്ള പ്രത്യേക പിരിവു മുഴുവനും സ്വദേശമിഷ്യനുവേണ്ടിയുള്ളതാണെന്നു വീണ്ടും ഓർപ്പിച്ചുകൊള്ളട്ടെ. ചില സഭകളിൽ നിന്നും, അന്നത്തെ ഞായറാഴ്ചപ്പിരിവു കുട്ടംതന്നെ അയയ്ക്കുന്നില്ല. മറ്റു ചില സഭകളിൽനിന്നും യാതൊരു പ്രത്യേക ശ്രമവും നടത്താതെ അന്നു ലഭിക്കുന്ന സ്തോത്രകാഴ്ച മാത്രം അയയ്ക്കുന്നുണ്ടു. ചില ഉപസഭകളിൽ ഇപ്രകാരം ഒരു പിരിവു നടത്തുന്നതായിട്ടുപ്പോലും അറിയുന്നില്ല. സംഭവങ്ങൾ എല്ലാം മാറിവരുന്ന ഭാരതത്തിൽ നമ്മുടെ സ്വന്തം കർത്തവ്യങ്ങൾ നാം മറക്കുകയോ ഉപേക്ഷയായി വിചാരിക്കുകയൊ ചെയ്യുന്നുവെങ്കിൽ നിശ്ചയമായും ഭാവിതലമുറ നമ്മെ കുറ്റപ്പെടുത്താതിരിക്കയില്ല. മഹൃപ്രദേശത്തും, ബീഹാറിലും സുവിശേഷവേലയുടെ നേരെയുള്ള ക്ഷണികളുടെ ശബ്ദം നാം കേൾക്കുന്നുണ്ടു. നമുക്കു ഉണർന്നു പ്രവർത്തിക്കാം. നമ്മുടെ കഴിവുകളും താലന്തുകളും ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായി നമുക്കു പരമാവധി ഉപയോഗിക്കാം. ഉണർന്നെഴുന്നേൽക്കുന്ന ഭാരതത്തിനു ക്രിസ്തുവിന്റെ മഹത്വസുവിശേഷം നമുക്കു മാനം ചെയ്യാം. നാം മശിഹായ്ക്കുവേണ്ടി എന്തുകൊടുക്കും? പണമോ, പ്രാർത്ഥനയോ, പ്രയത്നമോ? നമ്മുടെ കുടുംബങ്ങളിൽ സ്വന്തം നാട്ടിലെ സുവിശേഷവേലക്കുവേണ്ടി ഒരു അണയെങ്കിലും കൊടുക്കാത്ത ഒരു കുഞ്ഞുപോലും ഉണ്ടാകാതിരിക്കട്ടെ. എല്ലാവരും സണ്ടെസ്ക്കൂൾ കുഞ്ഞുങ്ങളും, യൂത്തുലീഗുകാരും, യുവതീസമാജവും, സുവിശേഷവേലയുടെ പ്രചരണത്തിനു ഒരു സംഘടനയായി ചേർന്നിനു സഹായിക്കട്ടെ.

സ്വന്തം അനുഭവത്തിൽനിന്നു രണ്ടു വാക്കു. ഒരു വർഷം 9 രൂ. 14 ണ വേരപ്പു സ്കൂൾസമൂഹത്തിനു കൊടുത്ത ഒരു ഇടവകയിൽനിന്നും ഉത്സാഹിപ്പിച്ചപ്പോൾ പിറ്റെ വർഷം 128 രൂ. 8 ണയും രണ്ടു മാസത്തിനുള്ളിൽ ആ ഇടവകയിൽനിന്നും ബില്ലിഗ്രഹാം മിഷ്യനു 143 രൂ. 8 ണയും പിരിച്ചെടുക്കുവാൻ സാധിച്ചു. പഴയ താരിപ്പിൽ നാം സംഗതികളെ വിക്ഷിക്കാതെ പുതിയ ശ്രമങ്ങൾ നടത്തിയാൽ വളരെ അധികം സാധിക്കും, നിശ്ചയം. കുട്ടികൾ ഈ പ്രാവശ്യം അയയ്ക്കുന്നതല്ല. അവിടവിടെ കുട്ടികൾ വാങ്ങി വിതരണം ചെയ്യുകയോ, മറ്റു മാർഗ്ഗങ്ങൾ ഡിസ്കരിച്ചോ ഇതിനു വേണ്ടി പ്രത്യേക ശ്രമം നടത്തണമെ എന്നു അഭ്യർത്ഥിക്കുന്നു.

29-7-1956, കുട്ടിക്കൽ, മാത്യു മാത്യു, സെക്രട്ടറി; സ്വദേശമിഷ്യൻ.

സണ്ടെസ്ക്കൂൾ വാർഷികം

കോട്ടുകുളത്തു കുതിരവട്ടം സണ്ടെസ്ക്കൂളിന്റെ വാർഷിക സമ്മേളനം ഈ മാസം 1-൦നു ഞായറാഴ്ച വൈകൽ 3 മണിക്കു ഇടവകപ്പട്ടക്കാരൻ റവ. വി. ഇ. മത്തായി അവർകളുടെ അദ്ധ്യക്ഷതയിൽ ടി പള്ളിയിൽവച്ചു നടത്തപ്പെട്ടിരിക്കുന്നു. തദവസരത്തിൽ കെ. സി. ചാണ്ടപ്പിള്ള തന്നാണ്ടത്തെ റിപ്പോർട്ടു വായിക്കുകയും ശ്രീമാൻ കെ. സി. ശേഖു ബി. എ., സി. എം. ജോൺ ബി. എ., റവ. വി. തോമസ്സു ബി. എ. എന്നിവർ ആനന്ദകരങ്ങളായ ഓരോ പ്രസംഗങ്ങൾ നട

ത്തുകയും ശ്രീമാൻ കെ. ജെ. പത്രോസു കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു. കുട്ടികൾക്കു അദ്ധ്യക്ഷൻ സമ്മാനദാനം നിർവ്വഹിച്ചു. ബാലികാബാലന്മാരുടെ സംഗീതങ്ങളും പാഠംവായനകളും ഇടയ്ക്കിടയ്ക്കു ഉണ്ടായിരുന്നു. അന്നേദിവസം കുട്ടികൾക്കായുള്ള കായ്പിസല്ക്കാരവും നടത്തപ്പെട്ടു.

K. C. CHANDAPILLA.

മല്ലപ്പള്ളി ഡിസ്ട്രിക്ട് സണ്ടേസ്കൂൾ പരീക്ഷ—1956

ഇട്ടി കുഞ്ഞൻ സ്മാരക സമ്മാനങ്ങൾ

മദ്ധ്യവകുപ്പു്.

1. സി. ജെ. വറുഗീസു, പരിയാരം.
2. & മറിയമ്മ ജോൺ, പുന്നവേലി. 3. കെ. ജോർജ്ജ് തോമസ്, മല്ലപ്പള്ളി.

മി. എസ്. വി. ഐസക്കിന്റെ സമ്മാനങ്ങൾ

മദ്ധ്യവകുപ്പു്.

4. & ഏം. ഐ. ഇട്ടി, പുന്നവേലി. 5. പി. എൻ. ജോൺ, മല്ലപ്പള്ളി.

കുമാരവകുപ്പു്.

1. ആച്ചിയമ്മ മത്തായി, പുന്നവേലി. 3. & സോഫിയാമ്മ, കൊറ്റനാടു്.
2. നൈനാൻ തോമ്മസു, പുന്നവേലി. 4. സി. ഐ. കോശി, മല്ലപ്പള്ളി.

5. കെ. ഐ. മേരിക്കുട്ടി, കീഴ്വായ്പൂര്.

1957 മാർച്ചുമാസത്തിൽ അടുത്ത പൊതുപരീക്ഷ നടത്തുന്നതാണു്.

കെ. സി. ചാക്കോ കൺവീനർ.

സണ്ടേസ്കൂൾ കത്തു്

പ്രിയ സ്നേഹിതരേ,

അഖിലലോക സണ്ടേസ്കൂൾ കൗൺസിലിന്റെ വകയായി സണ്ടേസ്കൂൾ കുട്ടികളുടെ ഉപയോഗത്തിലേക്കു "യേശു എല്ലായിടങ്ങളിലുമുള്ള പൈതങ്ങളുടെ സ്നേഹിതൻ" എന്ന മനോഹരമായ പുസ്തകം അമേരിക്കയിൽത്തന്നെ അച്ചടിപ്പിച്ചു് ഇന്ത്യയിലോട്ടു അയച്ചിട്ടു ഇനിയും അധികമൊന്നും അയച്ചുകിട്ടുകയില്ല. അതുകൊണ്ടു് സണ്ടേസ്കൂൾ ആഫീസിൽ വന്നെത്തും. ആ പുസ്തകത്തിൽ പിന്നെ മനോഹരമായ ചിത്രങ്ങളും അവയെക്കുറിച്ചുള്ള കുറിപ്പുകളും ഒന്നിനു് അടുത്തായിരിക്കുന്നതു്. നമ്മുടെ സണ്ടേസ്കൂളുകളിൽ ശിശുപാഠപുസ്തകവും ബാല പാഠപുസ്തകവും ഉള്ള കുട്ടികൾക്കു എല്ലാവർക്കും അതിന്റെ ഓരോപ്രതി കൊടുക്കുന്നതു നന്നായിരിക്കും. ഈ പുസ്തകത്തിനു വില കൊടുക്കേണ്ട. എന്നാൽ തപാൽ ചെലവിലേക്കായി ഒരു പുസ്തകത്തിനു രണ്ടണാ വീതം ആവശ്യമുണ്ടു്. അതുകൊണ്ടു് പുസ്തകത്തിന്റെ പ്രതികൾ ആവശ്യമുള്ളവർ എണ്ണവും മേല്പറഞ്ഞ നിരക്കിനുള്ള തുകയും അയച്ചുതന്നാൽ മൽക്കുട്ടിഓർഡർ ചെയ്തു വരുത്തി തരാവുന്നതാണു്. ഈ പുസ്തകംതന്നെ ഇംഗ്ലീഷിലും ഉണ്ടു്. അതിനും വ്യവസ്ഥകൾ മേല്പറഞ്ഞതുതന്നെയാണു്.

കുമാരവകുപ്പു് മൂന്നാംവർഷം (ഈ യാണ്ടിൽ ഉപയോഗിക്കേണ്ടതു്) അച്ചടിച്ചു തയ്യാറായിരിക്കുന്നു എന്നു അറിയിച്ചുകൊള്ളട്ടെ. ബാലപാഠപുസ്തകം രണ്ടാം വർഷവും തയ്യാറുണ്ടു്. ഇവ കൈവശം ഇല്ലാത്തവർ ഉടൻതന്നെ വാങ്ങിച്ചു ഉപയോഗിക്കാവുന്നതാണു്.

ഇനിയും അടുത്ത രണ്ടുമൂന്നുകൊല്ലത്തേക്കുള്ള പുസ്തകങ്ങൾ അച്ചടിപ്പിക്കേണ്ടതുണ്ടു്. അച്ചടിച്ച പുസ്തകങ്ങൾ വിറ്റുചിലവിഞ്ഞിട്ടു പുതിയതു അടിപ്പിക്കുന്നതു സാദ്ധ്യമല്ലല്ലൊ. അതുകൊണ്ടു കഴിഞ്ഞ രണ്ടുതവണയും അയച്ച അഭ്യർത്ഥന അനുസരിച്ചു പണം അയച്ചിട്ടില്ലാത്തവർ കഴിയുന്ന തുകകൾ അയച്ചു സഹായിക്കണമെന്നു വീണ്ടും അഭ്യർത്ഥിക്കുന്നു. ബാലജനപ്രസ്ഥാനത്തിന്റെ സ്നേഹാർത്ഥം അടച്ചിട്ടില്ലാത്തവർ ഇനിയും താമസിയാതെ അയച്ചുകൊടുക്കണമെ.

എന്നു്

പത്തനംതിട്ട
21-7-1956

സി. റ്റി. മാത്തു,
ജനറൽ സെക്രട്ടറി.

പൊൻകുന്നം സി. ഏസ്സ്. ഐ. സണ്ടേസ്ക്കൂളിന്റെ തന്നാണ്ടത്തെ വാർഷിക സമ്മേളനം ബഹുമാനപ്പെട്ട സി. റവി. മാത്യു അച്ചൻ അവർകളുടെ അദ്ധ്യക്ഷതയിൽ ജൂൺ 10-ാം തിയതി ഞായറാഴ്ച ഉച്ച കഴിഞ്ഞു് മൂന്നരമണിക്കു നടത്തപ്പെട്ടു.

പാട്ട്, മിസ്റ്റർ വി. ഏം. മക്കോസിന്റെ പ്രാർത്ഥന, കുട്ടികളുടെ സ്വാഗതഗാനം, സണ്ടേസ്ക്കൂൾ സൂപ്രണ്ടിന്റെ സ്വാഗതപ്രസംഗം, ഒരു സണ്ടേസ്ക്കൂൾകുട്ടിയുടെ സാധുകേണ്ട ഏഴു കായ്യങ്ങളെ അസ്സലുമാക്കിയുള്ള ഉപക്രമ പ്രസംഗം, സെക്രട്ടറി കെ. സി. മത്തായിയുടെ റിപ്പോർട്ടുവായന ഇവ കഴിഞ്ഞു റവ. ഏബ്രഹാം കോശിയച്ചൻ പ്രയോജനകരമായ ഒരു പ്രസംഗം ചെയ്തു. പിന്നീടു മുറപ്രകാരം പുസ്തകങ്ങളായിത്തന്നെ സമ്മാനദാനം നല്കി. ക്രമീകൃതമായ വിധത്തിൽ നടത്തിക്കൊണ്ടു പോകുന്ന ഈ സണ്ടേസ്ക്കൂളിന്റെ വാർഷിക സമ്മേളനത്തിൽ പങ്കു കൊള്ളാൻ സന്തോഷത്തെ സൂചിപ്പിച്ചുകൊണ്ടുള്ള ഉപസംഹാര പ്രസംഗം കഴിഞ്ഞു് ഖജാൻജി മിസ്റ്റർ ഏബ്രഹാം യോശുവാ കൃതജ്ഞതാപ്രകടനം നടത്തി. ഇടവകപ്പട്ടക്കാരന്റെ പ്രാർത്ഥന, ആശിർവ്വാദം ഇവ കഴിഞ്ഞു യോഗം മംഗളമായി അവസാനിച്ചു. കൂടിയിരുന്ന എല്ലാവർക്കും കാപ്പിസല്ക്കാരവും ഉണ്ടായിരുന്നു. ഇടയ്ക്കിടയ്ക്കു സണ്ടേസ്ക്കൂൾ കുട്ടികളുടെ സംഗീതവും ഉണ്ടായിരുന്നു എന്നുള്ളതും പ്രത്യേകം പ്രസ്താവ്യമത്രെ.

സണ്ടേസ്ക്കൂൾ വാർഷികം

വാളകം സണ്ടേസ്കൂളിന്റെയും ഡേസ്ക്കൂളിന്റെയും ഏകോപിച്ചുള്ള വാർഷികം മാർച്ച് 15നു- സ്ഥലം സ്ക്കൂളിൽവച്ചു് വിവിധ പരിപാടികളോടുകൂടി നടത്തപ്പെട്ടു.

10മണിയോടുകൂടി റവ. ഇ. ജെ. ചാക്കോ അദ്ധ്യക്ഷം വഹിച്ചു് സണ്ടേസ്ക്കൂൾ വിസിറ്ററുടെ സ്വാഗതപ്രസംഗത്തിനുശേഷം ഉപക്രമം നിർവ്വഹിച്ചു. അനന്തരം മെസ്സേഴ്സ് റവി. ജെ. ജോസഫ്, കെ. ജെ. ചാക്കോ, കുഴിയാനി മീഖായേൽ എന്നീ വ്യക്തികൾ പ്രസംഗങ്ങൾ നടത്തി. അദ്ധ്യാപകരും കുട്ടികളും ചേർന്നു് പാട്ടുകളും മറ്റു കലാപ്രകടനങ്ങളും നടത്തി. അനന്തരം അദ്ധ്യക്ഷൻ ഉപസംഹാരവും നടത്തി.

സഭാ ഉപദേശിയുടെ കൃതജ്ഞതയ്ക്കു ശേഷം 5 മണിയോടുകൂടി യോഗം അവസാനിച്ചു. ഒടുവിൽ സണ്ടേസ്ക്കൂളിന്റെയും ഡേസ്ക്കൂളിന്റെയും ഏകോപിച്ചുള്ള ചായസല്ക്കാരത്തിൽ അഞ്ഞൂറോളം ആളുകൾ സംബന്ധിച്ചിരുന്നു.

T. J. SAMUEL.

മി. കവിയൂർ റവി. ജെ. പത്രോസു ഉപദേശി നിര്യാതനായി

തിരുകൊച്ചിയുടെ നാനാഭാഗങ്ങളിലായി സമുദായഭേദമെന്യേ സുവിശേഷപ്രസംഗം നടത്തി സകലരുടെയും സ്നേഹബഹുമാനാദികൾക്കു പാത്രീഭൂതനായിരുന്ന കവിയൂർ റവി. ജെ. പത്രോസു ഉപദേശി അവർകൾ 1956 ജൂലൈ 24നു- ചൊവ്വാഴ്ച രാവിലെ 6 മണിക്കു തന്റെ 56-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രാപ്രാപിച്ചിരിക്കുന്നു.

പരേതന്റെ മാതാവു തന്നെ കർത്താവിന്റെ വേലയ്ക്കുവേണ്ടി ചെറിയ പ്രായത്തിൽ പ്രതിഷ്ഠിക്കുകയും കർത്തവേലയിൽ പങ്കെടുക്കുന്നതുകൂടിവിധം വേണ്ട ക്രമീകരണങ്ങൾ അനുദിനം വേണ്ടതിൽ ക്രമീകരിക്കുന്നതിനു ശ്രദ്ധാന്തി പ്രദർശിപ്പിച്ചുമിരുന്നു. അനുകൂലമല്ലാത്ത ഒരു പരിതസ്ഥിതി തന്റെ സ്ക്കൂൾ ജീവിതത്തിൽ നേരിട്ടതിനാൽ വിദ്യാഭ്യാസം വേണ്ടതുപോലെ പൂർത്തിയാക്കുന്നതിനു സാധിച്ചില്ല. പരേതന്റെ പിതാവു തന്റെ ചെറുപ്രായത്തിൽ തന്നെ മരിച്ചുപോയി. അതിനാൽ കുടുംബസംരക്ഷണാർത്ഥം താൻ കൂലിക്കായ്ക്കുടുമ്പിൽ ഏപ്പെട്ട ജീവിക്കയായിരുന്നു. മാതാവിന്റെ പ്രതിഷ്ഠയനുസരണമായ പ്രവർത്തനത്തിലേക്കു താൻ പ്രവേശിക്കുന്നില്ലല്ലോ എന്നുള്ള ചിന്താഭാരം മാതാവിനെ പ്രയാസപ്പെടുത്തിയിരുന്നു. അവരുടെ പ്രാർത്ഥനയുടെ ഫലമായി ഉയരത്തിൽനിന്നു കർത്തവേലയ്ക്കുള്ള ആഹ്വാനം ഉണ്ടാകയും വിവിധ കൃപാവരങ്ങളാൽ നിറയപ്പെട്ടവനായി 104-ാമാണ്ടു വൃശ്ചികം 22നു- മുതൽ സുവിശേഷവയൽപ്രദേശത്തിറങ്ങുകയും ചെയ്തു. കഴിഞ്ഞ 26വർഷക്കാലം തന്നെ ഏല്പിച്ച ശുശ്രൂഷ ആവോ

ഉം നിവൃത്തിക്കുകയും ലോകത്തിലുള്ള കഷ്ടം പറഞ്ഞതെവണ്ണം കർത്തവേല ചെയ്യുന്നതിനും സാധിക്കുകയും ചെയ്യു. ദൈവവചനം ലളിതമായ ഭാഷയിൽ ആക്കം മനസ്സിലാകത്തക്കവിധം ശ്രവണമാധുര്യത്തോടുകൂടെ പറയുന്നതിനു തനിക്കുണ്ടായിരുന്ന കഴിവു പ്രശംസനീയമത്രേ. പണ്ഡിതപാമര കുബേരകുചേല ഭേദമെന്യേ കർത്താവായ യേശുക്രിസ്തുവിനെ സാന്നഭവത്തിൽകൂടെ സാക്ഷികുകയും തന്മയത്വം സന്ദർഭോചിതമായ ഉദാഹരണം ഗാനാലാപം കാവ്യസമ്പുഷ്ടമായ ഫലിതരസം എന്നിവയാൽ കേൾവിക്കാരെ ക്രിസ്തുവിങ്കലേക്കു ഹഠാൽ ആകർഷിക്കുന്ന നിർമ്മലസുവിശേഷം പ്രസംഗിക്കുകയുമാണു ചെയ്തിട്ടുള്ളതു.

വി. മത്താ. 5-ാം അദ്ധ്യം 6-ാം വരെയുള്ള വാക്യങ്ങളിൽ പറയപ്പെട്ടിരിക്കുന്ന തിരുവചനങ്ങൾ തന്റെ പ്രസംഗങ്ങളിൽ അനുഭവപ്പെട്ടിരുന്നു. തന്റെ വേലയുടെ ഫലമായി സഭാവിഭാഗഭേദമെന്യേ അനേകരും കർത്താവിങ്കലേക്കു വരുന്നതിനും കർത്തവേലയിൽ സജീവമായി ഇന്നും പങ്കെടുത്തുകൊണ്ടിരിക്കുന്നു.

വിനയം, ദൈവഭക്തി; കൃതജ്ഞത, സേവനം മറ്റുള്ളവരെ ബഹുമാനിക്കുന്നതായ ഗുണഗണങ്ങൾ പരേതനിൽ വിളങ്ങിയിരുന്നു.

രണ്ടുവർഷക്കാലം രോഗബാധിതനായി താൻ കിടക്കയായിരുന്നു. ഈ രോഗക്കിടക്കയിൽ തന്റെ ആവശ്യങ്ങൾ നിവ്വഹിപ്പാൻ ദേശത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ദൈവമക്കൾ തങ്ങളുടെ പ്രാർത്ഥനകൊണ്ടും ഉദാരമായ സംഭാവനകളാലും സഹായിച്ചുകൊണ്ടിരുന്നു. 'കർത്താവിനു സ്തോത്രം' 1956 ജൂലൈ 22-നു രോഗം വർദ്ധിക്കയും 24-നു ചൊവ്വാഴ്ച പ്രഭാതത്തിൽ പ്രാർത്ഥനാനന്തരം കൂടിയിരുന്നവർ പാട്ടു പാടികൊണ്ടിരിക്കവെ താൻ നിത്യസ്ഥതയിലേക്കു പ്രവേശിക്കയുമാണു ചെയ്തതു. മരണവാർത്ത അറിഞ്ഞു പല സ്ഥലങ്ങളിൽനിന്നും ആളുകൾ വന്നു കൂടുകയും വിയോഗദുഃഖത്തിലിരുന്നവർക്കു വേണ്ട സമാധാനവാക്കുകൾ റവ. എ. എൻ. മൈനാൻ അച്ചൻ പറകയും പ്രാർത്ഥന നടത്തുകയും ചെയ്തു. അനന്തരം പരേതന്റെ ഭവനത്തിൽവച്ചു മെസ്സേഴ്സ് പി. ജെ. ഐസക്കു, പി. പി. ചാക്കോ' തോമസ്, നെല്ലിമല, ലൂക്കോസു വല്ലംകുഴി, കെ. സി. മത്തായി എന്നിവർ ചരമപ്രസംഗം നടത്തുകയുണ്ടായി. 3മണിയോടുകൂടെ പരേതനെയും വഹിച്ചുകൊണ്ടു ഒരു വലിയ ജനാവലി വിലാപയാത്രയായി കണിയാമ്പാറ സി. എസ്സ്. ഐ. പള്ളിയിൽ ചെന്നു. റവ. സി. സി. ചാക്കോ പള്ളിയിൽവച്ചുള്ള ശുശ്രൂഷ നടത്തുകയും സങ്കീ. 116. 15. ആധാരമാക്കി. റവ. എ. എൻ. മൈനാൻ ശ്രുതേയവും ഹൃദയസ്പർശകവുമായ ചരമപ്രസംഗം നടത്തിയശേഷം രണ്ടച്ചന്മാരുടെയും സഹകരണത്തിൽ പള്ളിസെമിത്തേരിയിൽ 5മണിക്കു ശവമടക്കു നടത്തപ്പെടുകയും ചെയ്തു. ദുഃഖത്തിലിരിക്കുന്നവർക്കു സർവ്വശക്തൻ സമാധാനം നല്കുന്നതിനുവേണ്ടി ഏവരുടെയും പ്രാർത്ഥനയെ അഭ്യർത്ഥിക്കുന്നു.

പാറടി,
26-7-'56.

കെ. സി. മത്തായി,
സഭാപ്രവർത്തകൻ.

ലോകസമാധാനം സാദ്ധ്യമോ?

ലോകസമാധാനനിർണ്ണായകമായ ജനീവാസമ്മേളനം ചതുർശക്തി നേതാക്കന്മാരാൽ ജൂലായി 18—23 വരെയുള്ള ദിവസങ്ങളിൽ നടന്നുകഴിഞ്ഞിരിക്കയാണല്ലൊ. റഷ്യാ, ബ്രിട്ടൻ, ഫ്രാൻസു എന്നീ രാജ്യങ്ങളിലെ പ്രധാന മന്ത്രിമാരും, അമേരിക്കൻ പ്രസിഡൻറ് ഐസനോവറും അത്രെ ഈ സമ്മേളനത്തിലെ നേതാക്കന്മാർ. ചരിത്രപ്രസിദ്ധമായ ഈ നേതാക്കന്മാരുടെ കോൺഫ്രൻസിൽ നാലു പ്രത്യേക കാര്യങ്ങളെ അത്രെ ആലോചനാവിഷയമാക്കിയിരുന്നതു്. (1) ജർമ്മനിയുടെ പുനരേകീകരണം. (2) യൂറോപ്പിന്റെ സുരക്ഷിതത്വ ഉടമ്പടി. (3) നിരായുധീകരണം. (4) പാശ്ചാത്യപൗരസ്ത്യബന്ധം. ഇവയിൽ ജർമ്മനിയുടെ പുനരേകീകരണവും, യൂറോപ്പിന്റെ സുരക്ഷിതത്വ ഉടമ്പടിയും നേതാക്കന്മാ

രുടെ ആലോചനയിൽ പരാജയപ്പെട്ടുകയും, അവരെപ്പറ്റി കൂട്ടതലായി ആലോചിപ്പാൻ വിദേശമന്ത്രിമാർക്കു വിട്ടുകൊടുക്കയും ചെയ്തു. ഏതാണ്ടു ഒരാഴ്ചക്കാലത്തെ ആലോചനയ്ക്കുശേഷം തിരിച്ചെത്തിയ പ്രസിഡൻറ് ഐസനോവർ അമേരിക്കൻ ജനതയോടു പ്രസ്താവിച്ചതു ഇപ്രകാരമാണ്. പുതിയ സമ്പർക്കം പുലർത്താൻ കഴിഞ്ഞു. ജനീവാ സമ്മേളനത്തിൻറെ ഫലം എന്താണെന്നു ആർക്കും ഇപ്പോൾ നിശ്ചയമില്ല. അടുത്ത ഏതാനും മാസങ്ങൾക്കകം അറിവാൻ കഴിയും. അതുപോലെ റഷ്യൻ പ്രധാനമന്ത്രി, റഷ്യൻ ജനതയോടു പ്രസ്താവിച്ചതു ഇപ്രകാരമത്രെ. എല്ലാ പ്രശ്നങ്ങൾക്കും ജനീവാ സമ്മേളനം സത്വരപരിഹാരം കണ്ടുപിടിക്കുമെന്ന് ആരും പ്രതീക്ഷിക്കരുതു്. ഈ പ്രസ്താവനകൾ ഏറ്റവും വാസ്തവമായ കാര്യങ്ങളത്രെ. ഒരു കാലത്തു ഭിന്നാഭിപ്രായത്തിലും, എതിപ്പിലും കഴിഞ്ഞുകൂടിയ രാജ്യത്തിലെ പ്രതിനിധികൾ ഒന്നിച്ചു ഒരിടത്തു ഇരുന്നു ആലോചനകൾ ചെയ്തു എന്നതു ഒരു അപൂർവ്വസംഭവം തന്നെയാണ്. എന്നാൽ ഈ ആലോചനകൾ വിജയകരമായിട്ടില്ല എന്നു പിന്നീടു കൂടിയ ചതുർശക്തി വിദേശമന്ത്രിമാരുടെ ആലോചന പരാജയപ്പെട്ടതോടുകൂടി ലോകജനതയ്ക്കു മനസ്സിലാക്കുവാൻ സാധിച്ചു. ജർമ്മനിയുടെ ഏകീകരണം മുതലായി, നേതാക്കന്മാർ വിദേശമന്ത്രിമാർക്കു വിട്ടുകൊടുത്ത വിഷയത്തിനു യോജിപ്പിൽ വരാൻ സാധിക്കാതവണ്ണം എതിർത്തതു റഷ്യൻ വിദേശമന്ത്രിയത്രെ. എന്നാൽ ഈ ആലോചനകൾ മനസ്സും വിജയകരമായിട്ടില്ലെന്നും, വിജയകരമാകയില്ലെന്നും, സൂക്ഷ്മമുള്ളവർ നമുക്കു മനസ്സിലാക്കുവാനുണ്ട്. ലോകത്തിലെ വൻകിട നേതാക്കന്മാരായ ഇവർ സമാധാനത്തിനായി ആലോചിക്കുന്നു. സമ്മേളനത്തിൽ അമേരിക്കൻ പ്രസിഡൻറ് തൻറെ രാജ്യത്തിൻറെ ആയുധശാല ഉറപ്പു കാണിക്കുമെന്നു ഉറപ്പു പറയുന്നു. റഷ്യയുടെ ആയുധശാല അപ്രകാരം കാണിപ്പാൻ പ്രസിഡൻറു റഷ്യയെ മാടിവിളിക്കുന്നു. ജനീവാ സമ്മേളനത്തിൽ ബ്രി. പ്രധാനമന്ത്രി സർ അന്തോണി ഈഡൻ പ്രസ്താവിച്ചതു ബ്രിട്ടൻ "ഷൈഡ്റജൻ ബോംബു" ഇപ്പോൾ ഉണ്ടാക്കുന്നുണ്ടു് എന്നാണ്. ലോകസമാധാനത്തിനുവേണ്ടിയുള്ള യത്നം ഒരു വശത്തുകൂടെ പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ മൈവത്തിൻറെ അപ്രമേയങ്ങളായ പരിപാടികൾ മറുവശത്തുകൂടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ലോകസമാധാനത്തിനായി പാശ്ചാത്യദേശത്തുകൂടെ വിലസി തിരിച്ചെത്തിയ ഇൻഡ്യൻ പ്രധാന മന്ത്രി ശ്രീ നെഹ്റു പ്രസ്താവിച്ചതു പാശ്ചാത്യരാജ്യത്തു സമാധാനശ്രമം എത്രയും ശോചനീയാവസ്ഥയിൽ വിജയിക്കുമെന്നു തനിക്കു ഉറപ്പുണ്ടു് എന്നാണ്. സമാധാനം എന്നു പറഞ്ഞു മനുഷ്യരെ അന്ത്യകാലത്തു അനേകർ ആശ്വസിപ്പിക്കുവാനും സ്വാധീനപ്പെടുത്തുന്നതിനും ശ്രമിക്കും. അവർ സമാധാനമെന്നും, നിർഭയമെന്നും പറയുമ്പോൾ ഗർഭിണിക്കു പ്രസവവേദന വരുന്നതുപോലെ പെട്ടെന്നു നാശം വന്നു ഭവിക്കും. 1തെസ്സ. 5. 3. ലോകത്തിനു സമാധാനം കൊടുക്കേണ്ടതു കർത്താവാകുന്നു. കർത്താവു സമാധാനത്തിൻറെ ദാതാവാകുന്നു. 2 തെസ്സ. 3. 16; യോഹ. 14. 27. അതുകൊണ്ടു രാഷ്ട്രനേതാക്കന്മാരാൽ സമാധാനം ലോകത്തിനു കൊടുപ്പാൻ കഴികയില്ല. മാനുഷികമായ പരിപാടിയെക്കാൾ, മൈവത്തിൻറെ ശാശ്വതപരിപാടിയത്രെ ലോകാരംഭം മുതൽ ഇന്നുവരെ നിലനില്ക്കുന്നതു്. ലോകത്തിനു സമാധാനമുണ്ടാകയില്ലെന്നു മൈവത്തിൻറെ പരിപാടിയിൽ മനുഷ്യനു വെളിപ്പെടുത്തിയിരിക്കുന്ന ബൈബിൾ മുഖേന മനസ്സിലാക്കുവാനുണ്ടു്. ദാനിയേൽ പ്രവചനത്തിൽ ദാനിയേലെ ഇതു അന്ത്യനാളിലേക്കു മുദ്ര ഇട്ടിരിക്കുന്നു എന്നു മൈവം കല്പിക്കുന്നു. ദാനീ. 12. 9. നെബൂഖദ്നേസർ രാജാവു ദർശിച്ച സ്വപ്നത്തെക്കുറിച്ചു ദാനീയേൽ 2. 31—35 വരെ കാണുന്നു. അതിൻറെ തല തങ്കംകൊണ്ടായിരുന്നു. ഇതു ബി. സി. 606—538 വരെ നിലനിന്ന ബാബിലോൺ സാമ്രാജ്യമാണ്. നെഞ്ചും ഭുജവും വെള്ളികൊണ്ടു്. ഇതു ബി. സി. 538—331 വരെ നിലനിന്ന മേദ്യപേർഷ്യാ രാജ്യത്തെ കുറിക്കുന്നു. തുടകൾ താമ്രംകൊണ്ടു. ഇതു ബി. സി. 331—168 വരെ നിലനിന്ന ഗ്രീസു സാമ്രാജ്യത്തെയും, കാൽ പാതി ഇരുമ്പും, പാതി കളിമണ്ണും ബി. സി. 168—എ. ഡി. 476 വരെ നിലനിന്ന റോമാസാമ്രാജ്യത്തെയും കുറിക്കുന്നു. റോമാസാമ്രാജ്യം ഇരുമ്പുപോലെ ബലമുള്ളതായിരിക്കും. ഇരുമ്പു സകലത്തെയും തകർക്കുന്നു. തകർക്കുന്ന ഇരുമ്പുപോലെ അവ

കൈയും ഇടിച്ചു തകർത്തുകളയുന്നു. ദാനീ. 2. 40. റോമാസാമ്രാജ്യം ഈ പ്രവചനം എത്രയും നിറവേറി തങ്കം, വെള്ളി, താമ്രം ഇവകൊണ്ടുള്ള സാമ്രാജ്യങ്ങളെ നിശ്ശേഷം തകർത്തുകളഞ്ഞു. ഈ സാമ്രാജ്യത്തെ ജയിപ്പാൻ ഒരു സാമ്രാജ്യം ഉണ്ടാകയില്ല. എന്നാൽ ഈ സാമ്രാജ്യം അനേകം ചെറുരാജ്യങ്ങളായി തിരികെയും അതു അന്ത്യകാലംവരെയും നിലനില്ക്കയും ചെയ്യും. കാലും, കാൽവിരൽ പാതി ഇരുമ്പും കളിമണ്ണും ഇടകലർന്നതായി കാണുന്നതു് അവർ മനുഷ്യബീജത്താൽ തമ്മിൽ ഇടകലരുമെങ്കിലും ഇരുമ്പും കളിമണ്ണും തമ്മിൽ ചേരാതിരിക്കുന്നതുപോലെ അവർ തമ്മിൽ ചേരുകയില്ല. ദാനീ. 2. 43. ഇന്നു യൂറോപ്പിൽ കാണുന്ന ചെറുരാജ്യങ്ങളായ ജർമ്മനി, ഫ്രാൻസു, ഇംഗ്ലണ്ടു മുതലായ രാജ്യങ്ങൾ ഒക്കെയും റോമാസാമ്രാജ്യത്തിൽനിന്നും പിരിഞ്ഞ കഷണങ്ങളത്രെ. ഈ പ്രവചനം ശരിയെങ്കിൽ അതു അന്ത്യകാലംവരെ തമ്മിൽ ചേരാതെ, സമാധാനപരരായി ഭയങ്കരിക്കാതെ, നിലനില്ക്കേണ്ടതാകുന്നുവെന്നു ദൈവത്തിന്റെ തിരുവചനം നമ്മെ ഓർപ്പിക്കുന്നു. ഛിന്നഭിന്നമായ റോമാസാമ്രാജ്യത്തിന്റെ രാജ്യങ്ങൾ എല്ലാംകൂടെ ഒന്നായി ചേർപ്പാൻ 8-ാം ശതാബ്ദത്തിൽ ചാർലിമെയിനും, 16-ാം നൂറ്റാണ്ടിൽ ചാൎൽസ് പഞ്ചമനും, 18-ാം നൂറ്റാണ്ടിൽ ലൂയി പതിനാലാമനും, 19-ാം നൂറ്റാണ്ടിൽ നെപ്പോളിയൻ ബോണപ്പാർട്ടും, 20-ാം നൂറ്റാണ്ടിൽ കൈസറും, ഹിറ്റ്ലറും ആഗ്രഹിച്ചു. എന്നാൽ രണ്ടാം ലോകമഹായുദ്ധംകൊണ്ടും അതു സാധിച്ചില്ല. ഈ വിഭിന്നമായ രാജ്യങ്ങൾ ഇങ്ങനെ നിലനില്ക്കുമ്പോൾ ഇതിനെ എല്ലാം അടക്കി ഭരിക്കുന്ന ഒരു രാജ്യതന്ത്രം ഉണ്ടാകേണ്ടിയിരിക്കുന്നു. ആ രാജതന്ത്രം ദാനീ. 2. 44 കാണുന്ന സ്വർഗ്ഗസ്ഥനായ ദൈവം ഒരുനാളും നശിക്കുകയില്ലാത്ത രാജ്യം സ്ഥാപിക്കുന്നതത്രെ. അതു സ്ഥാപിക്കുവോളം ലോകത്തിനു ഇനിയും സമാധാനം ഉണ്ടാകയില്ല. സമാധാനം കൊടുക്കുവാൻ രാഷ്ട്രത്തിനോ രാഷ്ട്രീയനേതാവിനോ സാദ്ധ്യമല്ല.

ഇപ്പോൾ നമ്മുടെ ശ്രദ്ധയിൽപെട്ടുകൊണ്ടിരിക്കുന്ന ഒരു കാര്യം കൂടെ പ്രസ്താവിച്ചുകൊള്ളട്ടെ. ഇൻഡ്യൻ പ്രധാനമന്ത്രി നെഹ്രുവിന്റെ സമാധാനയജ്ഞം ലോകജനതയെ ഒന്നടങ്കം ആകർഷിച്ചിട്ടുള്ളതാണല്ലൊ. എന്നാൽ ഇൻഡ്യയിലെ ഇപ്പോഴത്തെ സ്ഥിതി എന്താണു. സമാധാനത്തിനായി നിലകൊള്ളുന്ന രാഷ്ട്രത്തിൽ, ഗോവാസമരത്തിൽ, എത്ര എത്ര പേരാണു രക്തസാക്ഷികളായിത്തീർന്നതു്. ഇതു സമാധാന ലക്ഷ്യമോ? ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഭാഷയുടെ അടിസ്ഥാനത്തിന്മേൽ സംസ്ഥാനങ്ങൾ സംവിധാനം ചെയ്യുന്ന കാര്യത്തിലുള്ള വഴക്കുകളും മറ്റും അസംഖ്യമത്രെ. ഭാഷാ അടിസ്ഥാനത്തിന്മേൽ പുതിയ സംസ്ഥാനങ്ങൾ രൂപവല്ക്കരിക്കുമ്പോൾ എത്ര എത്ര പേർ മരിക്കേണ്ടതായിട്ടു വന്നേക്കാം. അടുത്ത സമയത്തു തോട്ടപ്പള്ളിപ്രദേശത്തുവച്ചു മലയാളിയും തമിഴനുംതമ്മിൽ, ഭാഷായടിസ്ഥാനത്തിന്മേലുള്ള സംസ്ഥാനസംവിധാനത്തെക്കുറിച്ചു തർക്കം ഉണ്ടാകയും അതു് ഒടുവിൽ, ഒരുവൻ അപരനെ കുത്തിക്കൊല്ലുന്നതിനും ഇടയാക്കി എന്നു വർത്തമാനപത്രങ്ങളിൽ കാണാൻ ഇടയായതാണല്ലൊ. ഇതത്രെ ലോകസമാധാനത്തിന്റെ ലക്ഷ്യം. രാഷ്ട്രീയ നേതാക്കന്മാർ കൊടുക്കുന്ന സമാധാനത്തിന്റെ അവസ്ഥ. ലോകത്തിനു സമാധാനം കൊടുക്കുവാൻ അതുന്നതനായ ദൈവത്തിനല്ലാതെ മറ്റാർക്കും ഒരുനാളും കഴികയില്ല. ഇതൻ പറഞ്ഞ വാക്കു് "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ളവൎക്കു സമാധാനം." ലൂക്കൊ. 2. 14. രാഷ്ട്രീയ നേതാക്കന്മാർ സമാധാനമുണ്ടെന്നു ക്രിസ്ത്യാനി വിശ്വസിച്ചാൽ, ഗാന്ധിജി ഉയിർത്തെഴുന്നേല്ക്കുമെന്നു ചില ക്രിസ്ത്യാനികൾ വിശ്വസിച്ചതുപോലെ ഇരിക്കും.

Neezhoor. JOHN VARKEY.

'എന്റെ സമ്പത്തെന്നു ചൊല്ലുവാൻ എന്നു രീതി'

1. കാൽവറിയിലേഴകൾക്കായ് ജീവനേകിയ
നാഥനേ ഞാൻ വാഴ്ത്തിപ്പാടുന്നേൻ
മുൾമുടി നീ ചൂടുവതിൻ കാരണം ഈയേഴയല്ലോ
വൻ കുരിശു ചുമന്നിട്ട ക്ഷീണനായിത്തീർന്നാഥാ — കാൽ

2. കാൽവറിയിൽ നീ ചൊരിഞ്ഞതാം-തങ്കരുധിരം
പോക്കിയെന്റെ പാപഭാരങ്ങൾ

എന്തു നിനക്കേകിടും ഞാൻ എന്നെ വിണ്ടെടുത്തതോർത്താൽ
തന്നീടുന്നേനെൻ ഹൃദയം ഇന്നു മുതൽ നിൻ കരത്തിൽ—കാൽ

3. വൻവിനകൾ വന്നീടുന്നേരം എൻ കാന്തനെ നീ
താങ്ങിടേണെ വീണിടാതെന്നെ.

ഏകുക നിൻ വൻ കൃപകൾ മേലിലും വസിച്ചീടുവാൻ
ഏറിടുന്നേ ക്ലേശമെന്നിൽ ഈശനേ, നീ കാത്തിടേണെ—കാൽ

4. മേഘത്തേരിൽ ദൂതരൊടൊത്തു വന്നെത്തിടുവാൻ
എന്തിനിത്ര താമസം നാഥാ

കാന്തനോടു ചേർന്നുവാഴാൻ-പൊൻമുഖം കണ്ടാനന്ദിപ്പാൻ
എന്നെനിക്കു സാദ്ധ്യമോ എൻ പൊന്നുനാഥാ വന്നിടേണെ—കാൽ

K. S. GEORGE.

കഴിഞ്ഞ വർഷത്തെ S. S. L. C. പരീക്ഷാഫലങ്ങൾ

സ്കൂൾ	ക്ലാസ്സിലെ എണ്ണം	പരീക്ഷയിൽ കൂടിയവർ	പാസ്സായവർ	വിജയശതമാനം	ഒന്നാം ക്ലാസ്സ്
കുമ്പഉാംപൊയ്ക	79	65	38	58. 46	2
കോഉജ് ഹൈസ്കൂൾ	112	110	72	65. 5	14
പത്തം	33	33	24	72. 7	2 III
മല്ലപ്പള്ളി	113	83	43	52.	3
നെടുങ്ങാപ്പള്ളി	73	53	33	62. 3	1
മാവേലിക്കര ബി. എച്ച്.	106	106	60	56. 6	5
കുഴിക്കാലാ	77	69	44	64.	1
മുണ്ടക്കയം	68	67	36	53. 7	1
മേലുകാവു	60	42	18	42. 8	1
കോട്ടയം ബി. എം.	67	67	51	76. 1	6 II
പത്തം ബി. ഐ.	39	39	32	82.	4 I

കറനാണം വിവരങ്ങൾ ലഭിച്ചിട്ടില്ല

അദ്ധ്യാപകപരിശീലന പരീക്ഷാഫലങ്ങൾ

സി. എൻ. ഐ.	51	50	42	84
ബി. ഐ.	48	48	37	77